# A Training Package in the Development of Higher Order Skills in Reading and Writing in Mother Tongue at Secondary Level for South Indian Official Languages.

## MALAYALAM

एन सी ई आर टी
NCERT

REGIONAL INSTITUTE OF EDUCATION, MYSORE
2016

## Acknowledgements

NCERT, New Delhi has given an opportunity to take up this programme and supported in all manners to complete it. I sincerely thank the authorities.
Prof D G Rao, principal RIE, Mysore stood in support and encouraged always in a positive way.
Prof V D Bhatt Dean of Instructions always guided in the task.
Prof G Viswanathappa , Head , DEE, gave a dynamic support and helped in all the needy hours to complete the programme.

Prof K V V L Narasimha Rao and Prof Sam Mohan Lal supported the programme continuously . They provided rich inputs in the material prepared.

Prof M Balakumar and Dr Vijayalakshmi Patil CIIL, Mysore ,

Prof Prema Raghavan, Dr V Prasad, Dr Karunakaran B Shaji, Mr K Suresh Kumar, Dr Sarvesh Mourya from DESSH, RIE Mysore,

Dr Somasekhar, PGT Kannada, DM School,

Dr Sanna Papayya , Guest Faculty in Kannada,

Mr CH V S N Sarma, Mr Rambabu from Andhra Pradesh,

Mr R Raj and Mr A Balakrishnan from Tamil Nadu,

Mr Ranjith Marcose, Sister N C Jessy and M V Mathew from Kerala

extended their kind support in the programme.

I sincerely thank them all.

Programme Co ordinator:
Dr P R Harinath,
Assistant Professor in Telugu,
DESSH, Regional Institute of Education, Mysore

Team members:

Kannada: Dr Vijayalakshmi Patil,
Dr Somasekhar
Dr Sanna Papayya

Malayalam: Mr Ranjith Marcose
Mr M V Mathew
Sister N C Jessy
Dr V Prasad

Tamil : Prof Sam Mohan Lal,
Prof M Balakumar
Mr K Suresh Kumar
Mr R Raj
Mr A Balakrishnan

Telugu:
Dr P R Harinath
Prof K V VL Narasimha Rao
Mr Ch V S N Sharma
Mr Rambabu

# സെക്കൻററിതല മാതൃഭാഷാപഠനത്തിൽ വായന, എഴുത്ത് എന്നീ മേഖലകളിലെ ഉയർന്ന ഭാഷാശേഷിവികസനവുമായിബന്ധപ്പെട്ട പരിശീലനപരിപാടി

# മലയാളം


തയ്യാറാക്കിയവർ:
ശ്രീ. രഞ്ജിത്ത് മർക്കോസ്.
ശ്രീ. എം. വി. മാത്യു.

Programme co-ordinator: Dr. P.R. Harinath Asst. Prof. RIEM.

**Prepared and Submitted by:**

**Sri. Ranjith Markose. HSA,**
**Santhome HSS, Kolakkad,**
**Kannur Dt. Kerala State-670674.**
**09447684222.**

**Sri. M. V. Mathew . HSA,**
**PEM H S,Thiruvanchoor,**
**Kottayam Dt. Kerala State.**
**09447689895.**

**Sr. Jessy N.C. Asst.Prof.**
**PKM College, Madambam,**
**Kannur Dt. Kerala State.**
**09446165905**

# സെക്കൻററിതല മാതൃഭാഷാപഠനത്തിൽ വായന(Reading), എഴുത്ത്(Writing) എന്നീ മേഖലകളിലെ ഉയർന്ന ഭാഷാശേഷിവികസനവുമായിബന്ധപ്പെട്ട പരിശീലനപരിപാടി

## ആമുഖം

സ്കൂൾ വിദ്യാഭ്യാസത്തിന്റെ എല്ലാ ഘട്ടങ്ങളിലും ഭാഷാപഠനത്തിന്റെ പ്രാധാന്യം ഏറെ ഗൗരവമായി പരിഗണിക്കപ്പെടുന്ന കാലമാണിത്. അത് സംസ്കാരത്തിന്റെയും ചിന്തയുടെയും ഭാവനയുടെയും പുതുവഴികളിലേക്കുള്ള ചൂണ്ടുപലകയാണ്. ബുദ്ധിവികാസത്തിനും, യുക്തിചിന്ത വളർത്താനും, ഭാഷാപഠനം കൂടിയേ തീരു . ഭാഷാർജ്ജനത്തിന്റെ ആദ്യഘട്ടത്തിൽ കുട്ടിയിൽ പ്രബലമായി രൂപപ്പെടുന്ന ഭാഷയാണ് മാതൃഭാഷ. കുട്ടിയുടെ വികാരവിചാരങ്ങളേയും പ്രതികരണങ്ങളേയും പ്രതിഫലിപ്പിക്കാൻ കഴിയുന്ന ഉചിതമായ മാധ്യമമാണിത്. അനുഭവത്തിന്റെ ചൂടും ചൂരും നിറഞ്ഞ രചനകൾ ആവിഷ്ക്കരിക്കാൻ, സൂക്ഷ്മഭാവനകളെ പ്രതിഫലിപ്പിക്കാൻ എല്ലാത്തിനും മാതൃഭാഷ കൂടിയേതീരു. അതിനാൽ സ്കൂൾ വിദ്യാഭ്യാസത്തിൽ മാതൃഭാഷയുടെ സ്ഥാനം വളരെ വലുതാണ്.

## മലയാള ഭാഷയും ഇന്ത്യൻ ഭരണഘടനയും

ഇന്ത്യൻ ഭരണഘടനയുടെ 344(1), 351 എന്നീ ആർട്ടിക്കിളുകളിലാണ് ഭാഷയുടെ എട്ടാം പട്ടികയെക്കുറിച്ച് പറയുന്നത്. ഭരണഘടനയുടെ രൂപീകരണസമയത്ത് 14 ഭാഷകളാണ് ഈ പട്ടികയിൽ ഉണ്ടായിരുന്നത്. ഇപ്പോൾ 22 ഭാഷകൾ ഉണ്ട്. ആദ്യ 14 ഭാഷകളിൽ ഒന്നാണ് മലയാളം. രണ്ട് കാരണങ്ങളാണ് മലയാളം ഈ പട്ടികയിൽ ഉൾപ്പെടുത്തുന്നതിന് സഹായിച്ചത്. ഒന്ന്, ഈ ഭാഷയ്ക്ക് രണ്ടായിരം വർഷത്തെ പഴക്കം (ചരിത്രം) ചരിത്രകാരന്മാർ കണ്ടെത്തിയിട്ടുണ്ട് എന്നതാണ്. രണ്ടാമതായി,

അന്നുണ്ടായിരുന്ന 35 കോടി ജനത്തില് ഒന്നേകാൽ കോടി ആളുകൾ സംസാരിക്കുന്ന ഭാഷയായിരുന്നു മലയാളം. ഈ കാരണങ്ങളൊക്കെയാണ് മലയാള ഭാഷയ്ക്ക് ശ്രേഷ്ഠഭാഷാ പദവി കിട്ടാൻ പിന്നീട് സഹായിച്ചതും. ഈ ഭാഷയുടെ മഹത്വം മനസ്സിലാക്കാൻ മലയാളികളായ നമുക്ക് സാധിക്കേണ്ടതുണ്ട്.

ഒരു ജനാധിപത്യരാജ്യമെന്ന നിലയിൽ ഇന്ത്യയിലെ എല്ലാ ഭാഷകളും അംഗീകരിക്കപ്പെടേണ്ടിയിരിക്കുന്നു. ഭാഷാടിസ്ഥാനത്തിൽ വിഭജിക്കപ്പെട്ട രാജ്യമാണ് നമ്മുടേത്. അധികാരം വികേന്ദ്രീകരിച്ച് താഴെത്തട്ടു വരെ എത്തിയെങ്കിലും ഭാഷയുടെ വൈവിധ്യത്തെയോ, അതിന്റെ അസ്ഥിത്വത്തെയോ, അത് വിനിമയം ചെയ്യുന്നവരുടെ സംസ്കാരിക ഭൂമികയെയോ പൂർണമായി അംഗീകരിക്കാൻ ഇതു വരെ കഴിഞ്ഞിട്ടില്ല. ഏതൊരു ഭാഷയുടെയും ചരിത്രപരവും സാമൂഹികവും സൗന്ദര്യപരവുമായ അംശങ്ങളെ കണ്ടില്ലെന്ന് നടിക്കാനാവില്ല. അധികാരവും ഭാഷയും തുല്യമായി അംഗീകരിക്കുന്നിടത്ത് മാത്രമേ ജനാധിപത്യം അതിന്റെ പൂർണ്ണതയില് എത്തിച്ചേരൂ എന്ന് നാം തിരിച്ചറിയേണ്ടിയിരിക്കുന്നു. ആയതിനാൽ എല്ലാ സംസ്ഥാന ഭാഷകളെയും അംഗീകരിക്കുകയും, ഭരണഘടനയുടെ എട്ടാം പട്ടികയിൽ ഉൾപ്പെടുത്തി സംരക്ഷിക്കുകയും അഖിലേന്ത്യാ തലത്തിൽ നടത്തപ്പെടുന്ന എല്ലാ മത്സര പരീക്ഷകളും അവരവരുടെ സംസ്ഥാന ഭാഷയിൽ എഴുതുന്നതിനുള്ള അവസരം ഒരുക്കുകയും ചെയ്താൽ മാത്രമേ നമ്മുടെ ജനാധിപത്യത്തിന്റെ കാതൽ നഷ്ടപ്പെടാതിരിക്കുകയുള്ളൂ.

## മാതൃഭാഷ

ഒരു കുഞ്ഞിന്റെ ആദ്യഭാഷ എന്ന നിലവിൽ മാതൃഭാഷ അവരുടെ വ്യക്തിത്വത്തിന്റെയും സാമൂഹികതയുടെയും സംസ്കാരത്തിന്റെയും അടയാളമാണ്. സംസാരത്തിന്റെയും പെരുമാറ്റത്തിന്റെയും സാമൂഹിക ക്രമങ്ങളെ വിജയകരമായി നേടുന്നതിനും പ്രതിഫലിപ്പിക്കുന്നതിനും മാതൃഭാഷ കൂടിയേ തീരൂ. മാതൃഭാഷയെ തള്ളിപ്പറയുന്നവർ ഒരു കുട്ടിയുടെ

സ്വാതന്ത്ര്യത്തെയും ദേശബോധത്തെയുമാണ് കുഴിച്ചുമൂടുന്നത്. മാതൃഭാഷ നന്നായി ഉപയോഗിക്കുന്ന ഒരാൾക്ക് മാത്രമേ മറ്റ് ഭാഷകൾ ഗ്രഹിക്കാനും ഉപയോഗിക്കാനും സാധിക്കൂ. ഒരു വ്യക്തിയുടെ ചിന്തയെ നിയന്ത്രിക്കുന്നത് അയാളുടെ മാതൃഭാഷയാണ്. ലോകത്തിന്റെ മാറ്റത്തിനും വികസനത്തിനും കാരണഭൂതരായ വിഖ്യാത ശാസ്ത്രജ്ഞന്മാരും, പണ്ഡിതരും, സാമൂഹ്യപ്രവർത്തകരും, രാഷ്ട്രനേതാക്കളുമെല്ലാം അവരവരുടെ മാതൃഭാഷയിൽ വിദ്യാഭ്യാസം നേടിയവരാണ്. മാത്രമല്ല, അവർ മാതൃഭാഷയുടെ പ്രാധാന്യത്തെ ഊന്നിപ്പറയുകയും ചെയ്യുന്നുണ്ട്.

പുത്തൻ തലമുറ മാതൃഭാഷയെ മറന്ന് അന്യഭാഷകളുടെ പിറകേ പോകുന്നതിനേ ഒരു തരത്തിലും ന്യായീകരിക്കാനാവില്ല. അതിന് ഉത്തരവാദികൾ പലപ്പോഴും അവരുടെ മാതാപിതാക്കളാണെന്നതാണ് സത്യം. മാതാപിതാക്കളെയാകട്ടെ നിലവിലുള്ള സാമൂഹ്യ സാഹചര്യം സ്വാധീനിക്കുന്നുണ്ടുതാനും. ഒരാൾക്ക് ഏത് ഭാഷയും പഠിക്കാം, പ്രയോഗിക്കാം. പക്ഷെ, അതിനൊക്കെ പ്രചോദനമാകേണ്ടതും അന്യഭാഷാപഠനത്തിലേയ്ക്ക് നയിക്കേണ്ടതും മാതൃഭാഷാവബോധത്തില് നിന്നായിരിക്കണം. മാതൃഭാഷ പഠിക്കാതെ മറ്റൊരു ഭാഷ പഠിക്കുകയും അത് ജീവിതത്തിൽ പ്രയോഗിക്കുകയും ചെയ്യുന്ന വ്യക്തിക്ക് പലപ്പോഴും ജീവിതത്തിന്റെ ഉയർന്ന തലങ്ങളിലേയ്ക്ക് എത്തിപ്പെടാൻ വിഷമമായിരിക്കും. മാത്രമല്ല, അതൊരു വേദനയായി ജീവിതാവസാനം വരെ മനസ്സിൽ നിലനില്ക്കുകയും ചെയ്യും.

## ഭാഷാ പഠനം

ഭാഷ അടിസ്ഥാനപരമായി ആശയവിനിമയോപാധി മാത്രമാണ്. കാര്യങ്ങൾ ഗ്രഹിക്കാനും പ്രകടിപ്പിക്കാനുമുള്ള ഏറ്റവും എളുപ്പമുള്ള വഴിയാണ് ഭാഷയിലൂടെ നമ്മുക്ക് തുറന്ന് കിട്ടുന്നത്. ആ അർത്ഥത്തില് ഏതൊരു ഭാഷാപഠനവും നല്ലതും സ്വീകാര്യവുമാണ്. എന്നാൽ, മാതൃഭാഷ എന്നത് ഒരു ആയവിനിമയോപാധി എന്നതിനപ്പുറം സംസ്കാരത്തിന്റെ

വിനിമയോപാധി കൂടിയാണ്. ഒരു പ്രദേശത്ത് ജനിച്ച് വളരുന്ന ഒരു ജനവിഭാഗത്തിന്റെ സംസ്കാരികാടിത്തറ ആ പ്രദേശത്തെ ഭാഷയാണ്. ആ സംസ്കാരത്തെ ഒരു തലമുറയിൽ നിന്ന് അടുത്ത തലമുറയിലേയ്ക്ക് പകർന്നുകൊടുക്കുന്നത് അവരുടെ മാതൃഭാഷയിലൂടെയാണ്. മാതൃഭാഷയെ ഉപേക്ഷിക്കുകയോ തള്ളിപ്പറയുകയോ ചെയ്യുന്നവർ, ഒരു ഭാഷയെയല്ല ഒരു സംസ്കാരത്തെയാണ് തള്ളിപ്പറയുകയോ ഉപേക്ഷിക്കുകയോ ചെയ്യുന്നത്. മാതൃഭാഷയിലെ ശബ്ദങ്ങൾ, ഉച്ചാരണ രീതി, പദങ്ങൾ, ശൈലികൾ, പഴഞ്ചൊല്ലുകൾ, കടംകഥകൾ, നാടോടി കഥകൾ, നാടൻപാട്ടുകള് തുടങ്ങിയവയെല്ലാം ആ സംസ്കാരവുമായി ബന്ധപ്പെട്ടവയാകയാൽ ഒരു ഭാഷയില്ലാതെ ഒരു സംസ്കാരത്തിന് നിലനില്ക്കാനാവില്ല.

## മാതൃഭാഷാ പഠനം

എല്ലാ മനുഷ്യർക്കും മാതൃഭാഷയുണ്ട്. ആ ഭാഷ പഠിക്കുകയല്ല ആർജിക്കുകയാണ് ചെയ്യുന്നത്. ഇങ്ങനെ നേടിയെടുക്കുന്ന ഭാഷാശേഷി ഓരോരുത്തരുടെയും വ്യക്തിത്വ രൂപീകരണത്തിൽ വലിയ പങ്കാണ് വഹിക്കുക. ഏതെങ്കിലുമൊരു സ്ത്രീയിൽ ജനിച്ച് അമ്മയില്ലാതെ വളരുന്നതുപോലെയാണ് മാതൃഭാഷ പഠിക്കാതെ വളരുന്ന ഒരാൾ. മാതൃഭാഷയുടെ സ്ഥാനത്ത് മറ്റൊരു ഭാഷയെ പ്രതിഷ്ഠിക്കുമ്പോൾ അത് കൂടുതൽ അപകടകരമാകുകയും ചെയ്യും. അതുകൊണ്ട് മാതൃഭാഷാ പഠനം ഏതൊരു വ്യക്തിയുടെയും ജീവിതത്തിലെ ഒഴിച്ചുകൂടാനാകാത്ത ഒന്നാണ് എന്ന് നാം തിരിച്ചറിയണം. ഗൂഗിവാ തിയോംഗോ എന്ന കെനിയൻ എഴുത്തുകാരൻ ഇങ്ങനെ പറയുന്നു, "ശരീരത്തെ കീഴ്പ്പെടുത്താനേ വെടിയുണ്ടകൾക്കാകൂ, മനസ്സിനെ കീഴ്പ്പെടുത്താനുള്ള ആയുധം ഭാഷയാണ്

ഇംഗ്ലീഷ് ഭാഷയോടോ, സമാനമായ ഏതൊരു ഭാഷയോടും നമുക്ക് ഉണ്ടാകുന്ന അമിതഭ്രമം നമുക്ക് നമ്മുടെ വ്യക്തിത്വവും സംസ്കാരവും നഷ്ടപ്പെടുന്നതിന് കാരണമായിത്തീരും. ആയതിനാൽ നമ്മുടെ സംസ്കാരത്തെ നിലനിർത്താനും അതിന്റെ പാരമ്പര്യത്തെ മുറുകെപിടിക്കാനും അതിലൂന്നി

നമ്മുടെ വ്യക്തിത്വം രൂപപ്പെടുത്താനും നമ്മൾ മലയാള ഭാഷയെ സ്നേഹിക്കാനും അതിനെ സംരക്ഷിക്കുകയും ചെയ്യേണ്ടിയിരിക്കുന്നു.

## മാതൃഭാഷയിലുള്ള പഠനം

പഠനമെന്നാൽ പുതിയ അറിവുകൾ ആർജിക്കലോ, നിലവിലുള്ള അറിവിനെയോ, സ്വഭാവത്തെയോ, കഴിവിനെയോ, മൂല്യങ്ങളെയോ മെച്ചപ്പെടുത്തുകയോ ശക്തിപ്പെടുത്തുകയോ ചെയ്യുന്ന പ്രവർത്തനമാണ്. ഇതിന് ഭാഷ കൂടിയേ തീരൂ. ഏത് ഭാഷയും അതിനുള്ള മാധ്യമമായി സ്വീകരിക്കാം. വിദ്യാഭ്യാസത്തിന്റെ പ്രാഥമിക ഘട്ടങ്ങളിൽ ജീവിതത്തിനാവശ്യമായ അടിസ്ഥാന വിവരങ്ങൾ ആർജിക്കുകയാണ് കുട്ടി ചെയ്യുന്നത്. ഭാഷയുടെയും സംസ്കാരത്തിന്റെയും ശാസ്ത്രത്തിന്റയും അടിസ്ഥാനം ഉറയ്ക്കേണ്ടതും ഈ കാലഘട്ടത്തിലാണ്. പ്രൈമറി തലം മുതൽ സെക്കണ്ടറി തലം വരെ കുട്ടി ഓരോ അറിവും നേടുന്നത് അവന്റെ പരിസരത്തോട് ബന്ധിപ്പിച്ചായിരിക്കും. കുട്ടി കാണുന്നതും കേൾക്കുന്നതും വായിക്കുന്നതും പറയുന്നതുമെല്ലാം തന്നിലേയ്ക്ക് സ്വീകരിക്കുകയും അവയുടെ ആഴത്തിനനുസരിച്ച് തന്നിൽ വ്യക്തിത്വത്തിനും അറിവിനും അടിത്തറയിടുകയും ചെയ്യുന്നു. ഇവിടെയാണ് സെക്കണ്ടറി തലം വരെയുള്ള പഠനമെങ്കിലും മാതൃഭാഷയിലാകണം എന്ന് പറയുന്നതിന്റെ പ്രസക്തി.

മാതൃഭാഷയിലുള്ള പഠനം കുട്ടിയുടെ ചിന്തയെയും ഭാവനയെയും ഉയർന്നതലത്തിലെത്തിക്കും . അറിവ് ബോധമായി ( **knowledge to wisdom** ) മനസ്സിൽ പതിഞ്ഞുകഴിഞ്ഞാൽ പിന്നീട് ഏത് ഭാഷാമാധ്യമത്തിലൂടെയും അതിനെ മെച്ചപ്പെടുത്താനും ശക്തിപ്പെടുത്താനും സാധിക്കും. ശാസ്ത്രനാമങ്ങളിലോ, സാങ്കേതിക പദങ്ങളിലോ തട്ടി അറിവിന്റെ അടിത്തറ പാകലിനെ തടസ്സപ്പെടുത്തുവാൻ പ്രാഥമിക തലത്തിൽ കുട്ടിക്ക് ഇടവന്നുകൂടാ. ഇത് തിരിച്ചറിഞ്ഞ ഒരു സമൂഹവും പ്രഥമിക വിദ്യാഭ്യാസം മാതൃഭാഷയിലല്ലാതെ നല്കില്ല.

## മാതൃഭാഷ - അടിസ്ഥാന നൈപുണികൾ ( Basic language skills)

ഭാഷയുടെ വ്യവഹാര രൂപം പ്രയുക്തഭാഷയാണ് (**applied language**). പ്രയുക്തഭാഷയുടെ നാല് പ്രകടനരൂപങ്ങളാണ് അടിസ്ഥാന നൈപുണികളിൽ നമുക്ക് കണ്ടെത്താൻ കഴിയുക.

1. ശ്രവണം ( **listening** )
2. ഭാഷണം (**speaking**)
3. വായന (**reading**)
4. എഴുത്ത് (**writing**)

എന്നിങ്ങനെ അടിസ്ഥാനഭാഷാശേഷികളെ നാലായി തരംതിരിച്ചിരിക്കുന്നു. ഇവയിൽ ശ്രവണവും, വായനയും ആശയസ്വീകരണവുമായി ബന്ധപ്പെട്ടിരിക്കുന്നതിനാല് അവയെ ആശയസ്വീകരണ ശേഷികൾ(**receptive skills**) എന്നും എഴുത്ത്, വായന എന്നിവ ആശയപ്രകടനവുമായി ബന്ധപ്പെട്ടിരിക്കുന്നതിനാല് ഇവയെ പ്രകടിതശേഷികൾ (**productive skills**) എന്നും വിശേഷിപ്പിച്ചിരിക്കുന്നു. മാതൃഭാഷഎന്ന നിലയിൽ ആശയ സ്വീകരണത്തിനും, ആശയപ്രകടനത്തിനും സ്വഭാവികമായി ധാരാളം അവസരങ്ങൾ കുട്ടികൾക്ക് ലഭിക്കുന്നുണ്ടെങ്കിലും അവയുടെ സൂക്ഷ്മതയും കൃത്യതയും ഉറപ്പാക്കുന്നതിന് വിദ്യാലയങ്ങളിൽ ആസൂത്രിതമായപഠനപ്രവർത്തനങ്ങള് അനിവാര്യമാണ്.

## മാതൃഭാഷയിലെ ഉയർന്ന നൈപുണികളും സെക്കന്ററിതല മാതൃഭാഷാപഠനസമീപനവും

പ്രൈമറി തലത്തിൽ കുട്ടി ആർജ്ജിച്ച ഭാഷാ നൈപുണികളുടെ ഉയർന്ന തലമാണ് സെക്കന്ററി തലത്തിലെ ഭാഷാപഠനംകൊണ്ട് നേടേണ്ടത്.

-ഭാഷ ഉത്പാദിപ്പിക്കുന്നതിനുള്ള കുട്ടിയുടെ കഴിവുകള് പരമാവധി ഉപയോഗപ്പെടുത്തി ദൈനംദിന വ്യവഹാരമാതൃകകളും സർഗാത്മക പ്രവർത്തനങ്ങളും നടത്തുന്നതിനുള്ള അവസരം നൽകണം.

-ഭാഷയുടെ സൗന്ദര്യവും സർഗത്മകതയും തിരിച്ചറിഞ്ഞ്

സ്വതന്ത്രമായ ആവിഷ്ക്കാരങ്ങൾക്ക് അവസരം ഒരുക്കണം.

_ആനുകാലിക പ്രസിദ്ധീകരണങ്ങൾ മുതൽ വൈവിധ്യമാർന്ന സാഹിത്യരചനകൾവരെ വായിക്കുവാനും നിലപാടുകൾ രൂപപ്പെടു ത്താനും കുട്ടികൾക്ക് കഴിയണം .

-സ്വയം മനസ്സിലാക്കിയും കേൾവിക്കാർക്ക് മനസ്സിലാക്കി കൊടുത്തും വായിക്കാൻ കഴിയണം.

_ ഉൾക്കൊണ്ട ആശയത്തെ ഉയർന്ന ഭാഷാസാധ്യതകൾ പ്രയോജനപ്പെടുത്തിക്കൊണ്ട് (വ്യാകരണം, ചിഹ്നങ്ങൾ, പ്രയോഗങ്ങൾ, ശൈലികൾ) ഹൃദ്യമായ ഭാഷയിൽ എഴുതി അവതരിപ്പിക്കാൻ കഴിയണം.

_ ആശയവിനിമയത്തിൽ ഭാഷാശേഷികളുടെ പരിശീലനത്തിന് ഏറെ പ്രാധാന്യമുണ്ട് . പറയുന്നവൻ അറിയുകയും കേൾവിക്കാരന് മനസ്സിലാവുകയും വേണം . അക്ഷരസ്ഫുടത ,ആശയവ്യക്തത, സന്ദർഭോചിതമായ ഭാവ താള വ്യത്യാസം, ശരീരഭാഷ ഇവ ആശയവിനിമയത്തെ ശക്തവും മൂർത്തവും ആക്കുന്നു.

ഭാഷാശേഷികളുടെ ഉയർന്ന തലം ഒരു വ്യക്തിയുടെ ജീവിതത്തെ സർഗ്ഗാത്മകമാക്കിതീർക്കുവാന് സഹായിക്കുന്നതാണ്. ഒരോ വ്യക്തിയും വ്യത്യസ്തങ്ങളായ ശേഷികൾക്കുടമകളാണ്. അവയുടെ വികാസമാണ് വിദ്യാഭ്യാസം ലക്ഷ്യം വയ്ക്കുന്നത്. ഉയർന്ന തലത്തിലുള്ള വായനയാണ് ഒരു വ്യക്തിയെ ഉയർന്ന ചിന്തയിലേക്കും എഴുത്തിലേക്കും നയിക്കുന്നത്. ഈ ഉയർന്ന ചിന്താപരതയാണ് സർഗ്ഗാത്മകതയ്ക്കും സാമൂഹ്യ ജീവിതത്തിലും ശാസ്ത്രസാങ്കേതികരംഗത്തും വിപ്ലവങ്ങൾ സൃഷ്ടിക്കുന്നതിന് പര്യാപ്തമാക്കുന്നത്.

## വായന (Reading )

## വായന എന്ന പ്രക്രിയ (Reading process)

വായന യാന്ത്രികമായൊരു പ്രവർത്തനമല്ല. ഒന്നിലധികം നൈപുണികളുടെ സമാഹാരമാണത്. അക്ഷരങ്ങളുടെ ദൃശ്യരൂപത്തിൽനിന്ന് അർത്ഥതലത്തിലേക്കുള്ള വളർച്ച ഇവിടെ സാധ്യമാവണം. അതുകൊണ്ടാണ് വായനയെ ഒരു കല എന്നു വിളിക്കുന്നത്. **(Reading is an art.)**

വായനയിലൂടെ :-

- ആശയങ്ങൾ കണ്ടെത്തണം
- വസ്തുതകളും സങ്കൽപ്പങ്ങളും തിരിച്ചറിയണം
- ശൈലികളും ആലങ്കാരിക പ്രയോഗങ്ങളും വ്യാഖ്യാനിക്കണം
- അനുമാനങ്ങൾ കണ്ടെത്തണം
- സാധുത വിലയിരുത്തണം
- നിഗമനങ്ങളിൽ എത്തിച്ചേരണം

ഇപ്രകാരം നോക്കുമ്പോൾ നിരവധി നൈപുണികളുമായി ബന്ധപ്പെട്ടിരിക്കുന്ന ഒരു സങ്കീർണപ്രക്രിയയാണ് വായന. ഇവിടെ വായനയുടെ വിപുലമായ മേഖലകളും നം പരിഗണിക്കേണ്ടതുണ്ട്. കേവലം പാഠപുസ്തകവായന എന്നതിലപ്പുറം വായനയുടെ മേഖലകൾ ഇന്ന് അനന്തമാണ്. പത്രവാർത്തകള് , യാത്രാവിവരണങ്ങൾ, പ്രാദേശിക ‐ ദേശീയ വാർത്തകള്, വെബ് സൈറ്റുകളുടെ കൃത്യമായ ഉപയോഗം, ബ്ലോഗ് വായനകൾ , കുറിപ്പ് തയ്യാറാക്കൽ എന്നിവ അതിന്റെ പരിധിയിൽ വരും.

## വായനയുടെ ലക്ഷ്യങ്ങൾ

വായന ലക്ഷ്യോന്മുഖമായ ഒരു പ്രവർത്തനമാണ്. ഒരു വ്യക്തിയുടെ വായനയുടെ ഉദ്ദേശ്യലക്ഷ്യങ്ങൾ മറ്റൊരാളിൽനിന്ന് ഭിന്നമാണ്.

അറിവു നേടുന്നതിനായി വായനയിൽ ഏർപ്പെടാം. വായനയിലൂടെ ആനന്ദം ആഗ്രഹിക്കുന്നവരുണ്ട്. വായന ആത്മീയന്വേഷ ണവഴിയായി കണ്ടെത്തുന്നവരുണ്ട്. നിലവിലുള്ള അറിവുകളെ വിലയിരുത്താന് വായന

സഹായിക്കും. എഴുത്തുകാരന്റെ ഭാഷയെയും ശൈലിയെയും അപഗ്രഥിക്കാൻ വായന പ്രയോജനപ്പെടുത്താം.

ഇവയൊക്കെ വായനയുടെ ലക്ഷ്യങ്ങളാണെങ്കിലും പഠനവുമായി ബന്ധപ്പെട്ട കുട്ടികളുടെ വായനാതാത്പര്യങ്ങൾ അതിൽനിന്നും വ്യത്യസ്തമായിരിക്കും. കുട്ടികളുടെ താത്പര്യങ്ങൾ അവരുടെ അനുഭവങ്ങളുമായി ബന്ധപ്പെട്ടവയാണ്. സ്പോട്സ് മേഖലകളിൽ താത്പര്യമുള്ള കുട്ടികൾ പത്രത്തിലെ അത്തരം വാർത്തകളായിരിക്കും ആദ്യം വായിക്കുക. രസകരമായ കഥകളും കവിതകളും കുട്ടികൾ പലപ്പോഴും ഇഷ്ടപ്പെടാറുണ്ട്. ആനുകാലിക സംഭവങ്ങളോടുള്ള പ്രതികരണങ്ങളും അവർ ഇഷ്ടപ്പെടുന്ന മേഖലയാണ്. കുട്ടികളുടെ വായനാതാത്പര്യത്തിലെ ഈ വൈവിധ്യങ്ങൾ കണ്ടറിഞ്ഞുകൊണ്ടാവണം ഉയർന്ന വായനാനൈപുണികളുടെ വികാസം സാധ്യമാക്കേണ്ടത്.

## ഭാഷാനിയമങ്ങൾ പാലിച്ചുകൊണ്ടുള്ള വായന

വായന ആകർഷണീയവും ഗുണപരവുമാകണമെങ്കിൽ വായനയുടെ നിയമങ്ങൾ അനുസരിക്കേണ്ടതുണ്ട്. പലപ്പോഴും ഭാഷാപഠന ക്ലാസ്സിൽ ഇത്തരം ഭാഷാനിയമങ്ങൾ പാലിക്കുന്നതിൽ കുട്ടികൾ ശ്രദ്ധ വയ്ക്കാറില്ല. അതുകൊണ്ടുതന്നെ വാചികവായനയിൽ ഭാഷയുടെ തനിമയും സ്വാഭാവികതയും ചോർന്നുപോവുകയാണ് ചെയ്യുന്നത്.

## ഉച്ചാരണശുദ്ധി ഉറപ്പാക്കിയുള്ള വായന

സെക്കണ്ടറി തലത്തിലുള്ള ഭാഷാബോധനത്തിൽ ഏറെ ശ്രദ്ധ വേണ്ട ഒരു മേഖലയാണ് വായനയിലെ ഉച്ചാരണശുദ്ധി . അക്ഷരങ്ങളുടെ സ്വരസ്ഥാനങ്ങൾ തിരിച്ചറിയുകയും കൃത്യതയോടെ ഉച്ചരിക്കുകയും ചെയ്യുന്ന രീതിയാണത്. വായിക്കുന്ന ആളിന്റെ ശാരീരികാരോഗ്യവും , ഉച്ചാരണാവയവങ്ങളുടെ പ്രവർത്തനക്ഷമതയും മനോഭാവവും, മാനസികാരോഗ്യവും, പക്വതയും, അധ്യാപകരുടെ ഇടപെടലും ഉച്ചാരണശുദ്ധിയെ സ്വാധീനിക്കുന്ന ഘടകങ്ങളാണ്.

### ഉച്ചാരണത്തിൽ പതിവായി തെറ്റുവരുത്തുന്ന മലയാള അക്ഷരങ്ങൾ

| ക്രമ. നം | ശരിയായ അക്ഷരം | തെറ്റിക്കുന്ന രീതി | ശരിയായ പ്രയോഗം | തെറ്റായ പ്രയോഗം |
|---|---|---|---|---|
| 1 | ഖ | ക | നഖം | നകം |
| 2 | ച | ജ | വചനം | വജനം |
| 3 | ഠ | ട | പീഠം | പീടം |
| 4 | ഥ | ത | കഥ | കത |
| 5 | ഫ | പ | ഫലം | പലം |
| 6 | ഭ | ബ | ഭാരതം | ബാരതം |

### ഉച്ചാരണസാമ്യമുള്ള അക്ഷരങ്ങളിൽ തെറ്റുവരുത്തുന്ന രീതി

| ക്രം. നം | ശരിയായ അക്ഷരം | തെറ്റിക്കുന്ന രീതി | ശരിയായ പ്രയോഗം | തെറ്റായ പ്രയോഗം |
|---|---|---|---|---|
| 1 | ന്ദ | ന്ന | ചന്ദനം | ചന്തനം |
| 2 | ഞ്ജ | ഞ | വ്യഞ്ജനം | വ്യഞ്ഞനം |
| 3 | മ്പ | ംബ | കമ്പനം | കംബനം |
| 4 | ന്ഥം | ന്ത | ഗ്രന്ഥം | ഗ്രന്തം |
| 5 | ഷ്ഠം | ഷ്ട | ജേഷ്ഠൻ | ജേഷ്ടൻ |

വ്യത്യസ്ത അക്ഷരങ്ങളെ ഒരേ രീതിയിൽ ഉച്ചരിക്കുന്ന സമ്പ്രദായം മലയാളത്തിലുണ്ട്. 'അതിഖരം' എന്നും 'ഘോഷം' എന്നുമുള്ള ഈ വേർതിരിവുകള് പലപ്പോഴും മലയാളികൾ ഉച്ചാരണത്തിൽ ശ്രദ്ധിക്കാറില്ല. ഈ ഉച്ചാരണങ്ങൾ ക്രമപ്പെടുത്തുന്നതിനാവശ്യമായ ധാരാളം പദജോടികൾ

ക്ലാസ്സിൽ അവതരിപ്പിക്കുകയും വസ്തുനിഷ്ഠമായി പരിശോധിക്കുവാനുമുള്ള അവസരം കുട്ടികൾക്ക് നൽകുകയും വേണം.

**മാതൃക :-**

| | |
|---|---|
| ലേഖനം | രാഘവന് |
| മൂർച്ഛ | നിർത്ധരം |
| പീഠം | മൂഢന് |
| കഥ | രാധ |
| ഫലം | ഭയം |

ഭാഷാപഠനക്ലാസ്സിൽ പദസന്ദർഭത്തിൽനിന്നും അടർത്തിമാറ്റി ഉച്ചാരണപരിശീലനങ്ങൾ നൽകുന്നത് നിരർത്ഥകമായിട്ടാണ് കണ്ടുവരുന്നത്. അതുകൊണ്ടുതന്നെ പദത്തിന്റെ നിശ്ചിതസ്ഥാനങ്ങളില് ഒരോ അക്ഷരവും അണിനിരക്കുന്നത് ഉദാഹരിച്ചു കാണിക്കുന്ന പട്ടികകൾ കുട്ടികളെ പരിചയപ്പെടുത്താവുന്നതാണ്.

| ജ / ജ്ജ | ജ്ഞ | ഞ്‌ജ | ഞ്ച | ഞ്‌ഛ |
|---|---|---|---|---|
| ജനം | ജ്ഞാനം | അഞ്‌ജലി | സഞ്ചയനം | പിഞ്‌ഛിക |
| ജാതി | ജ്ഞാതി | സഞ്‌ജയൻ | പിഞ്ചി | വാഞ്‌ഛ |
| മജ്ജ | അജ്ഞൻ | ധനഞ്‌ജയൻ | വഞ്ചി | ലുഞ്‌ഛനം |
| വാഞ്‌ഛിതം | | കുഞ്‌ജം | വഞ്ചിതം | ലാഞ്‌ഛനം |

| ണ്ഡ | ണ്ട | ണ്‌ഠ |
|---|---|---|
| | | |

| | | |
|---|---|---|
| പണ്ഡിതൻ | പണ്ട് | കണ്ഠം |
| പാണ്ഡവൻ | കണ്ടം | കണ്ഠ്യം |
| പാണ്ഡ്യൻ | പാണ്ടി | കുണ്ഠിതം |
| കുണ്ഡിനം | ചാണ്ടി | ശുണ്ഠി |
| കുണ്ഡലം | വിണ്ടലം | ശണ്ഠ |

| **ഖ എഴുതേണ്ട വാക്കുകൾ** | **ഘ എഴുതേണ്ടവ** |
|---|---|
| ഖഗം<br>ഖചിതം<br>ഖജനാവ്<br>ഖടം | ഘടം<br>ഘണ്ട<br>ഘാതകൻ<br>അഘം |

| ഥ | ധ |
|---|---|
| ഗാഥ<br>നാഥ<br>കഥ<br>വ്യഥ | രാധ<br>ബാധ<br>വധു<br>വിധവ |

| ഫ | ഭ |
|---|---|
| ഫണം | ഭക്തി |
| ഫലം | ഭഗവാൻ |
| ഫലിതം | ഭയം |

| | |
|---|---|
| ഫാലം | ഭാവി |

| ഛ | ഝ |
|---|---|
| ഛർദ്ദം | ഝംകാരം |
| ഛായ | ഝടിതി |
| ഛിന്നം | ഝണഝണം |
| ഛേദിക്കുക | ഝഷം |

| ഠ | ഢ |
|---|---|
| ശഠൻ | മൂഢൻ |
| പീഠം | ഗാഢം |
| പാഠം | ഗൂഢം |
| കണ്ഠം | |

## ചിഹ്നങ്ങളുടെ ഉപയോഗവും വായനയും

**( Reading with punctution marks )**

ഭാഷയിൽ ഉപയോഗിക്കുന്ന ചിഹ്നങ്ങൾ എല്ലാം തന്നെ വായനയെ അർത്ഥപൂർണ്ണമായി നിയന്ത്രിക്കുന്നതിന് സഹായകമായ ഘടകങ്ങൾ ആണ്.

ഇത്തരം ചിഹ്നങ്ങളുടെ ഉപയോഗത്തെ അലസമായി കാണുന്നതുകൊണ്ടാണ് വാചികമായ വായന പലപ്പോഴും അരോചകമായി തോന്നുന്നത്.

പ്രധാനവായന നിയന്ത്രണ ചിഹ്നങ്ങൾ :-

അല്പവിരാമം , comma

അർധവിരാമം ; semi colon

അപൂർണ്ണവിരാമം : colon

പൂർണ്ണവിരാമം . period (full stop)

ഇതുകൂടാതെ ,

വാക്യത്തിൽ ആവശ്യമായ ആകാംക്ഷയും സ്വരഭേദവും സൃഷ്ടിക്കുന്നതിന് നാം ചോദ്യചിഹ്നങ്ങൾ (?) ഉപയോഗിക്കുന്നു.

വിസ്മയം , വിഷാദം , ആഹ്ലാദം, നിന്ദ, പരിഹാസം മുതലായ ഭാവഭേദങ്ങൾ വായനയിൽ ഉൾപ്പെടുത്താന് നാം ആശ്ചര്യചിഹ്നം ചേർത്തുപയോഗിക്കുന്നു (! )

ചിഹ്നങ്ങളുടെ സഹായത്തോടെ വായന മെച്ചപ്പെടുത്താനായി നൽകിയിരിക്കുന്ന ചില പ്രവർത്തനമാതൃകകള് ശ്രദ്ധിക്കുക. വായനയിൽ കുട്ടികളിവ എത്രമാത്രം പാലിക്കുന്നുണ്ട് എന്ന് കണ്ടെത്തി വിലയിരുത്തുക . ശരിയായ വായനാരീതി പരിശീലിപ്പിക്കുക.

**പ്രവർത്തനം 1**

കഷ്ടം! ഈശ്വരൻ മനുഷ്യർക്കായി ശുദ്ധവായു തരുന്നു; നിയമം അതിനെ അവർക്ക് വിലയ്ക്കുവിൽക്കുന്നു: ഞാൻ നിയമത്തെ ദുഷിക്കുകയില്ല ; ഈശ്വരനെ സ്തുതിക്കുകയാണ് .

**പ്രവർത്തനം 2**

'എനിക്കിവരെ മനസ്സിലായില്ല'- അച്ഛന്റെ ശബ്ദം കേട്ടു ഞാൻ വാതിൽക്കലേക്കു നോക്കി. ഹര! ഹര! ചകലാസുകൊണ്ട് ഒരേറാപ്പിട്ട് രണ്ടു

കൈകളും കട്ടിളത്തൂണിന്മേൽ അമർത്തിപ്പിടിച്ച് വെള്ളത്താടിയോടുകൂടിയ മുഖം. അച്ഛനങ്ങനെ നിൽക്കുന്നു.

പ്രവർത്തനം 3

'അതെന്റെ വായിൽനിന്ന് വീഴേണ്ട താമസം ഛെ! ശപ്പ്! കണ്ട പാക്കനേയും പോക്കനേയും ബ്രഹ്മാലയത്തിൽ കൊണ്ടുവന്ന് ചുട്ടുപൊട്ടിയ്ക്ക്യേ?'' എന്നട്ടഹസിച്ചാലത്തെ സ്ഥിതിയോർത്ത് ഞാൻ നടുങ്ങി.'

പ്രവർത്തനം 4

പാതിരാക്കാറ്റ് കതകുമുട്ടി : ഉറക്കത്തിൽപ്പെടരുത് ; വേഗമാകട്ടെ.

പ്രവർത്തനം 5

കാവ്യവായനയിലും ചിഹ്നങ്ങൾ ശ്രദ്ധാപൂർവ്വം പരിഗണിക്കേണ്ടതുണ്ട്

" ഗുരുപാദരെക്കണ്ടു വന്ദിപ്പാനവസര -
മറിഞ്ഞുവരിക, പോയ്, വത്സ ! നീ , ശുനശ്ശേഫ!
ഞാനിങ്ങീയശോകത്തിൻ തണലിൽ നില്ക്കാ"മെന്നൊ -
രാനകമന്ദ്രസ്നിഗ്ധസ്വരമാകിയ സൂക്തം ,
പോക്കുവെയിലേശി സ്വർണമുരുക്കിയൊഴിച്ചതു -
പോലവേ മിന്നും ഹേമകൂടശൈലത്തിൻ പാർശ്വേ ,
കശ്യപാശ്രമക്കാട്ടിലൊരിടത്തപരാഹ്ന -
നിശബ്ദസ്ഥിതി ഭഞ്ജിച്ചുദിച്ചു പണ്ടേകദാ."

( അച്ഛനും മകളും - വള്ളത്തോൾ)

പണ്ടൊരപരാഹ്നത്തിൽ പോക്കുവെയിലേശി, പൊന്നുരുക്കിയൊഴിച്ചതുപോലെ മിന്നും കാട്ടിൽ ഒരു സൂക്തം ശാന്തത ഭഞ്ജിച്ചുദിച്ചു എന്നാണ് ഇതിലെ കവിവാക്യത്തിന്റെ പ്രസക്തമായ അർത്ഥം . നീ പോയി കണ്ട് വന്ദിപ്പാൻ അവസരം അറിഞ്ഞുവരിക ഞാൻ ഇങ്ങു നിൽക്കാം.

ഈ അർത്ഥം ലഭിക്കണമെങ്കിൽ വായന സൂക്ഷ്മവും ചിഹ്നങ്ങൾ പരിഗണിച്ചുകൊണ്ടുമാവണം .

## സന്ദർഭോചിതമായ ഊണം, താളം, ഭാവം, ശബ്ദക്രമീകരണം ഇവ പാലിച്ചുകൊണ്ടുള്ള വായന

ഊണം, താളം, ശബ്ദക്രമീകരണം ഇവ ഫലപ്രദമായി വായനയിൽ ക്രമീകരിക്കുമ്പോഴാണ് വാചികവായന ആകർഷകമാകുന്നത്. ഭാഷാപഠനക്ലാസ്സുകളിലെ നിരന്തര പരിശീലനത്തിലൂടെ നേടിയെടുക്കേണ്ട ഒരു ശേഷിയാണിത്. ഒരോ ഭാഷയ്ക്കും അതിന്റേതായ ഉച്ചാരണരീതിയും, ഊന്നൽ മേഖലയും, താളശബ്ദ ക്രമീകരണങ്ങളും ഉണ്ട്. ഇവ പാലിക്കപ്പെടുകതന്നെവേണം .

### വായനയിലെ ഊന്നൽ ( stress ) - ചില മാതൃകകള്

താഴെ കൊടുത്തിരിക്കുന്ന പ്രവർത്തനങ്ങള് ആവശ്യമായ ഊന്നൽ ശബ്ദക്രമീകരണം ഇവ നൽകി വായിക്കാൻ ആവശ്യപ്പെടുക. കുട്ടികളുടെ വായന വിലയിരുത്തി നിർദ്ദേശങ്ങള് നൽകുക.

**പ്രവർത്തനം 1**

രാമകൃഷ്ണൻ നിരത്തിലൂടെ നടക്കുകയായിരുന്നു .

അപ്പോൾ ലതികയെ കണ്ടു .

രാമകൃഷ്ണൻ നിരത്തിലൂടെ നടക്കും,

അപ്പോൾ ലതികയെ കാണും .

രാമകൃഷ്ണൻ നിരത്തിലൂടെ നടക്കുന്നു,

അപ്പോൾ ലതികയെ കാണുന്നു .

ഓരോ വാക്യത്തിലും വരുന്ന ഊന്നലിന്റെ വ്യത്യാസം അർത്ഥത്തെ എപ്രകാരം സ്വാധീനിക്കുന്നു എന്ന് കുട്ടികൾ കണ്ടെത്തട്ടെ.

**പ്രവർത്തനം 2**

" അവൻ ഇന്നലെ വന്നു"

ഈ വാക്യത്തിലെ ഏതു വാക്കിനാണോ ഊന്നൽ നൽകുന്നത് അതനുസരിച്ച് സന്ദർഭത്തിലെ അർത്ഥം മാറിയിരിക്കും.

പ്രവർത്തനം 3

a. കാരണം കൂടാതെ അടിച്ചു .

b. ഈ ആക്ഷരങ്ങൾ കറുപ്പാണ് .

c . ഇതിൽ ഒരു കറുത്ത വരയുണ്ട് .

d. ആ വൃക്ഷത്തിൽ പക്ഷി ഇല്ല .

പ്രവർത്തനം 4

കുളിച്ചു പൂപ്പൊലിപ്പാട്ടിൽ
വിളിച്ചു മലനാടിനെ:
ഒളിച്ചു പൂക്കളംതീർത്തു
കളിച്ച പുലർവേളകള് .

(സൗന്ദര്യപൂജ- പി.കുഞ്ഞിരാമൻനായര് )

പ്രവർത്തനം 5

നീയെനിക്ക് കാട്ടുതേൻ സമ്മാനിച്ചു
ഞാന് നിനക്ക് സ്നേഹവും
എന്റെ സ്നേഹം
കാട്ടുതേൻപോലെയാണ് .
അതിൽ വസന്തങ്ങൾ
അലിഞ്ഞുചേർന്നിരിക്കുന്നു

( ഒരു പ്രണയ കവിത - മാധവിക്കുട്ടി )

## ഭാഷാപ്രയോഗവിശേഷങ്ങളും വായനയും

**(Idiomatic expressions, phrases proverbs etc. in reading)**

## ശൈലികൾ

ആശയപ്രകാശനത്തിന് ഓരോ ഭാഷയും വ്യത്യസ്ത സമ്പ്രദായങ്ങൾ സ്വീകരിക്കുന്നു. ഇത്തരം ഭാഷാപ്രയോഗ സവിശേഷതകളാണ് ശൈലികൾ. ഉചിതമായ ശൈലികൾ ഭാഷയ്ക്ക് കരുത്തും ശക്തിയും പകരുന്നു. ഗഹനമായ ആശയങ്ങളെ ലളിതവും രസകരവുമായി അവതരിപ്പിക്കാൻ ശൈലികൾക്കൊണ്ടാവും . പഴഞ്ചൊല്ലുകള്, ലോകോക്തികൾ, കവിവാക്യങ്ങൾ, വാമൊഴികൾ തുടങ്ങിയവ ശൈലികളിൽ ഉൾപ്പെടുന്നു. ഭാഷാപഠനത്തിൽ ശൈലികളുടെ പ്രയോഗത്തിന് വലിയ സ്ഥാനമാണുള്ളത്. പലപ്പോഴും ശൈലികളുടെ വാച്യാർത്ഥമല്ല വ്യംഗ്യാർത്ഥമാണ് നാം ഭാഷാപ്രയോഗത്തിൽ അനുവർത്തിക്കുന്നത്. അതുകൊണ്ടുതന്നെ ഉയർന്ന വായനയിൽനിന്ന് മാത്രമേ ശൈലികളുടെ അർത്ഥം കണ്ടെത്താൻ കഴിയൂ.

### മലയാളത്തിലെ ചില ശൈലി മാതൃകകൾ

'കരിങ്കാലി' (വഞ്ചിക്കുന്നവൻ എന്നർത്ഥം )

' കരിഞ്ചന്ത' ( അമിതവില ഈടാക്കുന്ന സ്ഥാപനം )

എന്നിങ്ങനെ പദരൂപത്തിലും

'അങ്കവും കാണാം താളിയുമൊടിക്കാം' (ഒരേ സമയം രണ്ടു കാര്യങ്ങൾ ചെയ്യുക എന്ന അർത്ഥത്തില് )

'അരിയെറിഞ്ഞാൽ ആയിരം കാക്ക' (കൊടുക്കാൻ കയ്യിൽ ധാരാളം ഉണ്ടാകുമ്പോൾ അടുക്കാൻ ധാരാളം ആളുകളുണ്ടാകും)

എന്നിങ്ങനെ വാക്യരൂപത്തിലും

'നാടോടുമ്പോൾ നടുവേയോടണം'

'മുറ്റത്തെ മുല്ലയ്ക്ക് മണമില്ല'

എന്നിങ്ങനെ കാവ്യരൂപത്തിലും ശൈലികൾ പ്രയോഗിച്ചു കാണാറുണ്ട്.

**പ്രവർത്തനം 1**

താഴെ കൊടുത്ത പാഠഭാഗത്തുനിന്നും ശൈലികൾ കണ്ടെത്തുകയും അവ ഉചിതമായ രീതിയിൽ വായിച്ചവതരിപ്പിക്കുകയും ചെയ്യുക.

'എന്റെ ഉടലാസകലം ചുട്ടുനീറി. ഞാൻ വിയർത്തൊലിച്ചു . ഉരുട്ടിയ ഉരുള കൈയ്യിൽതന്നെ പിടിച്ചുകൊണ്ട് ഒരു ശിലാപ്രതിമ പോലെ ഞാൻ നിശ്ചേഷ്ടനായി ഇരുന്നുപോയി. വെള്ളത്താടിയും ഭസ്മക്കുറിയും ചകലാസുപുതപ്പുമായി മുമ്പിൽ പെട്ടന്നു പ്രത്യക്ഷപ്പെട്ട അച്ഛനെക്കണ്ട് അതിഥികൾ അന്തംമറിഞ്ഞിരിക്കുകയാണ്. വിളമ്പാൻ കാത്തുനിൽക്കുന്ന അന്തർജനങ്ങള് 'ഗോസായിയെ കണ്ട പെൺകിടാങ്ങളെ'പ്പോലെ അടുക്കളമുക്കിൽ ചെന്നൊളിച്ചിരിക്കുന്നു.'

(ബ്രഹ്മാലയം തുറക്കപ്പെട്ടു - വി.ടി ഭട്ടതിരിപ്പാട് )

**പ്രവർത്തനം 2**

'പ്രായമായതിനുശേഷം ഈയിടെയായി ആസ്മ മാഷെ പിടികൂടിയിട്ടുണ്ടെന്ന് പലർക്കും അറിയാം. അന്ന് ആശുപത്രിയിൽ ചെന്ന് കണ്ടപ്പോള് മാഷ് ചിരിച്ചുകൊണ്ട് പറഞ്ഞു " വഞ്ചി മുങ്ങിയില്ല വാര്യരേ"'

(എഴുപതുകാരുടെ യോഗം - അശോകൻ ചെരുവിൽ )

**പ്രവർത്തനം 3**

ഏനിവിടെ വന്നേപ്പിന്നെ

വെട്ടാക്കുളം വെട്ടിച്ചേ

അരമുറിക്കരിക്കും തന്ന്

കൊല്ലാക്കൊല ചെയ്യുന്നേ

( നാടൻപാട്ട് )

**പ്രവർത്തനം 4**

**വാമൊഴി പ്രയോഗങ്ങൾ ശൈലികളായി വരുമ്പോൾ**

കുറുപ്പ് : (ചിരിച്ച് ) അത് ഏകദേശം ഞാൻ ഊഹിച്ചിരുന്നു. ഇല്ലാത്ത ഒരാലോചനടെ കേമത്തം പറേണേല് ഒരു രസം ണ്ടല്ലോ. അത് കളയണ്ടാച്ചിട്ട് ഞാൻ തർക്കിക്കാണ്ടിരുന്നതല്ലേ ഇതുവരെ. നീയ്

കെട്ടിച്ചമച്ച് ഓരോന്ന് പറയുമ്പോ മുഖം നോക്ക്യാൽ എനക്കറിയില്ലേ?

(ഒരു ചെറുപുഞ്ചിരി എം.ടി. വാസുദേവൻ നായർ)

പ്രവർത്തനം 5

**ലോകോക്തികൾ ശൈലികളായി വരുമ്പോൾ**

'പാണ്ടൻനായുടെ പല്ലിനു ശൗര്യം

പണ്ടേപോലെ ഫലിക്കുന്നില്ല'

(കുഞ്ചൻനമ്പ്യാര് )

# വിവിധ വായനാസമ്പ്രദായങ്ങൾ

## ( different types of reading )

1. സ്ഥൂലവായന (skimming)

ഒരു പാഠത്തിന്റെ പ്രധാന ആശയം കണ്ടെത്താൻ വേണ്ടി നടത്തുന്ന വായനയാണിത്. ചിലപ്പോഴെങ്കിലും പാഠം പൂർണമായി വായിക്കാതെ തന്നെ ആശയരൂപീരണം സാധ്യമാണ്. ശീർഷകങ്ങള്, ഉപശീർഷകങ്ങള് ചില ഖണ്ഡികകങ്ങൾ എന്നിവ വായിച്ചാൽതന്നെ പാഠത്തിന്റെ ആശയതലം തിരിച്ചറിയാൻ കഴിയും. എന്ത് ? എവിടെ ? എങ്ങിനെ ? എന്നീ ചോദ്യങ്ങളുടെ ഉത്തരമാണ് പ്രധാനമായും സ്ഥൂലവായനയിലൂടെ ലഭിക്കുന്നത്.

ഇപ്രകാരം പ്രധാന ആശയവും അനുപൂരകമായ വിശദാംശങ്ങളും കണ്ടെത്തുന്നതിന് ഭാഷാപഠനക്ലാസ്സിൽ പരിശീലനം നൽകേണ്ടത് അത്യാവശ്യമാണ്. ഏതേതു ആശയങ്ങളിൽ ശ്രദ്ധ

കേന്ദ്രീകരിക്കണമെന്നും ഏതേത് ആശയങ്ങൾ അവഗണിക്കണമെന്നതും പരിശീലനത്തിലൂടെ ഒരു കുട്ടിക്ക് തിരിച്ചറിയാൻ കഴിയും. വ്യത്യസ്ത പത്രങ്ങളിലെ പ്രധാന വാർത്തകള് അവതരിപ്പിക്കാൻ ആവശ്യപ്പെടുമ്പോഴും , വായിച്ച കഥാഭാഗത്തിലേയോ കവിതാഭാഗത്തിലേയോ പ്രധാന ആശയം അവതരിപ്പിക്കാൻ ആവശ്യപ്പെടുമ്പോഴുമെല്ലാം സ്ഥൂലവായനാ പരിശീലനമാണ് ക്ലാസ്സിൽ നടക്കുന്നത്. ഇത്തരം ചില പ്രവർത്തനങ്ങള് ചുവടെ കൊടുത്തിരിക്കുന്നത് ശ്രദ്ധിക്കുക.

**പ്രവർത്തനം 1**

ചിവടെ കൊടുത്തിരിക്കുന്ന കാവ്യഭാഗത്തിന്റെ പ്രധാനാശയം കണ്ടെത്തി എഴുതുക.

'ഒരു കണ്ണീർക്കണം മറ്റു -
ള്ളവർക്കായ് ഞാൻ പൊഴിക്കവെ
ഉദിക്കുകയാണെന്നാത്മാവി -
ലായിരം സൗരമണ്ഡലം
ഒരു പുഞ്ചിരി മറ്റു-
ള്ളവർക്കായ് ചെലവാക്കവെ
ഹൃദയത്തിലുലാവുന്നു
നിത്യ നിർമ്മല പൗർണ്ണമി'

(ഇരുപതാം നൂറ്റാണ്ടിന്റെ ഇതിഹാസം – അക്കിത്തം)

**പ്രവർത്തനം 2**

കഥാഭാഗം വായിച്ച് കഥയുടെ പ്രധാനാശയം രണ്ടോ മൂന്നോ വാക്യങ്ങളിൽ എഴുതുക.

<u>യന്ത്രം</u>

പുതിയ വീട്ടിലേക്ക് താമസം മാറ്റാനയാൾ ഒരു ലോറി നിറയെ സാമഗ്രിയുമായാണെത്തിയത്.

' ഇതു അലക്കുയന്ത്രം '

വാഷിങ്ങ് മെഷീൻ വീടിന്റെ ഒരു മൂലയിൽ

അയാൾ ഇറക്കിവെപ്പിച്ചു.

' ഇത് ഫ്രിഡ്ജ് '

സ്വീകരണമുറിയുടെ ഒരറ്റത്ത് എല്ലാവരും കാണുന്ന

ഒരു ഭാഗത്തുതന്നെ വലിയ ഫ്രിഡ്ജും കൊണ്ടുവെപ്പിച്ചു.

അവസാനം അയാൾ ലോറിയിൽ നിന്നുമിറക്കിയത്

ഒരു പെണ്ണിനെ

അയാൾ ജോലിക്കാരോട് പറഞ്ഞു

'അടുക്കളയുടെ ഒരു മൂലയിൽ കേടുകൂടാതെ കൊണ്ടുവെക്കുക'

പാചകം ചെയ്യുകയും പാത്രം കഴുകുകയും ചെയ്യുന്ന പുതിയ യന്ത്രത്തെ അവർ കരുതലോടെ അടുക്കളയുടെ ഒരു മൂലയിൽ കൊണ്ടു വെച്ചു.

പ്രവർത്തനം 3

ചുവടെ കൊടുത്തിരിക്കുന്ന ഗദ്യഭാഗം വായിച്ച് ഉചിമായ ശീർഷകം നിർദ്ദേശിക്കുക. അനുവദിനീയമായ സമയം 10 മിനിട്ട്.

നാം വളർത്തി വലുതാക്കിയ ഈ പുതിയ തലമുറ നമ്മെ ഒട്ടും ഗൗനിക്കുന്നില്ല്. പഴയതൊക്കെ മോശാന്നാ അവരുടെ പക്ഷം. അവര് പഴയ വീടുകള് പൊളിച്ച് പുതിയത് പണിയുന്നു. പുതിയതരം വീട്ടുപകരണങ്ങൾ വാങ്ങിക്കുന്നു. അതിനിടയിൽ നമ്മൾ മാത്രമാണ് പഴയൊരു വസ്തു. അതിഥികൾ കാണാത്ത ഒരു മുക്കിലേക്ക് നമ്മളെത്തള്ളും. ഒന്നോർക്കണം . നമ്മള് എഴുപതുകൊല്ലം ഇവിടെ ജീവിച്ചവരാ... എന്തൊക്കെ കണ്ടു ! കേട്ടു ! അനുഭവിച്ചു ! സ്വാതന്ത്ര്യ സമരത്തിന് സാക്ഷ്യം വഹിച്ചു. ചരിത്രം ജീവനോടെയുള്ളത് നമ്മുടെ തലച്ചോറിലാണ് ആർക്കെങ്കിലും അതാവശ്യമുണ്ടോ ? നമ്മോട് സംസാരിക്കാൻ തന്നെ അവര്ക്ക് അറപ്പല്ലേ ?

## 2 . സൂക്ഷ്മവായന ( scanning )

നൽകിയിരിക്കുന്ന പാഠത്തിൽ നിന്ന് ഒരു പ്രത്യേക വിവരമോ (

particular information) പേരോ , വർഷമോ മാത്രം സൂക്ഷ്മമായി ലഭിക്കുന്നതിനായി നടത്തുന്ന വായനയാണ് സൂക്ഷ്മവായന. പാഠത്തിൽ ഉൾച്ചേർന്നിരിക്കുന്ന ആശയതലമോ അവതരണരീതിയോ ആസ്വാദനാംശങ്ങളോ ഈ വായനയിൽ പരിഗണിക്കുന്നില്ല . ഇത് ഒരു തരത്തലുള്ള വിവരശേഖരണ നൈപുണിയാണ്. അക്ഷരമാലാ ക്രമത്തിൽനിന്ന് വാക്കുകൾ കണ്ടെത്താനുള്ള നൈപുണി, ഒരു നിശ്ചിത പേജ് കണ്ടെത്താൻ , നിശ്ചിത പദം കണ്ടെത്താനുള്ള നൈപുണി, സൂചകപദം കണ്ടെത്തനുള്ള നൈപുണി എന്നിവയെല്ലാം ഈ സൂക്ഷ്മവായനയുടെ പരിധിയിൽ വരുന്നതാണ് . സൂക്ഷ്മവായന പരിശീലിപ്പിക്കുന്നതിനായി നൽകാന് കഴിയുന്ന ചില പ്രവർത്തനങ്ങള് ചുവടെ ചേർക്കുന്നു.

പ്രവർത്തനം 1

ഇടശ്ശേരി ഗോവിന്ദൻനായരുടെ ജീവചരിത്രക്കുറിപ്പ് ചുവടെ ചേർത്തിരിക്കുന്നു. കുറിപ്പ് വായിച്ച് ചുവടെ ചേർത്തിരിക്കുന്ന ചോദ്യങ്ങൾക്ക് ഉത്തരം കണ്ടെത്തി എഴുതുക.

ഇന്നത്തെ മലപ്പുറം ജില്ലയിലെ കുറ്റിപ്പുറത്ത് ജനനം. കാർഷിക സംസ്കാരത്തിന്റെയും ഗ്രാമീണ ജീവിതത്തിന്റെയും പുരാവൃത്തങ്ങളുടെയും ഉൾത്തുടിപ്പുകള് ഉൾക്കൊണ്ട കവിതകളും നാടകങ്ങളും രചിച്ചു. പൂതപ്പാട്ട് , പുത്തൻകലവു അരിവാളും , കുങ്കുമപ്രഭാതം , കാവിലെ പാട്ട് , ഒരുപിടി നെല്ലിക്ക , അളകാവലി , കറുത്ത ചെട്ടിച്ചികള് (കവിതാസമാഹാരങ്ങൾ ) കൂട്ടുകൃഷി ( നാടകം ) തുങ്ങിയവ പ്രധാന കൃതികൾ . കേരളസാഹിത്യ അക്കാദമിയുടേയും കേന്ദ്രസാഹിത്യ അക്കാദമിയുടേയും അവാർഡുകള് ലഭിച്ചിട്ടുണ്ട്.

1. ഇടശ്ശേരി ഗോവിന്ദൻനായര് എഴുതിയ നാടകത്തിന്റെ പേരെന്തായിരുന്നു ?
2. ഇടശ്ശേരി ഗോവിന്ദൻനായര് ഏതു ജില്ലയിലാണ് ജനിച്ചത് ?

3. മലപ്പുറം ജില്ലയിലെ ഏത് സ്ഥലമാണ് ഇടശ്ശേരിയുടെ ജന്മസ്ഥലം ?

4. ഇടശ്ശേരിക്ക് ലഭിച്ചിട്ടുള്ള അവാർഡുകള് ഏതെല്ലാം ?

### പ്രവർത്തനം 2

താഴെ കൊടുത്തിരിക്കുന്ന വരികളിൽനിന്ന് ദ്വിതീയാക്ഷരപ്രാസം കണ്ടെത്തി എഴുതുക .

' ബാണമെയ്തേനതിപാപിയായോരു ഞാൻ
പ്രാണൻ കളയുന്നതുണ്ടിനി വൈകാതെ.
പാതങ്ങളിൽ വീണു കേണിടുമെന്നോടു
ഖേദം കലർന്നു ചൊന്നാൻ മുനിബാലകൻ '

### പ്രവർത്തനം 3

തൊഴെ കൊടുത്തിരിക്കുന്ന ഖദ്യഭാഗം വായിച്ച് അതിലുള്ള ശൈലികൾ കണ്ടെത്തി എഴുതുക .

'മറ്റുള്ളവർ വാരിവലിച്ച് എരിവും പുളിയുമുള്ള ആഹാരപദാർത്ഥങ്ങള് വെട്ടിവിഴുങ്ങുമ്പോൾ അതും നോക്കി വായിൽ കപ്പലോട്ടാനുള്ള വെള്ളവുമായി ഇവൻ മിണ്ടാതിരിക്കേണ്ട ഗതികേടഞ്ചും തീർത്തും വന്നുപെട്ടു."

### പ്രവർത്തനം 4

താഴെ കൊടുത്തിരിക്കുന്ന പദങ്ങളുടെ അർത്ഥം ശ്രദ്ധപൂർവ്വം വായിക്കുകയും തുടർന്ന് നൽകിയിരിക്കുന്ന പദങ്ങളുടെ അർത്ഥം കണ്ടെത്തുകയും ചെയ്യുക.

അകമ്പടി - കൂടെ ചേർന്ന് സഹായിക്കുന്നവൻ
പുരുഷാരം - ജനക്കൂട്ടം
മധ്യാഹ്നം - നട്ടുച്ച
മുഖരം - ശബ്ദമുണ്ടാക്കുന്ന
മൂർച്ഛിക്കുക - മോഹാലസ്യപ്പെടുക

മൂർദ്ധന്യം - ഏറ്റവും ഉയർന്ന നില

ശോണിമ - ചുവപ്പ്

സപര്യ - പൂജ

മൂർച്ഛിക്കുക =

പുരുഷാരം =

**പ്രവർത്തനം 5**

താഴെ കൊടുത്തിരിക്കുന്ന കവിതാഭാഗത്തിൽ നിന്നും ആവർത്തിച്ചുവരുന്ന വാക്കുകൾ കണ്ടെത്തുക.

മണ്ണെ നമ്പി മരമിരിപ്പൂ
മരത്തെ നമ്പി കായിരിപ്പൂ
കായെ നമ്പി കിളിയിരിപ്പൂ
കിളിയെ നമ്പി ഞാനിരിപ്പൂ

**3 . വേഗവായന ( Rapid reading )**

ആശയഗ്രഹണത്തോടെ ഒരു നിശ്ചിത പാരായണഭാഗം ഒരു നിശ്ചിതസമയത്തിനകം വായിക്കാൻ കഴിയുന്നു എന്നതാണ് വേഗവായനയിൽ പരിഗണിക്കുന്നത്. ഇത് കൃത്യമായ പരിശീലന ത്തിലൂടെ നേടിയെടുക്കേണ്ട കാര്യമാണ്. പ്രൈമറി ക്ലാസ്സിൽ പഠിക്കുന്ന ഒരു കുട്ടിയുടെ വായനാ വേഗമായിരിക്കില്ല സെക്കണ്ടറി തലത്തിൽ പഠിക്കുന്ന ഒരു കുട്ടിയ്ക്ക് ഉണ്ടാവേണ്ടത് . പഠനത്തിന്റെ ഉയർന്ന മേഖലകളിലേക്ക് പോകുംതോറും വേഗത്തിൽ വായിക്കുകയും ആശയരൂപീകരണം സാധ്യമാവുകയും ചെയ്യേണ്ടത് വിവിധ വിജ്ഞാനമേഖലകളുടെ പഠനത്തിന് അനിവാര്യമാണ്. വായനാവേഗം ഒരോ കുട്ടിയുടേയും കാര്യത്തിൽ വ്യത്യസ്തമാണ്.

- വായനയുടെ ഉദ്ദേശ്യം
- വായനയുടെ മുന്നനുഭവങ്ങൾ
- പാഠഭാഗത്തിന്റെ കാഠിന്യം

- വായനയിലെ നൈപുണി

എന്നിങ്ങനെ വിവിധ ഘടകങ്ങളെ ആശ്രയിച്ച് വായനയുടെ വേഗം വ്യത്യസ്തമാവാം. വായനയിലെ വേഗം പരിശോധിക്കുന്നതിനായും പരിശീലിപ്പിക്കുന്നതിനുവേണ്ടിയും നൽകിയിരിക്കുന്ന ചില പ്രവർത്തനങ്ങള്

പ്രവർത്തനം 1

താഴെ കൊടുത്തിരിക്കുന്ന ഖണ്ഡിക വായിച്ച് നൽകിയിരിക്കുന്ന ചോദ്യങ്ങളുടെ ഉത്തരം കണ്ടെത്തുക .

അനുവദനീയ സമയം 10 മിനിട്ട്.

കേരളം കലകളാൽ സമ്പന്നമായ പ്രദേശമാണ്. ഈ കലകൾക്ക് വ്യത്യസ്തമായ ചില വേർതിരിവുകളുണ്ട് . ക്ലാസ്സിക്ക് വിഭാഗത്തിൽപെട്ടവ , നാടോടി പാരമ്പര്യമുള്ളവ എന്നിവ. കഥകളി , കൂടിയാട്ടം , കൂത്ത് , മോഹിനിയാട്ടം എന്നിവ ക്ലാസ്സിക്ക് കലകളിൽ പെടുന്നവയാണെങ്കിലിൽ തെയ്യം, തിറ , പടയണി ആദിയായവ നാടൻ കലകളുടെ പാതയിൽ പെടുന്നവയാണ്. ഇവയ്ക്കെല്ലാം തന്നെ ശക്തമായ സാഹിത്യരൂപങ്ങൾ ഉണ്ട്. ആട്ടക്കഥ ഒരു പ്രസ്ഥാനമായിത്തന്നെ വികസിച്ചിട്ടുണ്ട്. എന്നാൽ വർത്തമാനകാലത്തിന്റെ കലാവീക്ഷണവും ആസ്വാദരീതിയും ഏറെ മാറ്റത്തിനു വിധേയമാവുകയും സിനിമ പോലുള്ള ആധുനിക കലകൾക്ക് പ്രാധാന്യം ലഭിക്കുകയും ചെയ്തപ്പോൾ പരമ്പരാഗതകലകൾ വേണ്ടത്ര ശ്രദ്ധിക്കപ്പെടാതായി . ഇത് നമ്മുടെ കലാപാരമ്പര്യത്തെയും ഭാഷാസാഹിത്യത്തെയും തളർത്തുന്നതിന് കാരണമായിട്ടുണ്ട്. നമ്മുടെ മഹത്തായ കലാപാരമ്പര്യത്തിന്റെ ഉറവ വറ്റിപ്പോകാതെ സൂക്ഷിക്കേണ്ടത് നമ്മളാണ്.

ചോദ്യങ്ങൾ

1. കലകളെ പ്രാധാനമായും എത്രയായി തരംതിരിച്ചിരിക്കുന്നു ? എതെല്ലാം ?
2. കഥകളി എന്ന കലയുടെ സാഹിത്യരൂപം എന്താകുന്നു ?
3. നമ്മുടെ കലാസാഹിത്യ പാരമ്പര്യങ്ങളുടെ തളർച്ചയ്ക്കുള്ള

കാരണങ്ങൾ എന്തെല്ലാം ?

4. നമ്മുടെ മഹത്തായ കലാപാരമ്പര്യം എങ്ങനെ കാത്തുപരിപാലിക്കാം ?

**പ്രവർത്തനം 2**

താഴെ കൊടുത്തിരിക്കുന്ന കവിതാഭാഗം വായിച്ച് ആശയം രണ്ടോ മൂന്നോ വാക്യങ്ങളൽ എഴുതുക .

അനുവദനീയ സമയം 10 മിനിട്ട്.

" ഏതു ധൂസര സങ്കൽപ്പത്തില് വളർന്നാലും
ഏതു യന്ത്രവൽകൃത ലോകത്തിൽ പുലർന്നാലും
മനസിലുണ്ടാകട്ടെ ഗ്രാമത്തിൻ വിശുദ്ധിയും
മണവും മമതയും ഇത്തിരി കൊന്നപ്പൂവും "

(വിഷുക്കണി - വൈലോപ്പിള്ളി)

**പ്രവർത്തനം 3**

ചുവടെ കൊടുത്തിരിക്കുന്ന ഗദ്യഭാഗം വായിച്ച് ഉചിതമായ ശീർഷകം നിർദ്ദേശിക്കുക .

സമയം 10 മിനിട്ട്.

'വേനലിൽ പാറകൾ പഴുക്കുകയും വിണ്ടടർന്ന പാറകൾക്കു മുകളിൽ തീക്കാറ്റുയരുകയും ചെയ്യുമ്പോൾ കേരളത്തിന്റെ കാവുകളിൽ പൂരത്തിന്റെ കൊടിക്കൂറകൾ ഉയരാൻ തുടങ്ങുന്നു. ഇത് തൃശ്ശൂർ പൂരമാണ്. കത്തുന്ന മേടവെയിൽ വടക്കുന്നാഥന്റെ മതിലകത്ത് നിരന്നു നിൽക്കുന്ന പതിനഞ്ചാനകൾ. അവയുടെ മുന്നിൽമതിലകം നിറഞ്ഞ് പുറത്തേക്ക് കവിയുന്ന പുരുഷാരം . താളത്തിൽ ഇളകിയാടുന്ന ആ പുരുഷാരത്തിന്റെ നടുക്ക് ചെവിയാട്ടി നിൽക്കുന്ന ആനകളുടെ മുമ്പാകെ കൊട്ടിക്കൊട്ടികയറുകയാണ് അറുപോളം ചെണ്ടകളിൽനിന്നും അനേകം ഇലത്താളങ്ങളിൽനിന്നും എതാണ്ട് അത്രയും കൊച്ചുകുഴലുകളിൽനിന്നും ഉരുന്ന പാണ്ടിമേളം . മന്ദവും വിളംബിതവുമായ ഒരവസ്ഥയൽനിന്ന് തുടങ്ങി

ക്രമേണ ഉയർന്ന് വന്ന് , അതിപ്പോൾ മുറുകാൻ തുടങ്ങിയിരിക്കുന്നു. ഇളകിയാടുന്ന ആൾക്കൂട്ടത്തിന്റെ മധ്യത്തിൽ ഒട്ടൊന്നു മൂർച്ഛിച്ചും ലേശമൊന്നു പിൻവാങ്ങിയും കടലുപോലെ കനത്തുനിന്ന മേളം ക്രമേണ ഭയാനകമായ കുത്തൊഴുക്കായി കലാശത്തിന്റെ മൂർദ്ധന്യത്തില് ചെന്നു പൊട്ടിച്ചിതറുന്നു. ആ ഊർജ്ജവിസ്ഫോടനത്തിനു ശേഷമുള്ള നിരവമായ ശാന്തിയിൽനിന്ന് പിന്തിരിഞ്ഞുനോക്കുമ്പോൾ കാണികളറിയാതെ മധ്യാഹ്നത്തിന്റെ ചൂടേറിയ രണ്ടു മണിക്കൂർ കടന്നു പോയിരിക്കും.'

## 4. മൗനവായന (silent reading )

ഭാഷാപഠനത്തിൽ വാചികവായനയ്ക്കൊപ്പം തന്നെ മൗനവായനയ്ക്കും വളരെ പ്രാധാന്യം ഉണ്ട്. നിത്യജീവിതത്തിൽ വായനയെന്നാൽ പ്രധാനമായും മൗനവായനയാണ്. വായനയ്ക്കെടുക്കുന്ന ശാരീരികപ്രയത്നം കുറവായതുകൊണ്ട് വാചികവായനയേക്കാൾ മൗനവായന ശിശുസൗഹൃദപരമാണ്. മൗനവായനയിൽ ശബ്ദത്തിനല്ല അർത്ഥത്തിനാണ് ഊന്നൽ നൽകുന്നത്. സ്കൂൾ പഠനകാലത്തിനുശേഷമുള്ള വായനകൾ അധികവും മൗനവായനാധിഷ്ഠിതമാണ്. അതുകണ്ടുതന്നെ ഭാഷാപഠനക്ലാസ്സുകളിൽ മൗനവായന ശ്രദ്ധാപൂർവ്വം പരിശീലിപ്പിക്കേണ്ടതാണ്. മൗനവായനയുമായി ബന്ധപ്പെട്ട ചില പ്രവർത്തനങ്ങള് താഴെ കൊടുത്തിരിക്കുന്നത് ശ്രദ്ധിക്കുക.

**പ്രവർത്തനം 1**

കാവ്യഭാഗം മൗനമായി വായിച്ച് ചുവടെ കൊടുത്തിരിക്കുന്ന ചോദ്യങ്ങൾക്ക് ഉത്തരം കണ്ടെത്തുക

"ഇനന്റെ ചെന്തീക്കതിർമാരി നിത്യ-
മിടംപെടും തൻ തലകൊണ്ടു താങ്ങി
നമ്മൾക്കു പച്ചക്കുടയും പിടിച്ചു
തേന്മാവതാ ദീനദയാലു നിൽപു

ഉല്ലാസമുൾക്കൊണ്ടുയരെപ്പറക്കു-
മൊരോമനപൈങ്കിളി നമ്മെ നോക്കി
ചെവിക്കുരുന്നിൻത്തെളിതേന് തെളിക്കും
സ്വതന്ത്ര്യസംഗീതമുയർത്തിടുന്നു "

(സുഖം സുഖം - ഉള്ളൂർ)

1.പച്ചക്കുടയും പിടിച്ചുനിൽക്കുന്നത് ആരാണ് ?

2. തേന്മാവിനെ കവി വിശേഷിപ്പിച്ചിരിക്കുന്നത് എപ്രകാരമാണ് ?

3. സ്വാതന്ത്ര്യസംഗീതം ഉയർത്തിടുന്നത് ആരാണ് ?

4. ഉപാധികളില്ലാത്ത സ്നേഹമാണ് പ്രകൃതിയുടെ ഭാവം. ഈ ആശയം വരുന്ന വരികൾ കണ്ടെത്തി എഴുതുക ?

## 5. <u>വാചികവായന ( **loud reading** )</u>

ആശയവിനിമയരംഗത്ത് മനുഷ്യർ ലിഖിതഭാഷയെക്കാൾ ആശ്രയിക്കുന്നത് വാചികഭാഷയെയാണ്. വാചികഭാഷയുടെ ഈ മേധാവിത്വം ഭാഷാശാസ്ത്രകാരന്മാരും ചിന്തകരും അംഗീകരിച്ച കാര്യമാണ്. ഭാഷാപഠനത്തിലും വാചികഭാഷയുടെ ഈ മേൽക്കൈ പ്രത്യക്ഷമാണ്.

- ഒരു കുട്ടിയുടെ ആകർഷകമായ വാചികവായന ക്ലാസ്സിലെ ഇതര കുട്ടികൾ ശ്രദ്ധാപൂർവ്വം കേൾക്കും. ഇത് കുട്ടികളിൽ സാഹിത്യാസ്വാദനനൈപുണി വളർത്താന് ഏറെ സഹായകമാണ് .

- വാചികവായന ആത്മവിശ്വാസം വളർത്തുന്നതിന് സഹായകമാകുന്നു.

- വാചികവായനയിൽ കുട്ടികൾ വരുത്തുന്ന തെറ്റുകൽ കണ്ടെത്തി തിരുത്തിക്കൊടുക്കുവാൻ വാചികവായനയിലൂടെ സാധിക്കുന്നു

.പ്രഭാഷണകലയുടെ ഉയർന്ന മേഖലകളിലേക്കുള്ള ശക്തമായ ചവുട് വയ്പ്പാണ് വാചികവായനാഭ്യാസം .

– വാചികവായന കുട്ടികളുടെ ശരീരഭാഷ ക്രമപ്പെടുത്തുകയും ശ്രോതാക്കളായ കുട്ടികളുടെ പദാവലി വികാസവും ഉച്ചാരണശുദ്ധിയും ഉറപ്പാക്കുകയും ചെയ്യുന്നു.

**വാചികവായന പിരിശീലിപ്പിക്കുന്നതിന് സഹായകമായ ചില പ്രവർത്തനങ്ങള് ചുവടെ ചേർക്കുന്നു.**

**പ്രവർത്തനം 1**

ക്ലാസ്സിലെ കുട്ടികളെ വിവധ ഗ്രൂപ്പുകളായി തിരിച്ച് സുഗതകുമാരിയുടെ രാത്രിമഴ എന്ന കവിതയിലെ താഴെ കൊടുത്തിരിക്കുന്ന ഭാഗം ഉച്ചത്തിൽ വായിക്കുവാൻ ആവശ്യപ്പെടുന്നു.

പാനൽ ജഡ്ജ്മെന്റിലൂടെ മികച്ച വായന കണ്ടെത്തുന്നു.

" രാത്രിമഴ ചുമ്മാതെ
 കേണും ചിരിച്ചും
വിതുമ്പിയും നിർത്താതെ
പിറുപിറുത്തും
നീണ്ട മുടിയിട്ടുലച്ചും
കുനിഞ്ഞിരിക്കുന്നൊരു
യുവതിയാം ഭ്രാന്തിയെപ്പോലെ."

**പ്രവർത്തനം 2**

' പാത്തുമ്മയുടെ ആട് ' എന്ന നോവലിലെ തെരഞ്ഞെടുത്ത ഭാഗം ഏതാനം കുട്ടികളെക്കൊണ്ട് വായിപ്പിക്കുന്നു. തന്നിരിക്കുന്ന സൂചനകളുടെ അടിസ്ഥാനത്തിൽ വായനയെ വിലയിരുത്തുന്നു.

**സൂചകങ്ങൾ :-**

- ഭാവം ഉൾക്കൊണ്ടിട്ടുണ്ട്
- വ്യക്തത
- ഭാഷാപ്രയോഗനിയമങ്ങൾ പാലിച്ചിട്ടുണ്ട്
- ശരീരഭാഷ

"ഞാൻ പറഞ്ഞു: 'എടാ അബു, ഹനീഫായുടെ കൈയിൽ കാശില്ലെന്നാണ് തോന്നുന്നത് '

അബു പതുക്കെ പറഞ്ഞു: 'ഹനീഫാ ഇയ്ക്കാക്കാ മഹാ അറിക്കീസാണ് . ഒരുപാട് രൂപായൊണ്ട് '

'പോടാ'

അവൻ റബ്ബർ തെറ്റാലി എടുത്തു കുറെ ഉരുളൻ കല്ലുകളുമായി പക്ഷികളെ തെറ്റി വീഴിക്കാൻപോയി.

'വാ ആടേ' അവനൊന്നും ചെയ്യേലാ ' എന്നാശ്വസിപ്പിച്ചുകൊണ്ട് ആടുമായി പാത്തുമ്മ ഇപ്പുറത്തു വന്നു. അടുത്തുള്ള പറമ്പിൽ അബ്ദു നിൽക്കുന്നതുകണ്ട് പാത്തുമ്മ വിളിച്ചു പറഞ്ഞു

'എടാ അബ്ദൂ, നീ അടങ്ങിയൊതുങ്ങി ജീവിച്ചാ മതി! വലിയ ഇയ്ക്കാക്ക വന്നത് അറിഞ്ഞില്ലേ നീ !'

" എന്നെ 'എടാ അബ്ദു' എന്ന് വല്യഇത്താത്ത വിളിച്ചതു കേട്ടോ ഇയ്ക്കാക്കാ. വല്യ ഇയ്ക്കാക്കാ വന്നിട്ടുള്ള മൂച്ചാണ് ! ങ്ഗും !"

അബുവിന്റെ മൂത്തതിന്റെ മൂത്തതിന്റെ മൂത്തതാണ് പാത്തുമ്മ . അവൾ അവനെ 'എടാ അബു' എന്നു വിളിച്ചതു കുറച്ചിലായിപോയി.

'എന്നാ നിന്നെ " അബു സാർ " എന്നു വിളിക്കാമെടാ!....... പോടാ !'

പാത്തുമ്മ എന്റെ അടുത്തു വന്നു. എന്നിട്ട് തിക്കും പൊക്കും നോക്കി. ആരുമില്ല! പാത്തുമ്മ രഹസ്യമായി പറഞ്ഞു:

'വല്യഇയ്ക്കാക്കാ, ആരും അറിയണ്ട. ആനുമ്മാ അറിഞ്ഞ വഴക്കിടും. ഇഞ്ഞി നിനക്കു വല്യഇയ്ക്കാക്കാ രൂപ ആയിട്ടൊന്നും തരണ്ട. ഖദീജായ്ക്ക് രണ്ട് കമ്മല് പണിച്ചുകൊടുത്താ മതി. ഹനീഫായും അറിയണ്ട. അബ്ദും അറിയണ്ട. ഉമ്മായും അറിയണ്ട. "

പ്രവർത്തനം 3

തിരഞ്ഞെടുത്ത ഒരു അഭിമുഖം വായനയ്ത്തായി നൽകിയിരിക്കുന്നു. ഏതാനം കുട്ടികൾ പ്രസ്തുതഭാഗം വായിക്കുന്നു. വായന വിലയിരുത്തുന്നു.

1994 ൽ സൗദിയിൽ തൊഴിൽത്തേടിപ്പോയ ആളാണു അബു. 1998 വരെ ഭാര്യ ഫൗസിക്ക് അബുവിന്റെ കത്തുകളുണ്ടായിരുന്നു. പിന്നെ ഒരറിവുമില്ല. ഭാര്യ ഫൗസിയുമായി നടത്തിയ ഒരു TV അഭിമുഖം താഴെ കൊടുക്കുന്നു.

'അബു എന്നാണ് തൊഴിൽതേടി പോയത് ?

1994 ൽ പോയതാണ്

ഇയാളുടെ സ്വഭാവമൊക്കെ എങ്ങനെ ?

നല്ല സ്വഭാവം

കത്തൊന്നും അയയ്ക്കാറില്ലെ ?

കത്ത്........ ആഴ്ച്ചയിൽ നാലും അഞ്ചും കത്തൊക്കെ അയച്ചിരുന്നു

മുൻപ്

ഫോൺ വിളിക്കാറില്ലേ ?

ഉണ്ടായിരുന്നു.........മുൻപ്

അബു അവിടെ ഏതു സ്ഥലത്തേക്കാണ് പോയത് ?

ദമാമിലേയ്ക്കാണെന്ന് പറഞ്ഞു .

പിന്നെ വിവരമില്ലേ ?

ഇല്ല ..'

പ്രവർത്തനം 4

എഴുത്തച്ഛന്റെ 'ദശരഥവിലാപം' എന്ന കാവ്യഭാഗം വിവധ ഗ്രൂപ്പുകൾക്ക് നൽകി വ്യത്യസ്ത താളത്തിൽ അവതരിപ്പിക്കാൻ ആവശ്യപ്പെടുന്നു.

മെച്ചപ്പെട്ട അവതരണം തെരഞ്ഞെടുക്കുന്നു.

പ്രവർത്തനം 5

എം.ടി വാസുദേവൻ നായരുടെ ' ഒരു ചെറു പുഞ്ചിരി ' എന്ന തിരക്കഥയിലെ സംഭാഷണഭാഗങ്ങൾ നാടകീയമായി അവതരിപ്പിക്കാൻ ആവശ്യപ്പെടുന്നു.

പ്രവർത്തനം 6

തെരഞ്ഞെടുത്ത പത്രവാർത്തകള് ഗ്രൂപ്പടിസ്ഥാനത്തിൽ അവതരിപ്പിക്കുന്നു.

## 6. വിമർശനാത്മക വായന (critical reading )

വായനയുടെ ഉയർന്ന തലമാണ് വിമർശനാത്മക വായന. ഈ വയന സജീവവും നിർമ്മാണപരവുമാണ്. പാരായണ വസ്തുവിലെ ഓരോ പ്രസ്താവനയേയും സംശയദൃഷ്ടിയോടെ കാണുന്നത് വിമർശന നൈപുണിയല്ല. പകരം വായിച്ചത് യുക്തിഭദ്രമായി വിലയിരുത്താനുള്ള ശ്രമമാണ് വിമർശനാത്മക വായനയിൽ ഉണ്ടാകേണ്ടത് .

വിമർശനാത്മക വായന :

- പാഠത്തിൽ അന്തർലീനമായിരിക്കുന്ന പാഠങ്ങളെ കണ്ടെത്താനുള്ള ശ്രമമാണത്.
- വസ്തുതകളുടെ വെളിച്ചത്തിൽ, തെളിവുകളുടെ പിൻബലത്തോടെ രചനകളുടെ വിലയിരുത്തലാണത്.
- രചയിതാവ് പറയുന്ന കാര്യങ്ങള് കണ്ണടച്ചു വിശ്വസിക്കലല്ല ഇവിടെ നടക്കുന്നത്. പകരം അന്വേഷണാത്മക സമീപനം സ്വീകരിക്കലാണത്.
- പാഠത്തെ വിശകലനം ചെയ്യുമ്പോൾ ലഭിക്കുന്ന പുതിയ കണ്ടെത്തലുകൾ തന്നെ വേണ്ടിവന്നാൽ തിരുത്താനും പുനഃപരിശോധിക്കാനും ഈ വായനയിലൂടെ സാധിക്കുന്നു.
- സ്വയം വിമർശന പരമാണ്.

വിമർശനാത്മക വായനയിൽ ഉയർത്തേണ്ട ചോദ്യങ്ങൾ

- രചിതാവ് ആരുടെ താത്പര്യങ്ങൾക്കുവേണ്ടിയാണ്

സംസാരിക്കുന്നത് ?

- രചനയുടെ ഔചിത്യം എന്താണ് ?
- വാദങ്ങൾ സാധൂകരിക്കാനായി വയ്ക്കുന്ന തെളിവുകൾ എന്തെല്ലാമാണ് ?
- ഗൗരവമുള്ള രചനയാണോ ?
- അഭിപ്രായങ്ങൾ യുക്തിപൂർവ്വമാണോ ?
- എന്തെങ്കിലും ഒളിച്ചുവയ്ക്കാൻ ശ്രമിക്കുന്നുണ്ടോ ?
- ഈ പാഠഭാഗം ആർക്കുവേണ്ടിയാണ് നിലകൊള്ളുന്നത് ?
- എന്തു മൂല്യബോധമാണ് വിനിമയം ചെയ്യുന്നത് ?
- ശീർഷകം നൽകുന്ന ആർത്ഥതലം എന്ത് ?
- പാഠഭാഗത്തിന്റെ അവതരണരീതി ഏത് ?

**മാതൃക 1**

ചവിട്ടാൻ, നിങ്ങൾക്കു ചിലപ്പോൾ പൂജിക്കാൻ ,
പരക്കെപ്പുച്ഛിക്കാൻ, പരിത്യജിക്കുവാൻ ,
തുണയ്ക്കു കൈകോർത്തു നടക്കാൻ, മക്കളെ
പിടയ്ക്കും നെഞ്ഞെത്തു കിടത്തിപ്പോറ്റുവാൻ
ഇവൾക്കുമാത്രമായ് ഒരു ജന്മം ;

(ഇവൾക്കു മാത്രമായ് - സുഗതകുമാരി )

1.കവിതയിൽ ആവിഷ്ക്കരിച്ചിരിക്കുന്ന സ്ത്രീജീവിതപ്രശ്നങ്ങൾ ന്യായമാണോ ?

2. പ്രസ്തുത പ്രശ്നങ്ങൾ എത്രമാത്രം പ്രസക്തമാണ് ?

3.പുതിയ കാലത്ത് സ്ത്രീക്ക് പുരുഷനൊപ്പമുള്ള പരിഗണന ലഭിക്കുന്നുണ്ടോ ?

4.'സ്ത്രീ തന്നെയാണ് സ്ത്രീയുടെ ശത്രു' എന്ന കാഴ്ച്ചപ്പാട് ശരിയോ ?

**മാതൃക 2**

അന്തിയിരുട്ടിൽ

ദിക്കുതെറ്റിയ പെൺപക്ഷി
തന്റെ കൂടിനെച്ചൊല്ലി
തന്റെ കുഞ്ഞിനെച്ചൊല്ലി
സംഭ്രമിച്ചു കരയുന്നു.

എനിക്കതിന്റെ കൂടറിയാം
കുഞ്ഞിനേയുമറിയാം
എന്നാൽ എനിക്കതിന്റെ
ഭാഷയറിയില്ലല്ലോ .

(കലാപ്രിയ)

1. കവിക്ക് പെൺപക്ഷിയെക്കുറിച്ചുള്ള അറിവുകൾ എന്തെല്ലാം ?
2. പെൺപക്ഷിയെക്കുറിച്ച് കവിക്ക് അറിവില്ലാത്ത കാര്യങ്ങൾ എന്തൊക്കെയാണ് ?
3. എനിക്കതിന്റെ ഭാഷയറിയില്ലല്ലോ എന്ന കവിയുടെ വേവലാതി ന്യായമാണോ ?
4. ഭാഷാനഷ്ടം ഉണ്ടാക്കുന്ന പ്രശ്നങ്ങള് എവ ?
5. ഭാഷാനഷ്ടം ഉണ്ടാക്കുന്ന പ്രശ്നങ്ങളോടുള്ള നിങ്ങളുടെ പ്രതികരണം എന്താണ് ?

**മാതൃക 3**

ഹൃദ്യം സ്വഭാഷതൻ ശീകരമോരോന്നു-
മുൾത്തേനായ്ച്ചേരുന്നു ചിത്തതാരിൽ
അന്യബിന്ദുക്കളോ തൽബഹിർഭാഗമേ
മിന്നിച്ചുനിൽക്കുന്ന തൂമുത്തുകൾ

( എന്റെ ഭാഷ – വള്ളത്തോൾ )

1. മാതൃഭാഷ ഒരാളുടെ ഹൃദയത്തിൽ എപ്രകാരമാണ് അനുഭവപ്പെടുന്നത് ?

2. മറ്റു ഭാഷകളെക്കുറിച്ചുള്ള കവിയുടെ നിരീക്ഷണം എന്താണ് ?

3. കവി ഏതു പക്ഷത്തു നിന്നുകൊണ്ടാണ് സംസാരിക്കുന്നത്.?

4. മാതൃഭാഷയെ മഹത്വവത്കരിക്കണം എന്ന അഭിപ്രായത്തോട് നിങ്ങൾ യോജിക്കുന്നുണ്ടോ ?

## സർഗാത്മകമായ ചിന്തയിലേക്ക് നയിക്കുന്ന വായന

**( To develop the habit of creative thinking while reading)**

മനുഷ്യനെ ഉയർന്ന ചിന്തയിലേക്ക് നയിക്കുന്ന വായനയാണ് വായനയുടെ ഉയർന്നതലം.

ദാനിയേൽ ഹിറ്റിൽമാന് ഇപ്രകാരം പറയുന്നു :

" കടലാസിലെ അച്ചടിച്ച രൂപങ്ങളിൽ നിന്നും എഴുത്തുകാരൻ ഉദ്ദേശിച്ച വിവരങ്ങളും ആശയങ്ങളും പുനഃസൃഷ്ടിക്കുന്ന പ്രക്രിയയാണ് വായന". എം മുകുന്ദന്റെ ' ആർട്ട് അറ്റാക്ക് ', കാരൂരിന്റെ 'ഉതുപ്പാന്റെ കിണർ' , പി ഭാസ്കരന്റെ 'വിണ്ട കാലടികൾ' , എഴുത്തച്ഛന്റെ 'ഗാന്ധാരീവിലാപം' എന്നിങ്ങനെയുള്ള സാഹിത്യരചനകൾ വായിച്ചാസ്വദിച്ച് കഴിയുമ്പോൾ ഒരു കുട്ടിയുടെ ചിന്താതലങ്ങളിൽ എന്തെല്ലാം മാറ്റങ്ങളാണ് ഉണ്ടാവുക? ചിന്താതലത്തിലുണ്ടാകുന്ന ഇത്തരം മാറ്റങ്ങളാണ് കുട്ടിയുടെ സമഗ്രവികാസത്തിന് കാരണമാകുന്നത്. ചുരുക്കത്തില് വായനയിലൂടെ സംഭവിക്കുന്ന മാറ്റങ്ങൾ പലപ്പോഴും സമഗ്രമായ സാഹിത്യസൃഷ്ടികൾക്ക് കാരണമായിത്തീരാം. അത്തരം വായനകൾ സർഗ്ഗാത്മകമായ ചിന്തയിലേക്കു നയിക്കുന്ന വായനകളാകുന്നു എന്നു സാരം.

### പ്രവർത്തനം 1

ചുവടെ കൊടുത്തിരിക്കുന്ന ഗദ്യഭാഗം വായിച്ച് , അനുബന്ധമായി ചേർത്ത ചോദ്യങ്ങളോട് പ്രതികരിക്കുക.

മഹാ പണ്ഡിതനായ തിരുവള്ളുവർ മരണത്തോടടുത്ത സമയം.

പ്രിയപത്നിയെ അരികെ വിളിച്ച് അദ്ദേഹം ഇപ്രകാരം പറഞ്ഞു :

" ഭവതി ഇത്രയും കാലം എന്നെ അത്രയും സ്നേഹത്തോടെ പരിചരിച്ചു. ഞാൻ എന്ത് അനുഗ്രഹമാണ് നൽകേണ്ടത് ? "

" ഭവതിക്ക് എന്തെങ്കിലും അറിയണമെന്ന് ആഗ്രഹമുണ്ടോ ?

" ഭഗവൻ, ഏറെക്കാലമായി എന്റെ മനസ്സിൽ ഒരു സംശയം കുടികൊള്ളുന്നുണ്ട് . അങ്ങ് ഭക്ഷണം കഴിക്കുമ്പോൾ സമീപത്ത് ഒരു പാത്രത്തിൽ വെള്ളവും ഒരു സൂചിയും കരുതിയിരുന്നത് എന്തിനാണ് ?

തിരുവള്ളുവർ പറഞ്ഞു :

" ഭവതി ആഹാരം വിളമ്പുന്നതും ഞാൻ അത് കഴിക്കുന്നതും അങ്ങേയറ്റം ശ്രദ്ധയോടെയാണെന്ന് എനിക്കറിയാം. എങ്കിലും , എന്തെങ്കിലും കാരണവശാൽ ഒരു വറ്റ് പാത്രത്തിനു വെളിയിൽ വീഴുകയാണെങ്കിൽ അത് മണ്ണുപുരളാതെ കുത്തിയെടുക്കാനാണ് സൂചി;കഴുകിയെടുക്കാനാണ് വെള്ളം".

1. തിരുവള്ളുവരുടെ കഥ നൽകുന്ന സന്ദേശം ഒന്നോ രണ്ടോ വാക്യത്തിൽ എഴുതുക ?
2. ഭക്ഷണത്തോടുള്ള നമ്മുടെ സമീപനം എന്തായിരിക്കണം എന്നാണ് കഥയിലൂടെ വെളിവാകുന്നത്?
3. പട്ടിണി ഒരു സാമൂഹിക പ്രശ്നമായി നിങ്ങൾക്കു തോന്നിയിട്ടുണ്ടോ ?
4. ഈ സാമൂഹിക പ്രശ്നത്തെ മറികടക്കാനായി നിങ്ങൾക്കു നിർദ്ദേശിക്കാവുന്ന ക്രിയാത്മക പ്രവർത്തനങ്ങള് എന്തെല്ലാമാണ് ?

**പ്രവർത്തനം 2**

ചുവടെ കൊടുത്തിരിക്കുന്ന ഗദ്യഭാഗം വായിച്ച് അനുബന്ധമായി ചേർത്തിരിക്കുന്ന ചോദ്യങ്ങളോട് പ്രതികരിക്കുക.

'അമ്മമ്മയുടെ കാതുകൾ നഗ്നമാണെന്ന് മുമ്പുതന്നെ ഞാൻ

ശ്രദ്ധിച്ചിട്ടുണ്ട്. സൂര്യകിരണങ്ങള് നിറങ്ങളൊക്കെയും കവർന്നെടുത്തുകൊണ്ടുപോയ ഒരേയൊരു സാരിയാണ് അമ്മമ്മ എന്നും ധരിക്കാറ്. ഈയിടെ മറ്റൊന്നു കൂടി ഞാൻ ശ്രദ്ധിച്ചു . അമ്മമ്മ ചെരിപ്പും ധരി ക്കാറില്ല. ഭൂമിയുടെ കാതിൽ മഹാസങ്കടങ്ങൾ അറിയിക്കുന്ന പാദങ്ങൾ വിണ്ടുപൊട്ടിയിട്ടുണ്ട്. എന്റെ വേവലാതി പക്ഷേ അതൊന്നുമല്ല. കുട്ടികൾ വളരുകയാണ്. വർണതിളപ്പിന്റെ ലോകം വളരെ പെട്ടെന്ന് അവരെ മാറ്റിമറിക്കും. വെയിലിലൂടെ നടന്നു നടന്നു നിറം മങ്ങിയ അമ്മമ്മയുടെ സാരിയിലേക്ക് വെറുപ്പോടെ അവർ നോക്കും.

അന്നേരം അമ്മമ്മയുടെ കണ്ണീര് കണ്ണിൽനിന്ന് പിൻവാങ്ങുമായിരിക്കും . പാദങ്ങളിലെ വിള്ളലുകളിലൂടെ ചോര യായി........

വയ്യ

അമ്മമ്മയെക്കുറിച്ച് ആലോചിക്കാനേ വയ്യ.'

( ഇലഞ്ഞിപ്പൂമണമുള്ള നാട്ടുവഴികൾ - പി. സുരേന്ദ്രൻ)

1. 'സൂര്യകിരണങ്ങൾ നിറങ്ങളൊക്കെയും കവർന്നെടുത്തു കൊണ്ടുപോയ ഒരേയൊരു സാരിയാണ് അമ്മമ്മ എന്നും ധരിക്കാറ്. ഈയിടെ മറ്റൊന്നു കൂടി ഞാൻ ശ്രദ്ധിച്ചു' മക്കൾക്കുവേണ്ടി ഉരുകിത്തീർന്ന ഒരു കഥാപാത്രമായി അമ്മമ്മ വളരുന്നുണ്ടോ ? നിങ്ങളുടെ നിരീക്ഷണങ്ങൾ അവതരിപ്പിക്കുക ?
2. 'വർണതിളപ്പിന്റെ ലോകം വളരെ പെട്ടെന്ന് അവരെ മാറ്റിമറിക്കും. വെയിലിലൂടെ നടന്നു നടന്നു നിറം മങ്ങിയ അമ്മമ്മയുടെ സാരിയിലേക്ക് വെറുപ്പോടെ അവർ നോക്കും'

-ആധുനിക കുടുംബബന്ധങ്ങളുടെ പശ്ചാത്തലത്തിൽ കഥാകൃത്തിന്റെ ഈ നിരീക്ഷണങ്ങളോടുള്ള നിങ്ങളുടെ പ്രതികരണങ്ങൾ അവതരിപ്പിക്കുക.

**പ്രവർത്തനം 3**

എം. മുകുന്ദന്റെ 'ആർട്ട് അറ്റാക്ക്' എന്ന കഥയിലെ

ഗിരിരാജിന്റെയും രവിഭൂഷന്റെയും ചില നിലപാടുകൾ താഴെ കൊടുത്തിരിക്കുന്നു. ഈ നിലപാടുകളോടുള്ള നിങ്ങളുടെ പ്രതികരണങ്ങൾ അവതരിപ്പിക്കുക.

-ഏതു സീറ്റിലും ഞങ്ങൾ കംഫർട്ടബിളാണ്.

-ഹേ, മനുഷ്യാ, പേനയ്ക്ക് ശക്തിവേണമെങ്കിൽ ഇറച്ചീം മീനും തിന്നണം.

- നിഫ്റ്റിലെ അവസാന വർഷ വിദ്യാർത്ഥികളുടെ ഫാഷൻ ഷോ റിപ്പോർട്ട് ചെയ്യണം.

## കവിതാവായന

പ്രബലവും ജനകീയവുമായ ഒരു സാഹിത്യ ശാഖയാണ് കവിത. അനുഭവവും, ഭാവനയും , വൈകാരികതയും ,ചിന്തയും ,അലങ്കാര കൽപനയുമുള്ള ഉചിതമായ ഭാഷയുമെല്ലാം സമന്വയിക്കുന്നത് കവിതയിലാണ്. സുന്ദര പദങ്ങളുടെ ചേർച്ച, അനുഭൂതിജനകമായ ഭാഷ, ആലാപന മാധുര്യം എന്നിവ കവിതയെ ആകർഷകമാക്കുന്നു. ലയം(rhythm), സ്വരം (harmony), രാഗം(melody) എന്നവയുടെ അനുരൂപമേളനമാണ് കവിത. അതുകൊണ്ടുതന്ന സെക്കണ്ടറി തല ഭാഷാപഠനത്തിൽ കവിത പാരായണത്തിനും ആസ്വാദനത്തിനും വലിയ പ്രസക്തിയുണ്ട്.

കവിതാവായനയിൽ കവിതയുടെ രൂപതലവും ഭാവതലവും പരിഗണിക്കേണ്ടതുണ്ട്. രൂപതലം ബാഹ്യവും പ്രത്യക്ഷവുമാണ് . അതതിന്റെ ഘടനയും ചൊൽവടിവുമായി ബന്ധപ്പെട്ടിരിക്കുന്നു . വഞ്ചിപ്പാട്ടിന്റെ രൂപഘടനയിലല്ല താരാട്ടുപാട്ട്. രൂപതലം പ്രത്യക്ഷവും മൂർത്തവുമായതുകൊണ്ട് അതിന്റെ മേൽ അഭിപ്രായവ്യത്യാസങ്ങൾക്ക് സ്ഥാനമില്ല. പക്ഷെ കവിത വായിക്കുമ്പോൾ രൂപതലം സൂക്ഷമമായി പരിഗണിക്കേണ്ടതുണ്ട്.

എന്നാൽ ഭാവതലം ഇതിൽനിന്നും വ്യത്യസ്തമാണ്. കവിതയുടെ ഭാവതലം കണ്ടെത്തുക എന്നത് ശ്രദ്ധാപൂർവ്വമായ ഒരു പ്രത്യേകതയാണ്. ചിലപ്പോള് ഒറ്റ വായനയ്ക്ക് തന്നെ കവിയടെ ഭാവതലം

തിരിച്ചറിഞ്ഞുവെന്ന് വരാം. എന്നാൽ ചിലപ്പോൾ പലതവണ പരായണം ചെയ്യുമ്പോൾ മാത്രമായിരിക്കും ഭാവതലം കണ്ടെത്താൻ കഴിയുക. അതിനായി നൽകിയിരിക്കുന്ന കവിതയോട് നിരവധി ചോദ്യങ്ങൾ ചോദിക്കേണ്ടി വരും. വീണപൂവിന്റെ രൂപഘടനയിൽ നിരവധി കവിതകൾ എഴുതപ്പെട്ടിട്ടുണ്ട്. പക്ഷെ അവയ്ക്കെല്ലാം വീണപൂവിന്റെ ഭാവതലം ലഭിക്കണമെന്നില്ല. ഈ വ്യത്യാസം തിരിച്ചറിഞ്ഞുള്ള വായനയാണ് ഭാഷാപഠനക്ലാസ്സിൽ നിർവ്വഹിക്കപ്പെടേണ്ടത് . സെക്കണ്ടറി തലത്തിൽ വന്നുചേർന്ന ഒരു കുട്ടി താഴ്ന്ന ക്ലാസ്സുകളിൽ താൻ പഠിച്ച ഒരു കവിതയെ പുനർവായിക്കുമ്പോള് പുതിയ അർത്ഥതലങ്ങളായിരിക്കും കിട്ടുക. ആതുകൊണ്ട് കവിതാസ്വാദനത്തിന് ഒരൊറ്റവഴിയേയുള്ളുവെന്ന് ശഠിക്കുന്നത് ശരിയായ രീതിയല്ല. ഇത്തരം പുനഃർവായനയ്ക്കുള്ള സാധ്യതകൾ പരമാവധി പ്രയോജനപ്പെടുത്തണം.

കവിത അനുഭൂതികളുടെയും വൈകാരികതകളുടേയും സൗന്ദര്യാത്മകതയുടേയും ഭാഷയിലാണ് അനുവാചകനോട് സംവദിക്കുന്നത്. അതിൽതന്നെ വാങ്മയചിത്രങ്ങളും, ബിംബങ്ങളും, ഉക്തിവൈചിത്ര്യങ്ങളും കണ്ടെത്താനുതകുന്ന കാവ്യവായനകൾ പരിപോഷിപ്പിക്കേണ്ടതുണ്ട്. കാവ്യപാരായണത്തെ ശക്തമാക്കാനു തകുന്ന ചില പ്രവർത്തനങ്ങള് ചുവടെ കൊടുത്തിരിക്കുന്നത് ശ്രദ്ധിക്കുക.

പ്രവർത്തനം 1

താഴെ കൊടുത്തിരിക്കുന്ന വരികളിൽനിന്ന് സമാന താളമുള്ള വരികൾ കണ്ടെത്തി എഴുതുക .

ശാന്തരായുള്ളവർ മാനസമന്നേരം
ഭ്രാന്തരെപ്പോലെയങ്ങായിക്കൂടി

കാൽപ്പെരുമാറ്റം മദീയം തദാ കേട്ടു

താൽപര്യമോടു പറഞ്ഞു ജനകനും

മറ്റുള്ള ഭാഷകൾ കേവലം ധാത്രിമാർ
മർത്ത്യന്നു പെറ്റമ്മ തൻ ഭാഷ താൻ

പ്രവർത്തനം 2

'ചങ്ങാലിപ്രാവ്' എന്ന കവിതയ്ക്ക് ഈണവും താളവും നൽകി ഭാവപൂർണമായി ചൊല്ലുക :-

താഴെ കൊടുത്തിരിക്കുന്ന ഗ്രേഡിങ്ങ് സൂചകങ്ങൾ ഉപയോഗപ്പെടുത്താം.

1. ഭാവം, താളം , ഉച്ചാരണവ്യക്തത ഇവയോടെ കവിത ചൊല്ലുന്നു. **A grade**
2. ഭാവം, താളം ഇവയോടെ കവിത ചൊല്ലുന്നു. **B grade**
3. ഭാവം കുറഞ്ഞും താളാത്മകമായും കവിത ചൊല്ലുന്നു. **C grade**
4. ഭാവമോ താളമോ കൂടാതെ കവിത ചൊല്ലുന്നു. **D grae**

ചങ്ങാലിപ്രാവ്

ചെറുപുള്ളി ച്ചിറകുള്ള ചങ്ങാലിപ്രാവേ ,
തലതല്ലിക്കരയുന്നതെന്തു കൊണ്ടോ? നിന്റെ
തലതല്ലിക്കരയുന്നതെന്തു കൊണ്ടോ ?
പറയുന്നു ചങ്ങാലി, ഞാനിന്നു നാഴി -
പ്പയറെൻ മകൾക്കു കൊടുത്തു പോയുപ്പിട്ടു -
തിരികെ വരുമ്പോൾ വറുത്തു വയ്ക്കാൻ
തിരികെ വരുന്നേരമെന്തു ചൊല്ലേണ്ടൂ
ഉരിയെ പയറുള്ളു ചട്ടിയിലൊട്ടാകെ-
യുരിയേ പയർമണി കണ്ടതുള്ളൂ !

പയറെന്തു ചെയ്തു നീയറുകള്ളിപ്പെണ്ണേ
പകുതിയുമില്ലല്ലോ നീ കൊറിച്ചോ.നിന്റെ
പലകൂട്ടുകാർക്കും നീ സൽക്കരിച്ചോ ?

## നാടകവായന

നാടകം ഒരു ദൃശ്യകലയാണ്. അഭിനയിച്ച് ഫലിപ്പിക്കുവാൻ പറ്റിയ വസ്തുതകൾ അടങ്ങിയ സാഹിത്യസൃഷ്ടി. ഒരാൾ അഭിനയിക്കുമ്പോൾ സ്വാഭിപ്രായങ്ങളും വികാരങ്ങളുമല്ല മറ്റൊരാളുടെ വികാരഭിപ്രായങ്ങളെ മൂന്നാമതൊരാൾക്ക് മനസ്സിലാക്കി കൊടുക്കുകയാണ് ചെയ്യുന്നത്. അങ്ങനെ അനുകരിക്കുന്ന ആളിന് മറ്റൊരാളുടെ രൂപസമാവേശം ഉള്ളതുകൊണ്ട് നാടകത്തിന് സംസ്കൃതത്തിൽ രൂപകം എന്നാണ് പറയുന്നത്. അഭിനയം, സംഗീതം, നൃത്തം, സംഭാഷണം, കഥാകഥനം തുടങ്ങി വ്യത്യസ്തകലാവിഭാഗങ്ങള് നാടകത്തിൽ ഒന്നിച്ചുചേരുന്നു. എങ്കിലും നാടകത്തിലെ മുഖ്യാംശം അഭിനയം തന്നെയാണ് . കുട്ടികൾ ചെറിയ ക്ലാസ്സ് മുതൽ മറ്റുള്ളവരുടെ വ്യാപാരങ്ങൾ അനുകരിക്കാൻ താത്പര്യമുള്ളവരാണ്. കാക്കയെപ്പോലെ കരയാനും, കുയിലിനെപ്പോലെ പാടാനും, തവളെയെപ്പോലെ ചാടാനും ബാല്യത്തിൽതന്നെ അവർ താത്പര്യം കാണിക്കുന്നുണ്ട്. അതുകൊണ്ടുതന്നെ അഭിനയം മനുഷ്യസഹജമായ ഒരു സ്വഭാവിക സവിശേഷതയാണ്. ഈ സ്വഭാവസവിശേഷതയുടെ ഉയർന്ന പ്രതിഫലനമാണ് നാടകവായനയിലൂടെയും അഭിനയത്തിലൂടെയും സാധ്യമാകുന്നത്. ഭാഷാപഠനക്ലാസ്സുകളിൽ ഏറ്റവും ശക്തമായി ഉപയോഗിക്കാന് കഴിയുന്ന ബോധനരീതി എന്ന നിലയിലും നാടകവായനയ്ക്ക് ഏറെ പ്രാധാന്യമുണ്ട് . അനുവാചകനിൽ വൈകാരീകതയും ഭാവതീവ്രതയും ഉണർത്താന് നാടകത്തെപ്പോലെ സാധ്യതയുള്ള കലാരൂപങ്ങൾ കുറവാണ്. നാടകവായന ഫലപ്രദമാക്കാൻ സഹായിക്കുന്ന ചില പ്രവർത്തനങ്ങള് താഴെ കൊടുത്തിരിക്കുന്നത് ശ്രദ്ധിക്കുക.

നാടകവായനയിൽ ശ്രദ്ധിക്കേണ്ടവ :-

- കഥാപാത്രവുമായി ഇഴകിച്ചേർന്നുകൊണ്ടുള്ള വായനയായിരിക്കണം.
- സംഭാഷണങ്ങൾ വ്യക്തവും ശുദ്ധവും ശബ്ദക്രമീകരണങ്ങളോടെയും ആയിരിക്കണം.
- വരികൾക്കിടയിലൂടെയുള്ള വായന സാധ്യമാകണം.
- വികാരങ്ങളെ പ്രതിഫലിപ്പിക്കത്തക്ക രീതിയിലായിരിക്കണം.

**പ്രവർത്തനം 1**

മേൽസൂചനകള് പ്രയോജനപ്പെടുത്തിക്കൊണ്ട് നൽകിയിരിക്കുന്ന നാടകഭാഗം വായിച്ചവതരിപ്പിക്കുക.

## തേൻകനി

( കുട്ടികൾ കൂടിനിന്നു രഹസ്യം പറയുന്നു. അൽപ്പമകലെ കാടും അതിനുള്ളിൽ ഒരു തേന്മാവും. രാമനും ഭദ്രനും മറ്റു കുട്ടികൾക്കും പത്തിനും പതിനനഞ്ചിനും ഇടയ്ക്ക് പ്രായം .)

രാമൻ : അതാ, ആ കാണുന്നതാണ് ഉമ്മാക്കിക്കാട് !

ഭദ്രൻ : ഉമ്മാക്കിക്കാടോ !എന്നാൽ ഇനിയങ്ങോട്ടുള്ള യാത്രയ്ക്ക് ഞാനില്ല.

കൂട്ടുകാർ : (ചിരിച്ച് ) അയ്യോ കഷ്ടം ! പേടിത്തൊണ്ടൻ !

ഭദ്രൻ : ങ്ഹും , പേടിയൊന്നുമുണ്ടായിട്ടല്ല.

രാമൻ : പിന്നെ ?

ഭദ്രൻ : പിന്നെ.......പിന്നെ -......( തിരിഞ്ഞോടുന്നു. രാമനും കൂട്ടുകാരും പിറകേയും )

രാമൻ : ഭദ്രനെ വിടല്ലേ-....(എല്ലാവരും ചേർന്ന് ഭദ്രനെ വളയുന്നു. )

ഭദ്രൻ : പിന്നേ............അമ്മ പറഞ്ഞു............ ആ കാട്ടിൽ ഉമ്മാക്കിയുണ്ടെന്ന്-......

കൂട്ടുകാർ : ഉമ്മാക്കയോ ? ഓ ചുമ്മാതെ-...

ഭദ്രൻ : എന്നാൽ അങ്ങോട്ട് ചെല്ല് , ഇപ്പം കാണാം കിയ്യോ കിയ്യോന്ന് അവിടെ കിടന്ന് വിളിക്കുന്നത് .

രാമൻ :( ചെറുതായി പേടിച്ച് ) ഉമ്മാക്കി എന്തോ ചെയ്യും...?

കൂട്ടുകാർ : ഉമ്മാക്കി എന്നുപറഞ്ഞാലാരാ......?

ഭദ്രൻ : പിശാചാ...... കറുത്ത്, രണ്ടു നീണ്ട കൊമ്പുമായി , നാക്കും വെളിയിലിട്ട് , വാലുമാട്ടി കാട്ടിലങ്ങനെ നടക്കും. ആരെങ്കിലും കാട്ടിലേക്കു ചെന്നാൽ ഒറ്റപ്പിടി..........വലിച്ചൊരുകീറൽ.....കറകറാന്നുരക്തമങ്ങു കുടിക്കും (ഈ വർണ്ണന കേട്ട് മറ്റുള്ളവരും പേടിക്കുന്നു . )

## പ്രവർത്തനം 2

താഴെക്കൊടുത്തിരിക്കുന്ന സംഭാഷണങ്ങൾ വേണ്ടത്ര ശബ്ദക്രമീകരണത്തോടെയും ഊന്നൽ നൽകിയും ഭാവതീവ്രതയോടെയും അവതരിപ്പിക്കുക.

അമ്മാളു : ഞാനേയ് , കുറച്ചീസായി പറേണംന്ന് വിചാരിച്ചിട്ട്. ആലൂര്ന്ന് വന്ന ആലോചനടെ കാര്യം.

കുറുപ്പ് : ( ഗൗരവത്തിൽ ) ഇനി അത് വിസ്തരിച്ചിട്ടെന്താ കാര്യം ? എന്റെ കൂടെ കഴിയാനായിരുന്നു തലേലെഴുത്ത്! തീർന്നില്ലേ ?

അമ്മാളു : (ചിരിച്ച്) ആലൂര്ത്തേയ് ഞാൻ വെറുതെ പറഞ്ഞതാ. ഒരാലോചനേം വന്നിട്ടില്ല. ആദ്യായിട്ട് എനിക്ക് വന്ന ആലോചന ഇതന്നായിരുന്നു . അത് നടക്കൂം ചെയ്തു.

കുറുപ്പ് : ( ചിരിച്ച്) അത് ഏകദേശം ഞാനൂഹിച്ചിരുന്നു. ഇല്ലാത്ത ആലോചനേടെ കേമത്തം പറേണല് ഒരു രസംണ്ടല്ലോ . അത് കളയണ്ടാച്ചിട്ട് ഞാൻ തർക്കിക്കാണ്ടിരുന്നതല്ലേ ഇതുവരെ. നീയ് കെട്ടിച്ചമച്ച് ഓരോന്ന് പറയുമ്പോ മുഖം നോക്ക്യാൽ എനിക്കറിയില്ലേ .

## വാചികവായന ( loud reading )

ആശയവിനിമയരംഗത്ത് മനുഷ്യർ ലിഖിതഭാഷയെക്കാൾ വാചികഭാഷയെയാണ് കൂടുതലായും ആശ്രയിച്ചുകാണുന്നത്. വാചികഭാഷയുടെ ഈ മേധാവിത്വം ഭാഷാശാസ്ത്രകാരന്മാരും ചിന്തകരും അംഗീകരിച്ച കാര്യമാണ്. ഭാഷാപഠനത്തിലും വാചികഭാഷയുടെ ഈ മേൽക്കൈ പ്രത്യക്ഷമാണ്.

ഒരു കുട്ടിയുടെ ആകർഷകമായ വാചികവായന ക്ലാസ്സിലെ ഇതര കുട്ടികൾ ശ്രദ്ധാപൂർവ്വം കേൾക്കും. ഇത് കുട്ടികളിൽ സാഹിത്യാസ്വാദനനൈപുണി വളർത്താന് ഏറെ സഹായകമാണ്.

മറ്റു പല മേഖലകളിലും പിന്നോക്കം നിൽക്കുന്ന കുട്ടികൾ വാചികവായനയിൽ ആരെയും ആകർഷിക്കുന്ന പ്രകടനം കാഴ്ച്ചവെയ്ക്കാം. അത് അവർക്ക് ആത്മവിശ്വാസം നൽകുന്ന കാര്യമാണ്. വാചികവായനയിലൂടെ കുട്ടികൾ വരുത്തുന്ന തെറ്റ് അധ്യാപകന് കണ്ടെത്താനും തിരുത്താനും കഴിയുന്ന വാചികവായന ക്ലാസ്സിലെ കുട്ടികളുടെ പരസ്പരബന്ധം ശക്തിപ്പെടുത്തുന്നു.

പ്രഭാഷണകലയുടെ ഉയർന്ന മേഖലയിലേക്കുള്ള ശക്തമായ ചുവടുവെയ്പ്പാണ് വാചികവായനാഭ്യാസം.

വാചികവായന കുട്ടികളുടെ ശരീരഭാഷ ക്രമപ്പെടുത്തുകയും ശ്രോതാക്കളായ കുട്ടികളുടെ പദാവലി വികാസവും ഉച്ചാരണശുദ്ധിയും ഉറപ്പക്കുകയും ചെയ്യുന്നു.

**ചില പ്രവർത്തനങ്ങള് ( exercises )**

1. അതാത് ദിവസത്തെ പത്രവാർത്തകള് ക്ലാസ്സിൽ കൊണ്ടുവരുകയും അതിൽ പ്രധാനപ്പെട്ടവ ഗ്രൂപ്പടിസ്ഥാനത്തിൽ ക്രോഡീകരിച്ച് അവതരിപ്പിക്കാൻ പറയുകയും ചെയ്യുക.

2. ഒൻപതാം ക്ലാസ്സിലെ എം.ടി വാസുദേവൻ നായരുടെ തിരക്കഥയിലെ ( നിന്റെ ഓർമ്മയ്ക്ക് ) എന്നതിലെ സംഭാഷണഭാഗങ്ങൾ നാടകീയമായി അവതരിപ്പിക്കാൻ നിർദ്ദേശം നൽകുക.

3. എഴുത്തച്ഛന്റെ ദശരഥവിലാപം എന്ന കാവ്യഭാഗം വിവിധ ഗ്രൂപ്പുകൾക്ക് നൽകി വ്യത്യസ്ത താളത്തിൽ അവതരിപ്പിക്കാൻ

ആവശ്യപ്പെടുക.

4. യു.കെ കുമാരന്റെ ' മടുത്ത കളി ' എന്ന കഥ വിവിധ കുട്ടികൾക്കായി ഭാഗിച്ചു നൽകി ഭാവം ഉൾക്കൊണ്ട് അവതരിപ്പിക്കാൻ ആവശ്യപ്പെടുക

5. മികച്ച വായനാമാതൃകകൾ ICT സഹായത്തോടെ ക്ലാസ്സിൽ അവതരിപ്പിക്കാം.

## മൗനവായന (silent reading )

ഭാഷാപഠനത്തിൽ വാചികവായനയ്ക്ക് വളരെയധികം പ്രാധാന്യമുണ്ടെങ്കിലും യഥാർത്ഥ ജീവിതത്തിൽ വായനയെന്നാൽ പ്രധാനമായും മൗനവായനയാണ്.

മൗനവായനയിൽ ശബ്ദത്തിനല്ല അർത്ഥത്തിനാണ് ഊന്നൽ നൽകുന്നത്. വായനയ്ക്കെടുക്കുന്ന ശാരീരികപ്രയത്നം താരതമ്യേന കുറവായതുകൊണ്ട് വാചികവായനയെക്കാൾ മൗനവായന ശിശുസൗഹൃദപരമാണ്.

സ്കൂൾ പഠനകാലത്തിനു ശേഷമുള്ള വായനകൾ അധികവും മൗനവായനാധിഷ്ടിതമാണ്. ഏതൊരു വാചികവായനയ്ക്കും മുന്നോടിയായി വായനാഭാഗത്തെ നമ്മൾ മൗനമായി വായിക്കുന്നുണ്ട്.

ചില പ്രവർത്തനങ്ങള് ക്ലാസിൽ ചെയ്തുനോക്കാവുന്നതാണ്.

## സർഗ്ഗാത്മകവും വിമർശനാത്മകവുമായ വായന

## (creative & critical reading )

വസ്തുതകൾ പറയനോ, അറിവുകൾ പങ്കുവെയ്ക്കുവാനോ മാത്രമല്ല ഭാഷ നാം ഉപയോഗിക്കുന്നത്. അനുഭൂതികളുടെ ആവിഷ്ക്കരണത്തിനും സൗന്ദര്യാത്മകമായ അവതരണത്തിനുമെല്ലാം ഉള്ള സാധ്യതകൾ ഭാഷാപഠനത്തിൽ പരിഗണിക്കേണ്ടതുണ്ട്. ഇവിടെയാണ് സർഗ്ഗാത്മകമായ വായനയുടെ പ്രസക്തി. വായനയിലൂടെ ലഭിക്കുന്ന ആസ്വാദനമാണ് ഇവിടെ മുഖ്യം. ഇവയുടെ ലക്ഷ്യങ്ങൾ വൈകാരികാംശങ്ങൾ നിറഞ്ഞതാണ്. വേഗത്തിലും നിശബ്ദമായും രചനകളുടെ ആശയം ഗ്രഹിക്കുക. വായനാഭിമുഖ്യം വളർത്തുക, സന്തോഷകരമായി വായനയെ സമീപിക്കുക

എന്നിവ ഇത്തരം വായനയുടെ ഉദ്ദേശ്യലക്ഷ്യങ്ങൾ ആണ്. ആസ്വാദനവും ചിന്താപ്രക്രിയയും ലക്ഷ്യമാക്കിയുള്ള ഇത്തരം വായന സങ്കീർണ്ണതകള് ഒഴിവാക്കിയുള്ളതാണ്.

പഠിതാവിന് സ്വയം വായിക്കാനുള്ള അവസരം നൽകുന്ന ഇത്തരം വായനയെ സ്വതന്ത്ര്യമായ മൗനവായനയെന്നോ , ദ്രുതഗതിയിലുള്ള വായനയെന്നോ വിളിക്കാവുന്നതാണ് . വായനയുടെ ലക്ഷ്യങ്ങൾ വൈകാരികാംശം നിറഞ്ഞതാണ്. വേഗത്തിലും നിശബ്ദമായും രചനകളുടെ ആശയം ഗ്രഹിക്കുക , വായനാഭിമുഖ്യം വളർത്തുക, സനവുന്നതാണ്. വായനയുടെ ലക്ഷ്യങ്ങൾ വൈകാരികാംശം നിറഞ്ഞതാണ്. വേഗത്തിലും നിശബ്ദമായും രചനകളുടെ ആശയം ഗ്രഹിക്കുക, വായനാഭിമുഖ്യം വളർത്തുക, സന്തോഷകരമായി വായനയെ സമീപിക്കുക എന്നിവ ഇത്തരം വായനയുടെ ഉദ്ദേശ്യലക്ഷ്യങ്ങൾ ആണ്. അധ്യാപകന്റെ സഹായമില്ലാതെതന്നെ വായിക്കാൻ കുട്ടികളെ പ്രേരിപ്പിക്കുന്ന രീതിയാണിത്. സ്വയം പഠനത്തെ കേന്ദ്രമാക്കിക്കൊണ്ടുള്ള ഇത്തരം വായന സങ്കീർണ്ണതകള് ഒഴിവായതും പിരിമുറുക്കങ്ങൾ ഇല്ലാത്തതുമാണ്. മാത്രമല്ല, പഠിതാവിന്റെ ഇഷ്ടത്തിനനുസരിച്ച് വായന തുടങ്ങാവുന്നതും നിർത്താവുന്നതുമാണ്.

ചില പ്രവർത്തനങ്ങള്

**മാതൃക 1**

നീയെനിക്ക് കാട്ടുതേൻ സമ്മാനിച്ചു
ഞാൻ നിനക്ക് സ്നേഹവും
എന്റെ സ്നേഹം
കാട്ടുതേൻപോലെയാണ് .
അതിൽ വസന്തങ്ങൾ
അലിഞ്ഞുചേർന്നിരിക്കുന്നു

( ഒരു പ്രണയ കവിത - മാധവിക്കുട്ടി )

ഇവിടെ 'എന്റെ സ്നേഹം കാട്ടുതേൻ പോലെയാണ്' എന്ന ഒരു സദൃശ്യകൽപ്പനയ്ക്കപ്പുറം സൗന്ദര്യത്തിന്റെയും പ്രണയത്തിന്റെയും

ഭാവദീപ്തി ചൂണ്ടിക്കാണിക്കുവാൻ കവയത്രിയ്ക്ക് കഴിഞ്ഞിട്ടുണ്ട്. അതിനകത്ത് നിശബ്ദമായി കടന്നുപോയ വസന്തകാലങ്ങളിലെ കാട്ടുപൂക്കളുടെ സൗരഭ്യമുണ്ട്; ഒപ്പം തരുണിയുടെ കാത്തിരുപ്പും.

മാതൃക 2

കസ്തൂരിക്കുറി പൂശുന്ന
വരമ്പിൻ വക്കിലൊക്കെയും
കാൽവെപ്പിനാല് പൂനിരത്തി
രമ്യശാരഗകന്യക.

( സൗന്ദര്യപൂജ - പി. കുഞ്ഞിരാമന് നായർ )

ശരത്കാലത്തിന്റെ ആഗമനത്തെ എത്ര ഹൃദ്യമായാണ് കവിതയിൽ ആവിഷ്ക്കരിച്ചിരിക്കുന്നത്.

മാതൃക 3

ചുട്ട കൽപ്പടവുകള് തോറും
മഞ്ഞുവീണുയരുന്ന ഗന്ധവും
കാട്ടുപൊന്തകളുടെ ശ്യാമച്ഛായയും
കുളത്തിലെ സ്വച്ഛമാം ജലത്തിന്റെ കുളിരും
ഞാനീ ശുദ്ധിയിൽ മുഴുകട്ടെ

( മോഷ്ടിച്ചെടുത്ത ഒരു രാത്രി - എൻ.എൻ കക്കാട് )

ഗ്രാമീണമായ അന്തരീക്ഷത്തെ അവതരിപ്പിക്കുന്നതിൽ കവി ഉപയോഗിച്ചിരിക്കുന്ന വാങ്മയ ചിത്രങ്ങൾ എത്ര മനോഹരമാണ്.

## വിമർശനാത്മക വായന(critical reading )

വിമർശനാത്മക വായന വായനയുടെ ഉയർന്ന തലമാണ്.

– പാഠത്തിൽ അന്തർലീനമായിരിക്കുന്ന പഠങ്ങളെ കണ്ടെത്താനുള്ള ശ്രമമാണത്.

– വസ്തുതകളുടെ വെളിച്ചത്തിൽ തെളിവുകളുടെ പിൻബലത്തോടെ രചനകളുടെ വിലയിരുത്തലാണത്.

- രചിതാവ് പറയുന്ന കാര്യങ്ങൾ കണ്ണടച്ചു വിശ്വസിക്കലല്ല ഇവിടെ നടക്കുന്നത്. പകരം അന്വേഷണാത്മക സമീപനം സ്വീകരിക്കലാണ്.

– പാഠത്തെ വിശകലനം ചെയ്യുമ്പോൾ ലഭിക്കുന്ന പുതിയ കണ്ടെത്തലുകൾ വേണ്ടിവന്നാൽ വായനക്കാരന് തിരുത്താനും പുനഃപരിശോധിക്കനും ഈ വായനയിലൂടെ സാധിക്കുന്നു.

– സ്വയം വിമർശനാപരമാണ്.

<u>വിമർശനാത്മക വായനയിൽ ഉയർത്തേണ്ട ചോദ്യങ്ങൾ</u>

-രചയിതാവ് ആരുടെ താത്പര്യങ്ങൾക്കുവേണ്ടിയാണ് സംസാരിക്കുന്നത് ?

-രചനയുടെ ഔചിത്യം എന്താണ് ?

-വാദങ്ങൾ സാധൂകരിക്കാനായി വയ്ക്കുന്ന തെളിവുകൾ എന്തെല്ലാമാണ് ?

-ഗൗരവമുള്ള രചനയാണോ ?

-അഭിപ്രായങ്ങൾ യുക്തിപൂർവ്വമാണോ ?

-എന്തെങ്കിലും ഒളിച്ചുവയ്ക്കാൻ ശ്രമിക്കുന്നുണ്ടോ ?

-ഈ വായന ആർക്കുവേണ്ടിയാണ് നിലകൊള്ളുന്നത് ?

-എന്തു മൂല്യബോധമാണ് വിനിമയം ചെയ്യുന്നത് ?

-ശീർഷകം നൽകുന്ന ആർത്ഥതലം എന്ത് ?

-ആശയരൂപീകരണത്തിന് രചിതാവ് സ്വീകരിച്ച ചിന്താരീതി, അവതരണരീതി ഏത് ?

**മാതൃക 1**

**അന്തിയിരുട്ടിൽ**

**ദിക്കുതെറ്റിയ പെൺപക്ഷി**

തന്റെ കൂടിനെച്ചൊല്ലി
തന്റെ കുഞ്ഞിനെച്ചൊല്ലി
സംഭ്രമിച്ചു കരയുന്നു.

എനിക്കതിന്റെ കൂടറിയാം
കുഞ്ഞിനേയുമറിയാം
എന്നാൽ എനിക്കതിന്റെ
ഭാഷയറിയില്ലല്ലോ.

'എനിക്കതിന്റെ ഭാഷയറിയില്ലല്ലോ' എന്ന കവിയുടെ വേവലാതി ന്യായമാണോ ?
ഭാഷാനഷ്ടം ഉണ്ടാക്കുന്ന പ്രശ്നങ്ങളോടുള്ള നിങ്ങളുടെ പ്രതികരണം എന്താണ് ?

**മാതൃക 2**

'ചവിട്ടാൻ, നിങ്ങൾക്കു ചിലപ്പോൾ പൂജിക്കാൻ ,
പരക്കെപ്പുച്ഛിക്കാൻ, പരിത്യജിക്കുവാൻ ,
തുണയ്ക്കു കൈകോർത്തു നടക്കാൻ, മക്കളെ
പിടയ്ക്കും നെഞ്ഞെത്തു കിടത്തിപ്പോറ്റുവാൻ
ഇവൾക്കുമാത്രമായ് ഒരു ജന്മം'

(ഇവൾക്കു മാത്രമായ് - സുഗതകുമാരി)

കവിതയിൽ ആവിഷ്ക്കരിച്ചിരിക്കുന്ന സ്ത്രീജീവിതപ്രശ്നങ്ങൾ ന്യായമാണോ ?
പുതിയ കാലത്ത് സ്ത്രീക്ക് പുരുഷനൊപ്പമുള്ള പരിഗണന ലഭിക്കുന്നുണ്ടോ ?
സ്ത്രീതന്നെയാണ് സ്ത്രീയുടെ ശത്രു എന്ന കാഴ്ച്ചപ്പാട് ശരിയോ?

**മാതൃക 3**

'ഹൃദ്യം സ്വഭാഷതൻ ശീകരമോരോന്നു-
മുൾത്തേനായ്ച്ചേരുന്നു ചിത്തതാരിൽ

അന്യബിന്ദുക്കളോ തൽബഹിർഭാഗമേ

ഭിന്നിച്ചുനിൽക്കുന്ന തൂമുത്തുകൾ'

( എന്റെ ഭാഷ – വള്ളത്തോൾ )

# എഴുത്ത് - [illegible]

അടിസ്ഥാന ഭാഷാശേഷികളിൽ എഴുത്തിന് വലിയ പ്രധാന്യമുണ്ട്. വായനയിലൂടെയും മറ്റും നേടിയ അറിവുകളെ സമൂഹത്തിന് ഗുണകരമായ രീതിയിൽ അവതരിപ്പിക്കുക എന്നതാണ് എഴുത്തിന്റെ അടിസ്ഥാന ലക്ഷ്യം. ആശയപ്രകടിത ശേഷികളിൽ **(Productive Skills)** എഴുത്തിന്റെ സ്ഥാനം വളരെ വലുതാണ്. ഭാഷയുടെ അടിസ്ഥാന നിയമങ്ങളും എഴുത്ത് രീതികളും പ്രാഥമിക ക്ലാസ്സുകളിൽ തന്നെ കുട്ടി തിരിച്ചറിയുന്നുണ്ട്. അവ ഉപയോഗിച്ച് എഴുത്തിന്റെ ഉയർന്ന ശേഷി വികസനം സാധ്യമാക്കേണ്ടതുണ്ട്. സെക്കണ്ടറി തലത്തിലെ എഴുത്ത് കുട്ടിയിൽ നിന്നും ഉയർന്ന ശേഷികൾ ആവശ്യപ്പെടുന്നു.

സെക്കണ്ടറി തലത്തിലെ കുട്ടിയെ സംബന്ധിച്ചിടത്തോളം എഴുത്ത് ആകർഷവും ഉയർന്ന നിലവാരം പുലർത്തുന്നതുമാകണമെങ്കില് നിരന്തരമായ പരിശ്രമം ആവശ്യമാണ് അതിന് ഭാഷയുടെ അടിസ്ഥാന നിയമാവലികൾ അറിയുന്നതിനോടൊപ്പം ശ്രദ്ധേയമായ നിരവധി കാര്യങ്ങളുമുണ്ട് ചിഹ്നനവ്യവസ്ഥ തിരിച്ചറിഞ്ഞും ഖണ്ഡിക നിർമ്മാണത്തിന്റെ യുക്തി മനസ്സിലാക്കിയും എഴുത്തിലേർപ്പെടുക. ആശയതലം ഉൾക്കൊണ്ട് വിമർശനാത്മകവും **(Critical Writing)** യുക്തി ചിന്താപരവും **(Argumentative Writing)** സർഗാത്മകവുമായ **(Creative Writing)** രചനകളിലേർപ്പെടുക എന്നിവ വളരെ പ്രധാനപ്പെട്ടതാണ്. നൈസർഗ്ഗികമായ കഴിവുകളെ വളർത്തി ആശയങ്ങളെയും അഭിപ്രായങ്ങളെയും ഉയർന്ന നിലവാരത്തിൽ പ്രകടിപ്പിക്കുന്നതിനുള്ള ശേഷി നേടിയെടുക്കുന്നതിന് കുട്ടികളെ പ്രാപ്തരാക്കുക എന്നതാണ് ഇവിടെ ലക്ഷ്യം വയ്ക്കുന്നത്.

പ്രശസ്ത കഥാകൃത്തായ സക്കറിയ തന്റെ ബാല്യകാല ഒർമ്മകള്

അവതരിപ്പിക്കുന്നത് നോക്കുക :

'പ്രധാനമായും ഞങ്ങളുടെ നാട്ടിൽ മൂന്നുതരം
ആളുകളാണ് അന്നൊക്കെ ഉണ്ടായിരുന്നത്.
(1) നടക്കുന്നവർ (2) പണിചെയ്യുന്നവർ
(3) കുളിക്കുന്നവർ. വെറുതെയിരിക്കുന്നവരായി
കണ്ടിട്ടുള്ളത് കടയുടമസ്ഥരെ മാത്രമായിരുന്നു;
പിന്നെ, ഇതെല്ലാം നോക്കിയും കണ്ടും എന്നെ
പ്പോലെ മരങ്ങളുടെയും കല്ലുകളുടെയും മുകളിൽ
വെറുതെയിരിക്കുന്ന ബാലികാ ബാലന്മാരും.'

പ്രധാനമായും മൂന്നുതരം ആളുകളാണ് ഉള്ളത് എന്ന് പറയുമ്പോൾ പ്രധാനമല്ലാത്ത ചിലരെങ്കിലും അവിടെ ഇല്ലേ എന്ന ചിന്ത വായനക്കാരനിൽ ഉണ്ടാകും എന്നതുകൊണ്ടാണ് വെറുതെയിരിക്കുന്ന കടയുടമകളെക്കുറിച്ച് ഉടനെ സൂചിപ്പിച്ചത് . ഞാൻ/ ഞങ്ങൾ കൂടിയാകുമ്പോൾ ആ നാട് പൂർണ്ണമായി എന്ന് വായനക്കാരൻ ആശ്വസിക്കുന്നു. ആശയത്തെ അതിന്റെ ഏറ്റവും ലളിതമായ രീതിയിലും ആഴത്തിലും വ്യക്തതയോടെ എഴുതിയവതരിപ്പിക്കുമ്പോൾ എഴുതുന്നയാൾക്ക് ലഭിക്കുന്ന മാനസികാഹ്ലാദവും വളരെ പ്രധാനപ്പെട്ടതാണ്.

ഏതൊരു രചനയിലേർപ്പെടുമ്പോഴും ഒരു മുന്നൊരുക്കം നമുക്കാവശ്യമാണ്. എന്തെല്ലാം കാര്യങ്ങളാണ് നാം മുന്നൊരുക്കങ്ങളായി ചെയ്യേണ്ടത്?

- എഴുതാനുള്ള ഒരു വിഷയം തിരഞ്ഞെടുക്കണം
- ആ വിഷയത്തിന്റെ നാനാവശങ്ങളെക്കുറിച്ച് ചിന്തിക്കണം
- രചനയിലുൾപ്പെടുത്തേണ്ട ആശയങ്ങളെക്കുറിച്ച് വ്യക്തത വേണം.
- ആശയങ്ങളെ പോഷിപ്പിക്കുന്നതിനാവശ്യമായ വിവരങ്ങൾ ശേഖരിക്കണം.
- നല്ല ഒരാമുഖവും ഉചിതമായ ഒരു ഉപസംഹാരവും മുൻകൂട്ടി മനസ്സിൽകാണണം.

ഇങ്ങനെ മാനസികമായ ഒരു തയ്യാറെടുപ്പ് എല്ലാ എഴുത്തിനും ഉണ്ടാകുന്നത് ഏതൊരു രചനയെയും ഉയർന്ന നിലവാരത്തിലെത്തിക്കും.

എഴുത്ത് എപ്പോഴും ഒതുക്കമുള്ളതായിരിക്കണം. ഒരാശയത്തെ അവതരിപ്പിക്കുമ്പോൾ അതിന്റെ ആഴം എത്ര കൂടുന്നോ അത്ര നല്ലതും പരപ്പ് എത്ര കുറയുന്നോ അത്ര മികച്ചതുമായിരിക്കും. അതായത് എഴുതാനുള്ളത് ചുരുക്കി എഴുതാനുള്ള ശേഷി നേടിയെടുക്കണം. ഒപ്പം എഴുത്ത് ആകർഷകവും സർഗാത്മകവുമാകണം. സെക്കണ്ടറി തലത്തിലെ ഒരു കുട്ടിയിൽ എഴുത്തിന്റെ ഉയർന്ന ശേഷി വികസനം സാധ്യമാകുന്നതിന് ആവശ്യമായ നിർദ്ദേശങ്ങളും അഭ്യാസങ്ങളുമാണ് ഇവിടെ ചർച്ച ചെയ്യുന്നത്.

എഴുത്തിന്റെ ഉയർന്ന ശേഷിവികസനവുമായി ബന്ധപ്പെട്ട ഈ പരിശീലനപരിപാടി രണ്ട് ഭാഗങ്ങളായാണ് ക്രമീകരിച്ചിരിക്കുന്നത്.

A. രചനയുടെ അടിസ്ഥാനഘടകങ്ങൾ.

B. വ്യത്യസ്ത രചനാവിഭാഗങ്ങൾ.

രചനയുടെ അടിസ്ഥാനഘടകങ്ങളായ ഭാഷാനിയമങ്ങൾ, ചിഹ്നങ്ങൾ ചേർക്കുന്ന രീതി, ഖണ്ഡികാനിർമ്മാണം, പദവാക്യബന്ധങ്ങൾ എന്നിവ ഒന്നാമത്തെ ഭാഗത്ത് ചർച്ചചെയ്യുന്നു. വ്യത്യസ്ത രചനാവിഭാഗങ്ങളിൽ രചനകളെപൊതുവെ വിഭജിക്കുന്ന രീതി പരിചയപ്പെടുത്തുന്നതിനോടൊപ്പം പ്രധാന എഴുത്തു രീതികളായ ആശയത്തിലൂന്നിയുള്ള രചന, വിമർശനാത്മക രചന, യുക്തിഭദ്രമായ രചന, സർഗാത്മക രചന എന്നിവയെ പരിചയപ്പെടുത്തുകയും പരിശീലനത്തിനാവശ്യമായ അഭ്യാസങ്ങളിലൂടെ കടന്നുപോകുകയും ചെയ്യുന്നു.

☆ ☆ ☆ ☆

# അധ്യായം 1

## ഭാഷാപ്രയോഗ നിയമങ്ങൾ തിരിച്ചറിഞ്ഞ് രചന നടത്തുന്നതിന്

വിദ്യാഭ്യാസത്തിന്റെ പ്രാഥമികഘട്ടത്തിൽ കുട്ടി ഭാഷാനിയമങ്ങൾ പരിചയപ്പെടുന്നുണ്ട്. മാതൃഭാഷ എന്ന നിലയിൽ ചെറുപ്പം മുതൽ കേട്ടും പറഞ്ഞും വായിച്ചും പരിചയിക്കുന്ന ഭാഷയെ സെക്കണ്ടറി തലത്തിലെത്തുമ്പോൾ ആഴത്തിലും വ്യക്തതയോടെയും തിരിച്ചറിയേണ്ടതുണ്ട്. അക്ഷരബോധം ഉറയ്ക്കുക, ചില്ലക്ഷരങ്ങൾ, കൂട്ടക്ഷരങ്ങൾ, സ്വരാക്ഷരങ്ങളുടെ ചിഹ്നങ്ങൾ ഇവ മനസ്സിലാക്കുക തുടങ്ങി പദച്ചേരുവയുടെ നിയമങ്ങളും പദങ്ങളെ ഘടകങ്ങളാക്കുന്ന രീതിയും പരിചയപ്പെടേണ്ടിയിരിക്കുന്നു.

അക്ഷരബോധവുമായി ബന്ധപ്പെട്ട ചില നിരീക്ഷണങ്ങൾ ശ്രദ്ധിക്കുക. സ്വരാക്ഷരങ്ങളുടെ ചിഹ്നങ്ങൾ തെറ്റിക്കുന്നത് സാധാരണമാണ്. പ്രത്യേകിച്ച് എ/ഓ എന്നിവയുടെ ചിഹ്നങ്ങൾ.

പട്ടിക ശ്രദ്ധിക്കുക.

പട്ടിക 1

| തെറ്റ് | ശരി |
|---|---|
| കോരളം | കേരളം |
| കേണ് | കോണ് |
| മോശ | മേശ |
| ഗേവ | ഗോവ |
| പ്രദോശം | പ്രദേശം |

കൂട്ടക്ഷരങ്ങൾ നോക്കുക

സാധാരണ കൂട്ടക്ഷരങ്ങൾ കുട്ടികൾക്ക് പരിചിതമാണ്.

ഉദാ : ത + ത =ത്ത

ക + ക = ക്ക

എന്നാൽ വ്യഞ്ജനാക്ഷരങ്ങൾ തമ്മില് ചേർന്ന് കൂട്ടക്ഷരങ്ങളുണ്ടാകുന്നത് തെറ്റിച്ച് കാണാറുണ്ട്.

ഉദാ: ഞ + ജ = ഞ്ജ

പട്ടിക നോക്കി പരിചയപ്പെടാം

പട്ടിക 2

| | |
|---|---|
| മ് + പ = മ്പ | ഉദാ : ഉമ്പർകോന് |
| ങ് +ക =ങ്ക | ഉദാ : വങ്കത്തരം |
| ശ് + ച =ശ്ച | ഉദാ : ഹരിശ്ചന്ദ്രൻ |
| ഗ് +ന =ഗ്ന | ഉദാ : അഗ്നി |
| ജ് + ഞ = ജ്ഞ | ഉദാ : വിജ്ഞാനം |
| ക് +ഷ = ക്ഷ | ഉദാ : വൃക്ഷം |

യ, വ, റ എന്നീ വ്യഞ്ജനാക്ഷരങ്ങൾ ചേർന്ന് കൂട്ടക്ഷരങ്ങൾ ഉണ്ടാകുമ്പോൾ അവയുടെ ചിഹ്നങ്ങളാണ് വരിക. ഇതും പലപ്പോഴും തെറ്റിക്കാറുണ്ട്.

ത്+യ = ത്യ ഉദാ : നിത്യയൗവ്വനം

ത്+വ = ത്വ ഉദാ : കന്യകാത്വം

ത്+റ = ത്ര ഉദാ : നേത്രാവതി

ഉദാഹരണങ്ങൾ കണ്ടെത്തി പട്ടിക പൂർത്തിയാക്കുക

പട്ടിക 3

| അക്ഷരങ്ങൾ | കൂട്ടക്ഷരം | ഉദാഹരണം |
|---|---|---|
| പ് +റ | പ്ര | പ്രകടനം |
| | | ………… |

| | | |
|---|---|---|
| ത് +വ | ത്വ | ........... |
| പ് +യ | ..... | ........... |
| ന് +യ | ..... | ........... |
| ക് +റ | ..... | ........... |
| ച് +യ | ..... | ........... |
| ശ് +വ | ..... | ........... |
| സ് + വ | ..... | |

ഉച്ചരിക്കുന്നതുപോലെ എഴുതുന്ന ഭാഷയാണ് മലയാളം. പദാദിയിൽ വരുന്ന വ്യഞ്ജനാക്ഷരങ്ങളെ എകാരഛായകലർത്തി ഉച്ചരിക്കാറുണ്ട്. പക്ഷെ എഴുതുമ്പോൾ അത് പാടില്ല.

പട്ടിക നോക്കി മനസ്സിലാക്കുക.

പട്ടിക 4

| ശരി | തെറ്റ് | ശരിയായ മാതൃക |
|---|---|---|
| ഗണം | ഗെണം | ഗജവീരൻ |
| ബലം | ബെലം | ബലരാമൻ |
| ജനം | ജെനം | ജനകൻ |
| ദയ | ദെയ | ദണ്ഡിയാത്ര |
| യതി | യെതി | യദുകുലം |
| രവി | രെവി | രവീന്ദ്രൻ |
| ലത | ലെത | ലങ്ക |
| റവ | റെവ | റസ്ക് |
| ക്ഷമ | ക്ഷെമ | ക്ഷണിക്കുക |

## വാക്യനിർമ്മാണം

നാമം, ക്രിയ, വിശേഷണം ഇവ ചേർന്നതാണ് വാക്യങ്ങൾ. കർത്താവ്, കർമ്മം, ക്രിയ എന്നതാണല്ലോ മലയാളത്തിന്റെ വാക്യഘടന.

ഉദാ: ബാലി സുഗ്രീവനെ കൊന്നു.

ഇവിടെ 'ബാലി' കർത്താവ്, 'സുഗ്രീവൻ' കർമ്മം,

'കൊന്നു' എന്നത് ക്രിയ.

ബാലിയും സുഗ്രീവനും നാമമാണ് (പേര്) കൊന്നു എന്നത് ക്രിയയും (പ്രവർത്തി).

വിശേഷണം എന്നാൽ ഏതെങ്കിലുമൊന്നിന്റെ ഗുണത്തെ പറയുന്നതാണ്. നാമത്തിന്റെയും ക്രിയയുടെയും വിശേഷണത്തിന്റെയും ഗുണത്തെ പറയാം.

ഉദാ: നാമം - നാമവിശേഷണം

മെലിഞ്ഞ കുട്ടി

മെലിഞ്ഞ എന്നത് 'കുട്ടി'യുടെ വിശേഷണം

ക്രിയ - ക്രിയാവിശേഷണം

വേഗത്തിൽ ഓടി

വേഗത്തിൽ എന്നത് 'ഓടി'യുടെ വിശേഷണം.

വിശേഷണം - വിശേഷണ വിശേഷണം

വളരെ വേഗത്തിൽ ഓടി

വളരെ എന്നത് 'വേഗത്തിൽ' എന്നതിന്റെ വിശേഷണം.

നാമം, ക്രിയ തുടങ്ങിയവ ഭാഷയുടെ അടിസ്ഥാന ഘടകങ്ങളാണ്. അവ കുട്ടികൾക്ക് പരിചിതവുമാണ്. എന്നാൽ വിശേഷണങ്ങൾ ചേർക്കുന്നിടത്താണ് കുട്ടികൾ തെറ്റു വരുത്തുന്നതും അവർക്ക് പരിശീലനം ആവശ്യമുള്ളതും. ചില അഭ്യാസങ്ങളിലൂടെ കടന്നു പോകാം.

### അഭ്യാസം 1

"പൂക്കൾ മഴക്കാറ്റിൽ പറന്നുപോകുന്നുണ്ടോ, അടർത്തിവെച്ച ഇതളുകൾ കമിഴ്ന്നുപോകുന്നുണ്ടോ എന്നെല്ലാം ശ്രദ്ധിച്ച്, ഇതളുകൾക്കും മേലെ കെട്ടിനില്ക്കുന്ന മഴവെള്ളം ഇടയ്ക്ക് വന്ന് കുടഞ്ഞുകളഞ്ഞ് അവയ്ക്കുമേൽ നന്നേ ചെറിയ ഈർക്കില് കഷണം കുത്തി നിർത്തി അവരുടെ സ്ഥാനഭ്രംശത്തെ തന്നാലാവും വിധം ചെറുത്ത് മുത്തച്ഛൻ പൂക്കളെപരിസരത്തുണ്ടാവും, ഞങ്ങളുച്ചയ്ക്ക് സ്കൂൾവിട്ടു വരുമ്പോഴും."

അടിവരയിട്ട പദങ്ങളെ നാമവിശേഷണം, ക്രിയാവിശേഷണം, വിശേഷണ വിശേഷണം എന്നിങ്ങനെ പട്ടികപ്പെടുത്തുക.

അഭ്യാസം 2

വിശേഷണ പദങ്ങൾ കണ്ടെത്തി പട്ടികപ്പെടുത്തി എഴുതുക.

"ആ നഗരത്തിന്റെ ഒരു മൂലയിൽ പുതുതായി നിർമ്മിക്കപ്പെട്ട ഒരു റോഡിനാൽ ത്രികോണാകൃതി പ്രാപിച്ച ഒരു തുണ്ട് പുരയിടം വാങ്ങാനുള്ള പണം അവനുണ്ടാക്കി."

"അയാൾ കിണറ്റു മതിലിൽ കയറി. ഇന്ദ്രദിക്കിൽ നിന്ന് ചന്ദ്രൻ എത്തിനോക്കി. പൊട്ടാൻ തുടങ്ങുന്ന മാറിടത്തെ അയാൾ ആ കുരിശടയാളത്തോട് ചേർത്തുവച്ചു."

വിശേഷണങ്ങൾ പോലെ തന്നെ മറ്റൊരു പ്രധാനപ്പെട്ട മേഖലയാണ് പദവാക്യങ്ങളെ ബന്ധിപ്പിക്കുന്ന ഘടകപദങ്ങൾ. അവ ചുവടെ കൊടുക്കുന്നു.

ഉം, ഓ,എ, എങ്കിൽ,നിന്ന്, കൂടെ, ഓളം,വേണ്ടി,തൊട്ട്, അതുകൊണ്ട്, അതിനാൽ, എന്നാൽ, എപ്പോൾ തുടങ്ങിയവ പ്രയോഗിക്കുന്ന കാര്യത്തിൽ പലപ്പോഴും കുട്ടികൾ തെറ്റ് വരുത്താറുണ്ട്.

ഉദാ: 1. രാമൻ സീത കാട്ടിൽ പോയി

രാമനും സീതയും കാട്ടിൽ പോയി (ഉം)

2. രാജാവ് മന്ത്രി യുദ്ധത്തിൽ പങ്കെടുത്തില്ല

രാജാവോ മന്ത്രിയോ യുദ്ധത്തിൽ പങ്കെടുത്തില്ല (ഓ)

3. അദ്ദേഹം പ്രവേശിച്ചു. എല്ലാവരും എഴുന്നേറ്റു.

അദ്ദേഹം പ്രവേശിക്കവേ എല്ലാവരും എഴുന്നേറ്റു.(എ)

അദ്ദേഹംപ്രവേശിച്ചപ്പോള്എല്ലാവരുംഎഴുന്നേറ്റു.(അപ്പോൾ)

4. അവൻ കൊലപാതകം നടത്തി.അവനെ അറസ്റ്റ് ചെയ്യണം.

അവൻ കൊലപാതകം നടത്തിയെങ്കിൽ അവനെ അറസ്റ്റ് ചെയ്യണം. (എങ്കിൽ)

5. ബാഹുലേയകന്റെ ജീവൻ രക്ഷിക്കണം. ഞാൻ രക്തം ദാനം ചെയ്തു

ബാഹുലേയകന്റെ ജീവൻ രക്ഷിക്കുന്നതിന് വേണ്ടി ഞാൻ രക്തം ദാനം ചെയ്തു (വേണ്ടി)

6. പകല് സമയത്ത് കുട്ടികൾ സ്കൂളിലാണ്.

കുട്ടികളുടെ വളർച്ചയില് അധ്യാപകർക്ക് പങ്കുണ്ട്

പകൽ സമയത്ത് കുട്ടികൾ സ്കൂളിലായതുകൊണ്ട്

അവരുടെ വളർച്ചയില് അധ്യാപകർക്ക് പങ്കുണ്ട് (അതുകൊണ്ട്)

8. പുറത്തേയ്ക്ക് ഇറങ്ങാനായി അയാൾ വാതിൽ തുറന്നു. അവൾ അകത്ത് കയറിയില്ല.

പുറത്തേയ്ക്ക് ഇറങ്ങാനായി അയാൾ വാതിൽ തുറന്നതിനാൽ അവൾ അകത്ത് കയറിയില്ല. (അതിനാൽ)

9 .ആദ്യത്തെ ദിവസങ്ങളിൽ അങ്ങനെ എത്രവട്ടം ഞാൻ ഛർദ്ദിച്ച് പോയിരിക്കുന്നു. പതിയെ പതിയെ ആ വാട എന്നിൽ നിന്ന് അകന്നുപോയി.

ആദ്യത്തെ ദിവസങ്ങളിൽ അങ്ങനെ എത്രവട്ടം ഞാൻ ഛർദ്ദിച്ച് പോയിരിക്കുന്നു. എന്നാൽ പതിയെ പതിയെ ആ വാട

എന്നിൽനിന്ന് അകന്നുപോയി. (എന്നാൽ)

10.ശുഷ്കശരീരൻ വെണ്ണീറിൽ കനലെന്നപോലെ ഒളിഞ്ഞുകിടക്കുന്ന കുടുംബസ്നേഹം ആ അവസരത്തിൽ അയാളിൽ സമുജ്ജ്വലിക്കാറുണ്ടായിരുന്നു.

ശുഷ്കശരീരനെങ്കിലും വെണ്ണീറിൽ......... (എങ്കിലും)

11. നിലാവിലലിഞ്ഞ അവളുടെ മുഖം ഞാൻ കണ്ടു. എന്റെ മനസ്സ് അലിഞ്ഞു പോയി.

നിലാവിലലിഞ്ഞ അവളുടെ മുഖം കണ്ടപ്പോൾ എന്റെ മനസ്സ് അലിഞ്ഞു പോയി. (അപ്പോൾ)

ഇത്തരം ഉദാഹരണങ്ങൾ പാഠഭാഗത്തുനിന്ന് കണ്ടെത്തി പരിശീലിക്കുക.

## പ്രത്യയങ്ങള്

ഏതൊരു ഭാഷയുടെയും അടിസ്ഥാന ശബ്ദങ്ങളാണ് പ്രത്യയങ്ങൾ. വാക്കുകൾ ഉണ്ടാകുന്നത് പ്രകൃതിയും പ്രത്യയവും കൂടിച്ചേർന്നാണ്.

ഉദാ: ഓടി = ഓട് + ഇ,

അവൻ = അ +അൻ.

ഇതിൽ പ്രകൃതിയെ നമുക്ക് ഏത് ഭാഷയിൽ നിന്നും സ്വീകരിക്കാം. ഉദാഹരണത്തിന് രാമൻ എന്ന പദത്തിൽ 'രാമ' എന്ന പ്രകൃതി സംസ്കൃതമാണ്. 'രാമ' എന്നതിനോട് 'അൻ' എന്ന മലയാള പ്രത്യയം ചേർന്നാണ് രാമൻ എന്ന മലയാളപദം ഉണ്ടാകുന്നത്. ഇംഗ്ലീഷ് ഭാഷയിലെ 'bench'(ബെഞ്ച്) എന്ന പ്രകൃതിയുടെകൂടെ 'ഇൽ' എന്ന മലയാള പ്രത്യയം ചേരുമ്പോൾ 'ബെഞ്ചിൽ' എന്ന മലയാളപദം ഉണ്ടാകുന്നു. ചുരുക്കത്തിൽ പ്രകൃതിയെ ഏത് ഭാഷയിൽ നിന്നും നമുക്ക് സ്വീകരിക്കാം. എന്നാൽ പ്രത്യയങ്ങൾ നമ്മുടെ ഭാഷയ്ക്ക് സ്വന്തമാണ്. അവ ഓരോ ഭാഷയ്ക്കും വ്യത്യസ്തവുമാണ്. അതുകൊണ്ടുതന്നെ ഭാഷയിലെ പ്രത്യയങ്ങൾ വളരെ പ്രധാനപ്പെട്ടതും എഴുത്ത് ആകർഷകവും ഉയർന്ന നിലവാരം പുലർത്തുന്നതുമാകുന്നതിന് അവയെക്കുറിച്ചുള്ള അടിസ്ഥാനജ്ഞാനം അത്യാവശ്യവുമാണ്. പ്രധാനമായും നാലുതരം പ്രത്യയങ്ങളാണ് മലയാളത്തിൽ ഉള്ളത്. ലിംഗപ്രത്യയം, വചനപ്രത്യയം, കാലപ്രത്യയം, വിഭക്തിപ്രത്യയം. സെക്കണ്ടറി തലത്തിലെ കുട്ടി ഇവയെക്കുറിച്ച് ആഴത്തിൽ ധാരണ നേടേണ്ടതുണ്ട്.

## ലിംഗ പ്രത്യയം

എഴുത്തിൽ ആൺ, പെൺ, നപുംസകഭേദത്തെ തിരിച്ചറിഞ്ഞ് പ്രത്യയം

ഉപയോഗിക്കുന്നതിനുള്ള ശേഷി നേടിയെടുക്കേണ്ടതുണ്ട്. അവൻ, അവൾ, അത് തുടങ്ങിയ പൊതുപദങ്ങൾ കുട്ടികൾക്ക് പരിചിതമാണ്. എങ്കിലും വേറെ വേറെ തിരിച്ച് പറയുമ്പോൾ ചില പ്രത്യയങ്ങളുടെ കാര്യത്തില് സംശയം വന്നേക്കാം.

പുല്ലിംഗത്തിന് പൊതുവേ 'അൻ' പ്രത്യയമാണ് ഉപയോഗിക്കുക.

ഉദാ: സുന്ദരൻ

ദേവൻ

അച്ഛൻ

കേമൻ

സഹോദരൻ

രാധാകൃഷ്ണൻ

കർഷകന്

തുടങ്ങിയവ ലളിതമായി മനസ്സിലാക്കാൻ സാധിക്കുന്നവയാണ്. ഇവ

ദേവൻ = ദേവ + അൻ

ഇങ്ങനെ പ്രത്യയം വേർപ്പെടുത്തി പരിശോധിക്കാവുന്നതാണ്.

സ്ത്രീലിംഗത്തിൽ ഇ, ത്തി, ച്ചി, ശ്ശി, ട്ടി എന്നിവ പ്രത്യയങ്ങളാണെങ്കിലും പ്രത്യയമില്ലാതെയും പദങ്ങൾ വരാം. 'ഇ' ആണ് പ്രധാന സ്ത്രീലിംഗ പ്രത്യയം.

ഉദാ: കേമി, കൂനി, രമണി, മിടുക്കി ആദിയായവ. എന്നാൽ കൊല്ലത്തി, തട്ടാത്തി(ത്തി), തടിച്ചി, കൊതിച്ചി(ച്ചി), മണവാട്ടി, തമ്പുരാട്ടി(ട്ടി), മുത്തശ്ശി(ശ്ശി) തുടങ്ങിയവയും സ്ത്രീലിംഗപ്രത്യയങ്ങളാണ്. കൂടാതെ, അമ്മ, അമ്മൂമ്മ, രാധ തുടങ്ങി പ്രത്യയമില്ലാതെ ഉപയോഗിക്കുന്ന പദങ്ങളുമുണ്ട്.

ആൺ, പെൺ ഭേദമില്ലാത്തതോ അത് ആവശ്യമില്ലാത്തതോ ആയ പദങ്ങളോട് ചേർന്ന് വരുന്നതാണ് നപുംസക പ്രത്യയം.

ഉദാ: വൃക്ഷം, സംഗീതം, ആകാശം, കലം, .... 'അം' പ്രത്യയമല്ലാതെ വരുന്ന ധാരാളം നപുംസക പദങ്ങളും നമുക്ക് മലയാളത്തിൽ കാണുവാൻ സാധിക്കും.

ഉദാ: മാങ്ങ - അ

കിളി - ഇ

പുഴു -ഉ

തെങ്ങ് - ് (സംവൃതോകാരം)

മാൻ - ൻ

കായൽ - ൽ

കവിൾ - ൾ

<u>അലിംഗപ്രത്യയം</u>

സ്ത്രീ-പുരുഷഭേദം വ്യക്തമായി കാണിക്കാൻ കഴിയാത്ത നാമശബ്ദങ്ങളാണ് അലിംഗം.

ഉദാ: മൃഗം

കിളി

കുട്ടി

വേലക്കാർ

മിടുക്കർ

വിശേഷണ-വിശേഷ്യങ്ങളുടെ ലിംഗം ഒന്നുതന്നെയായിരിക്കണം.

ഉദാ: മിടുക്കിയായ ലക്ഷ്മി

വഞ്ചകനായ മാധവൻ

കൊതിച്ചിയായ നാണി

പറഞ്ഞത് കള്ളം

കൊതിച്ചിയായ രാമു എന്ന് പറയില്ല.

ലിംഗപ്രത്യയങ്ങളെക്കുറിച്ചുള്ള ധാരണ പ്രൈമറി തലത്തിൽ തന്നെ കുട്ടിയിൽ ഉറയ്ക്കുമെന്നതിനാൽ കൂടുതൽ വിശദീകരണം നല്കുന്നില്ല. കുട്ടികൾക്ക് പാഠപുസ്തകത്തിൽ നിന്ന് കൂടുതൽ ഉദാഹരണങ്ങൾ കണ്ടെത്തി അവ എത് ലിംഗത്തിൽ വരുന്നു എന്ന് മനസ്സിലാക്കാവുന്നതാണ്.

<u>വചനപ്രത്യയം</u>

ഒന്നോ ഒന്നിലധികമോ എന്ന് എണ്ണത്തെ സൂചിപ്പിക്കുന്നതിന് ഉപയോഗിക്കുന്ന പ്രത്യയമാണ് വചനപ്രത്യയം. ഒരെണ്ണത്തെ

സൂചിപ്പിക്കുന്നത് ഏകവചനം. ഒന്നിലധികം എണ്ണത്തെ സൂചിപ്പിക്കുന്നത് ബഹുവചനം.

| ഉദാ: ഏകവചനം | ബഹുവചനം |
|---|---|
| കുട്ടി | കുട്ടികൾ - കൾ |
| സഹോദരൻ | സഹോദരന്മാർ - മാർ |
| മനുഷ്യൻ | മനുഷ്യർ -അർ |

ഇത് പൊതുവെ കുട്ടികൾ തെറ്റിക്കാറില്ലെങ്കിലും അവയോട് ചേർന്നു വരുന്ന പദങ്ങൾ കുട്ടികൾക്ക് സംശയത്തിന് ഇടവരുത്താറുണ്ട്.

ഉദാ: ഓരോ കുട്ടികളും എന്നത് തെറ്റാണ്,

ഓരോ കുട്ടിയും എന്നെഴുതണം.

എല്ലാ കുട്ടിയും എന്നത് തെറ്റാണ്,

എല്ലാകുട്ടികളും എന്നെഴുതണം.

കൂടുതൽ ഉദാഹരണങ്ങൾ

ഓരോ കളിയും കഴിയുമ്പോൾ.......

ഓരോ ദിവസവും കഴിയുമ്പോൾ.......

എല്ലാ നിമിഷങ്ങളും വേദനാജനകമായിരുന്നു.

എല്ലാ കുരിശുകളും എന്റെ തലയിൽതന്നെ.

കൂടുതൽ ഉദാഹരണങ്ങൾ പാഠഭാഗത്തുനിന്ന് കണ്ടെത്തി എഴുതുക

## കാലപ്രത്യയം

ഭൂത ‐ ഭാവി - വർത്തമാന കാലങ്ങളെ സൂചിപ്പിക്കാൻ ഉപയോഗിക്കുന്ന പ്രത്യയമാണ് കാലപ്രത്യയം. ഭാഷാപ്രയോഗം കൊണ്ട് സ്വയമേവ ഇത് കുട്ടികളിൽ ഉറയ്ക്കുന്നതാണ്.

ഭൂതകാലത്തില് 'ഉ' 'ഇ' എന്നിവയാണ് പ്രത്യയങ്ങൾ.

ഉദാ: കേട്ടു

നിന്നു | ഉ

വന്നു
കണ്ടു

| | |
|---|---|
| എഴുതി | |
| വാങ്ങി | ഇ |
| പോയി | |
| ഇളകി | |

വർത്തമാനകാലത്തെ സൂചിപ്പിക്കാൻ 'ഉന്നു' എന്ന പ്രത്യയമാണ് ഉപയോഗിക്കുന്നത്.

ഉദാ: എഴുതുന്നു
കിടക്കുന്നു
പഠിക്കുന്നു

ഭാവികാലത്തെ സൂചിപ്പിക്കുന്നതിന് 'ഉം' പ്രത്യയമാണ് ഉപയോഗിക്കുന്നത്.

ഉദാ : എഴുതും
വരും
നിശ്ചയിക്കും
സഹായിക്കും

മാതൃഭാഷയായ തിനാൽ ചെറിയ പ്രായം മുതൽ പ്രയോഗിച്ചുതുടങ്ങുന്നതു കൊണ്ട് സെക്കണ്ടറി തലത്തിലെത്തുന്ന കുട്ടിക്ക് കാലപ്രത്യയങ്ങളിൽ വ്യക്തത ഉണ്ടാകും. എന്നാൽ, വാക്യപ്രയോഗത്തിൽ കാലം ഒരു പ്രധാനഘടകമാണ്. വാക്യസന്ദർഭത്തിനനുസരിച്ച് കാലം സൂചിതമാകണം.

ഉദാ: വർത്തമാനകാലം

'അവർ ഒന്നിച്ചു നടന്നു. അധികാരിയുടെ വീട്ടിൽ എല്ലാം തയ്യാറായിരുന്നു. വെപ്പുപുരയിൽ നിന്ന് പ്ലേറ്റുകളും പിഞ്ഞാണങ്ങളും

കൊണ്ടുവന്നു. പത്തിരിയും ഇറച്ചിയും. സുപ്ര വിരിച്ചു. എല്ലാവരും സുപ്രയ്ക്ക് ചുറ്റുമിരുന്നു'.

ഉദാ: ഭൂതകാലം

'മധ്യവയസ്കനായ ഒരു പുരോഹിതനും ഭാര്യയും മൂന്നുമക്കളും ഒഴിവുകാലം ആഘോഷിക്കാനായി മലഞ്ചെരുവിലെ പിക്നിക് സങ്കേതത്തിലെത്തി. കുടുംബാംഗങ്ങൾ താൽക്കാലിക ടെന്റിനുമുന്നില് ആടിപ്പാടി ആഘോഷങ്ങളിൽ മുഴുകി.'

കൂടുതൽ ഉദാഹരണങ്ങൾ പാഠപുസ്തകത്തിൽ നിന്ന് കണ്ടെത്തി പരിശോധിക്കുക.

## വിഭക്തി പ്രത്യയം

ഒരു നാമപദത്തിന് മറ്റ് പദങ്ങളോടോ പ്രത്യയങ്ങളോടോ ഉള്ള ബന്ധത്തെ സൂചിപ്പിക്കുന്നതിന് ആ നാമപദത്തോട് ചേർക്കുന്ന പ്രത്യയമാണ് വിഭക്തി.

നാട്, ഉത്സവം - നാടിന്റെ ഉത്സവം.

എ, ഓട്, ക്ക്/ന്, ആൽ, ഉടെ/ന്റെ, ഇൽ/കൽ എന്നിവയാണ് വിഭക്തി പ്രത്യയങ്ങൾ.

ഉദാ: രാമൻ, വിളിച്ചു - രാമനെ വിളിച്ചു (എ)

രാമൻ,പറഞ്ഞു - രാമനോട് പറഞ്ഞു (ഓട്)

രാമൻ,കൊടുത്തു - രാമന് കൊടുത്തു (ന്)

നദി, കുറുകെ - നദിക്ക് കുറുകെ (ക്ക്)

രാമൻ, ഉപേക്ഷിക്കപ്പെട്ടു - രാമനാൽ ഉപേക്ഷിക്കപ്പെട്ടു (ആൽ)

രാമൻ, സഹോദരൻ - രാമന്റെ സഹോദരൻ (ന്റെ)

അവൾ, രാജി - അവളുടെ രാജി (ഉടെ)

പത്ത്, എട്ട് - പത്തിൽ എട്ട് (ഇൽ)

ഇത്തരം പ്രത്യയങ്ങൾ ചേർന്നുവരുന്ന ധാരാളം ഉദാഹരണങ്ങള് പാഠഭാഗത്തുണ്ട്. അവ കണ്ടെത്തി എഴുതാം. വിഭക്തി പ്രത്യയങ്ങളില്ലാതെയും പദങ്ങൾ കൂടിച്ചേരാറുണ്ട്. ഉദാഹരണം: 'യന്ത്രഭ്രാന്ത് - യന്ത്രത്തോടുള്ള ഭ്രാന്ത്'

അവ പിന്നീട് ചർച്ചചെയ്യും.

അഭ്യാസം

വിഭക്തി പ്രത്യയം ചേർത്തെഴുതുക

1. അധ്യാപകൻ കുട്ടി വിളിച്ചു.
2. രാജു പേന ഞാൻ എടുത്തു
3. രാത്രി പത്ത് മണി ഞാൻ ഉറങ്ങും
4. ഓണം നാളെ സ്കൂൾ അടയ്ക്കും
5. മാലാഖ സ്വപ്നം വന്നു
6. പേന മഷി തീർന്നു
7. മനോരമയ്ക്ക് നാട് പ്രണാമം
8. കാട് തടി തേവര് ആന
9. ഇരുളിൻ മഹാനിദ്ര നിന്ന് ഉണർത്തി

## സന്ധി

കൂടിച്ചേരുന്നതാണ് സന്ധി. പദങ്ങൾ തമ്മിൽ കൂടിച്ചേരുമ്പോൾ വർണങ്ങൾക്കുണ്ടാകുന്ന മാറ്റത്തിന് സന്ധി എന്നു പറയുന്നു.

ഉദാ: തിരു + ഓണം = തിരുവോണം

വർണങ്ങള് കൂടിച്ചേർന്നാണ് അക്ഷരങ്ങൾ ഉണ്ടാകുന്നത്.

ത് + അ = ത

ത് + അം = തം

ര് + അ = ര

ര് + ഉ = രു

വർണങ്ങളും സ്വരങ്ങളും കൂടിച്ചേർന്ന് വ്യഞ്ജനാക്ഷരങ്ങൾ ഉണ്ടാകുന്നു.

ഉദാ:- ക്+അ=ക. ഈ വർണങ്ങള് തമ്മിലാണ് സന്ധി ചെയ്യുന്നത്. സന്ധിചെയ്യുമ്പോൾ വർണങ്ങൾക്ക് മാറ്റം സംഭവിക്കുന്നു. ഇങ്ങനെ സംഭവിക്കുന്ന മാറ്റങ്ങൾക്കനുസരിച്ച് സന്ധി പല പേരിൽ വരാം.

ഉദാഹരണങ്ങൾ നോക്കാം,

വരുന്നു + ഇല്ല = വരുന്നില്ല

വർണം - വ് +അ +ര് +ഉ+ന്ന്+ഉ+ഇ+ല്+ല്+അ

ഇവിടെ 'ഉ' ഉം 'ഇ' യും തമ്മിലാണ് സന്ധിചെയ്യുന്നത്. അപ്പോൾ 'ഉ'കാരം ലോപിച്ചു പോകുന്നു. അങ്ങനെ വരുന്ന പദമാണ് വരുന്നില്ല.

അതായത് വ് +അ +ര് +ഉ+ന്ന്+ഇ+ല്+ല്+അ = വരുന്നില്ല

മറ്റ് ഉദാഹരണങ്ങള്

1. തണുപ്പ് + ഉണ്ട് = തണുപ്പുണ്ട് (ലോപം)

   കൊടുത്ത + അപ്പോൾ = കൊടുത്തപ്പോൾ (അകാരം ലോപിച്ചു)

   കണ്ടു + ഇല്ല = കണ്ടില്ല (ഉകാരം ലോപിച്ചു)

2. കൈ +ആമം = കൈയാമം (യകാരം വന്നു.- ആഗമിച്ചു)

   തിരു + ഓണം = തിരുവോണം(വകാരം ആഗമിച്ചു)

   അ +അൻ = അവൻ (വകാരം ആഗമിച്ചു)

3. പുള്ളി + പുലി = പുള്ളിപ്പുലി (പകാരം ഇരട്ടിച്ചു - ദ്വിത്വം)

   ചേന +തണ്ടൻ = ചേനത്തണ്ടൻ (തകാരം ഇരട്ടിച്ചു)

   നാട് + അകം =നാട്ടകം (ടകാരം ഇരട്ടിച്ചു)

   വന്നാൽ + കാണാം = വന്നാൽക്കാണാം (കകാരം ഇരട്ടിച്ചു)

4.തേൻ + ചോരും = തേഞ്ചോരും (ഇവിടെ ൻ എന്ന ചില്ലക്ഷരം പോയി ഞകാരം വന്നു -ആദേശം)

   വെൺ + കായം = വെങ്കായം (ൺ പോയി ങകാരം വന്നു)

   കൺ + തു = കണ്ടു (തകാരം പോയി ടകാരം വന്നു.)

   കരിം +ചന്ത = കരഞ്ചന്ത (മ് (ം) പോയി ഞകാരം വന്നു.)

കൂടുതൽ ഉദാഹരണങ്ങൾ പാഠപുസ്തകത്തിൽ നിന്ന് കണ്ടെത്താവുന്നതാണ്.

മലയാളത്തെ സംബന്ധിച്ചിടത്തോളം ഗദ്യത്തിൽ സന്ധി അത്ര പ്രധാനമല്ല. പദ്യത്തിൽ ഭംഗി ലഭിക്കുന്നതിന് സന്ധി ആവശ്യമായി വരും. ഗദ്യത്തിൽ വിശേഷണങ്ങളായി വരുന്ന പദങ്ങൾ മാത്രം സന്ധി ചെയ്ത് ഉപയോഗിക്കുന്നതാണ് നല്ലത്. എങ്കിലും സന്ധി ആവശ്യമായി വരുന്നിടത്ത് തെറ്റുകൂടാതെ പ്രയോഗിക്കുന്നതിനുള്ള പ്രാവീണ്യം സെക്കണ്ടറി തലത്തിലെ

കുട്ടി നേടേണ്ടതുണ്ട്. എഴുത്ത് കൂടുതൽ ആകർഷകവും ശക്തവുമായി തീരുന്നതിന് സന്ധി ആവശ്യമാണ്.

"ചാപ്ലിൻ സിനിമകളിലെ ചിരിയുടെ പിന്നിൽ കണ്ണീരിന്റെ നനവും ദുരന്തത്തിന്റെ <u>ചൂളംവിളികളുമുണ്ടെന്ന്</u> നിരീക്ഷിച്ചിട്ടുണ്ട്." ഇവിടെ 'ചൂളം വിളികളും ഉണ്ടെന്ന്' എന്നെഴുതിയാൽ ഭംഗി കുറയുമെന്നേയുള്ളു, സന്ധി നിർബന്ധമില്ല.

'തലയിൽചകിരിച്ചോറുംതിരുകി' എന്നതിൽ സന്ധി നിർബന്ധമാണ്. അല്ലെങ്കിൽ 'തലയിൽ ചകിരി ചോറും തിരുകി' എന്നു വരും. ഇത് വാക്യത്തിന് അർത്ഥവ്യത്യാസം സംഭവിക്കാൻ ഇട നല്കും.

<u>സമാസം</u>

വിഭക്തി പ്രത്യയങ്ങളെക്കുറിച്ച് മുമ്പ് പരാമർശിച്ച് കഴിഞ്ഞു. വിഭക്തി പ്രത്യയങ്ങൾ കൂടാതെ നാമപദങ്ങളെ കൂട്ടിച്ചേർക്കുന്നതിനെ (സമാസിക്കുന്നതിനെ) സമാസം എന്നു പറയുന്നു.

ഉദാ: തലവേദന - തലയുടെ വേദന

കാട്ടാന - കാട്ടിലെ ആന

സമാസത്തിൽ പൊതുവെ രണ്ട് പദങ്ങൾ കാണും. 'തല', 'വേദന. ഇവയ്ക്ക് ഘടകപദങ്ങൾ എന്നാണ് പേര്. ആദ്യപദത്തിന് പൂർവ്വപദം എന്നും അവസാനത്തെ പദത്തിന് ഉത്തരപദം എന്നും പറയുന്നു.

കാട് - പൂർവ്വപദം

ആന - ഉത്തരപദം

ചിലപ്പോൾ മൂന്ന് പദങ്ങൾ ഉണ്ടാവാം. അപ്പോൾ നടുക്ക് വരുന്ന പദം - മധ്യമപദം

ഘടകപദങ്ങളെ അവയുടെ അർത്ഥം പൂർണ്ണമായും ഗ്രഹിച്ച് വേർതിരിച്ച് കാണിക്കണം. ഇതിന് വിഗ്രഹിക്കുക എന്ന് പറയും.

ഉദാ: പാക്കുവെട്ടി - പാക്കിനെ വെട്ടുന്നത്

വിഗ്രഹിക്കുമ്പോൾ ഘടകപദങ്ങൾതന്നെ ഉപയോഗിക്കണം. അതായത്, ഘടകപദങ്ങളുടെ പര്യായപദങ്ങളോ അർത്ഥം സൂചിപ്പിക്കുന്ന പദങ്ങളോ ഉപയോഗിക്കാന് പാടില്ല.

സെക്കണ്ടറി തലത്തിലെ കുട്ടികൾക്ക് പൊതുവെ പ്രയാസം അനുഭവപ്പെടുന്ന ഒന്നാണ് സമാസം. അതുകൊണ്ടുതന്നെ നിരവധി ഉദാഹരണങ്ങളിലൂടെയും പ്രവർത്തനങ്ങളിലൂടെയും മാത്രമേ അനായാസമായി സമാസിക്കുന്നതിനുള്ള ശേഷി നേടുവാൻ സാധിക്കുകയുള്ളു. ഏതാനും ഉദാഹരണങ്ങൾ കൊടുക്കുന്നു. സമാനമായവ കണ്ടെത്തി പരിശീലിക്കുമല്ലോ.

ദേശസ്നേഹം -ദേശത്തോടുള്ള സ്നേഹം

മന്ത്രീപുത്രൻ - മന്ത്രിയുടെ പുത്രൻ

രാജസിംഹാസനം - രാജാവിന്റെ സിംഹാസനം

അണിയറപ്രവർത്തകര് - അണിയറയിലെ പ്രവർത്തകന്

യന്ത്രഭ്രാന്ത് - യന്ത്രത്തോടുള്ള ഭ്രാന്ത്

മാതൃഭാഷാപഠനം - മാതൃഭാഷയുടെ പഠനം

മലയാളഭാഷ - മലയാളമാകുന്ന ഭാഷ

അച്ഛനമ്മമാർ - അച്ഛനും അമ്മയും

അർത്ഥവ്യക്തത മനസ്സിൽ രൂപപ്പെടുത്തി വേണം വിഗ്രഹിക്കുവാൻ. 'അണിയറപ്രവർത്തകര്' എന്നത് അണിയറയുടെ പ്രവർത്തകര് എന്നോ, അണിയറയ്ക്കുള്ള പ്രവർത്തകര് എന്നോ അണിയറയില് ഉള്ള പ്രവർത്തകര് എന്നോ എഴുതുന്നത് അർത്ഥവ്യക്തത ഇല്ലാത്തതുകൊണ്ടാണ്. അണിയറയിൽ പ്രവർത്തിക്കുന്നവരെയാണല്ലോ അണിയറപ്രവർത്തകര് എന്ന് പറയുന്നത്. അപ്പോൾ ഈ സമസ്തപദം വിഗ്രഹിക്കുമ്പോൾ 'അണിയറയിലെ പ്രവർത്തകര്' എന്നു തന്നെ കിട്ടണം. എങ്കിലേ അർത്ഥം പൂർണവും വ്യക്തവുമാകുകയുള്ളു.

കൂടുതൽ ഉദാഹരണങ്ങൾ നോക്കാം.

ഭൂമിയവകാശികൾ - ഭൂമിയുടെ അവകാശികൾ

അവകാശബോധം - അവകാശത്തെക്കുറിച്ചുള്ള ബോധം

ദൈവസൃഷ്ടികൾ - ദൈവത്തിന്റെ സൃഷ്ടികൾ

അവകാശവാദം - അവകാശത്തിനുള്ള വാദം

തുല്യാവകാശം - തുല്യമായ അവകാശം

ഗാർഹികത്തർക്കം - ഗൃഹത്തിലെ തർക്കം

പ്രകൃതിസങ്കല്പം - പ്രകൃതിയെക്കുറിച്ചുള്ള സങ്കല്പം

ഉല്പാദനോപാധികൾ -ഉല്പാദനത്തിനുള്ള ഉപാധികൾ

താഴെ തന്നിരിക്കുന്ന സമസ്തപദങ്ങളെ അർത്ഥം തെറ്റാതെ വിഗ്രഹിക്കുക.

1. ദിവ്യമുഹൂർത്തം
2. വേദനാജനകം
3. ജന്തുജാലം
4. ധർമ്മസംഘർഷം
5. ജീവിസമൂഹം
6. പുരോഗതിസങ്കല്പം
7. ചന്ദ്രോപരിതലം
8. കലാസൃഷ്ടികൾ
9. പക്ഷിമൃഗാദികൾ

പിതൃകർത്തവ്യം എന്നത് പിതാവിന്റെ കർത്തവ്യം എന്നു തന്നെ സമാസിക്കണം. ഇതിലെ പൂർവ്വപദവും ഉത്തരപദവും മാറാൻ പാടില്ല. അതായത്, പിതാവിന്റെ കടമ എന്ന് എഴുതുന്നത് തെറ്റാണ്.

എഴുതുമ്പോൾ പദങ്ങള് സമാസിച്ച് ഉപയോഗിക്കുന്നതിന്റെ ഗുണങ്ങൾ എന്തൊക്കെയാണ്? ഒന്നാമതായി, പദത്തിന്റെ ഒതുക്കത്തിന് ഇത് സഹായിക്കും. കൂടാതെ, പദങ്ങൾക്ക് ശക്തി ലഭിക്കുന്നതും ഇങ്ങനെ ചേർത്ത് പ്രയോഗിക്കുമ്പോഴാണ്. വായനക്കാരന് അർത്ഥവ്യക്തത ലഭിക്കാനും പദങ്ങൾ സമാസിച്ച് ഉപയോഗിക്കുന്നത് സഹായിക്കും.

☆ ☆ ☆ ☆

## അദ്ധ്യായം 2

## ചിഹ്നങ്ങൾ തിരിച്ചറിഞ്ഞുള്ള എഴുത്ത്

**(To get familiarised with the basic punctuations)**

വാക്കുകളിലൂടെയും വാക്യങ്ങളിലൂടെയും മാത്രം ഒരാശയത്തെ

പൂർണമായി അവതരിപ്പിക്കാൻ സാധിക്കുമെങ്കിലും എഴുത്തുകാരന്റെ മനോഭാവത്തിനനുസൃതമായി വായനക്കാരനില് ആ ആശയം എത്തിച്ചേരണമെങ്കില് ആവശ്യമായ ചിഹ്നങ്ങൾ ചേർക്കണം. ഇങ്ങനെ ചിഹ്നങ്ങളുടെ കൂട്ടുപിടിച്ച് വാക്യങ്ങൾക്ക് അർത്ഥവ്യാപ്തി വരുത്തുന്ന സമ്പ്രദായത്തിന് ചിഹ്നനം എന്നു പറയുന്നു. എഴുത്തിന്റെ ഉയർന്ന തലത്തിലെത്തുന്ന കുട്ടി ഭാഷയിലുപയോഗിക്കുന്ന പ്രധാന ചിഹ്നങ്ങളും അവയുടെ ഉപയോഗരീതിയും അറിഞ്ഞിരിക്കേണ്ടതാണ്. പൊതുവെ, സെക്കണ്ടറിതലത്തിലെത്തുന്ന ഒരു കുട്ടിക്ക് പ്രധാനചിഹ്നങ്ങൾ പരിചിതമാണെങ്കിലും അവ എവിടെ, എങ്ങനെ, എപ്പോൾ ഉപയോഗിക്കണമെന്ന് അറിയണമെന്നില്ല. ഈ സവിശേഷ എഴുത്ത് ശക്തിയെ പരിചയപ്പെടുത്തുന്ന തിനുള്ള ശ്രമമാണ് ഈ അദ്ധ്യായത്തിലൂടെ നാം ചെയ്യുന്നത്.

മലയാള ഭാഷയിലുപയോഗിക്കുന്ന പ്രധാന ചിഹ്നങ്ങളും അവയുടെ ഉപയോഗ രീതിയും അത് വ്യക്തമാക്കുന്ന ഉദാഹരണങ്ങളും മാതൃകാചോദ്യങ്ങളും താഴെക്കൊടുക്കുന്നു.

## <u>പൂർണവിരാമം ' . ' ( **full stop**)</u>

ഒരു വാക്യം അവസാനിക്കുന്നിടത്തും ചുരുക്കെഴുത്തുകൾക്ക് ഒടുവിലും അധ്യായം, ഖണ്ഡിക മുതലായവ സൂചിപ്പിക്കുന്നിടത്തും പൂർണവിരാമം ഉപയോഗിക്കുന്നു.

മാതൃക: നടുമുറ്റത്തൊരു മുല്ലത്തറയില്ലാത്ത വീടുണ്ടായിരുന്നില്ല.

ഡോ. - ഡോക്ടർ

4.2 – നാലാം അധ്യായം രണ്ടാം ഖണ്ഡിക

അഭ്യാസം

1. പൂർണവിരാമം വരേണ്ട സ്ഥലത്ത് ചേർക്കുക.

   തീ ആളിപ്പടരുവാൻ തുടങ്ങി വീട്ടുകാർ നിലവിളിച്ചു

   ഉത്തരം:

2. 'സ്വന്തം ലേഖകൻ' എന്നത് ചുരുക്കി ചിഹ്നം ചേർത്തെഴുതുക.

ഉത്തരം:

## അപൂർണവിരാമം ' : ' (colon)

തുല്യപ്രാധാന്യമുള്ള രണ്ട് വാക്യങ്ങളെ വേർതിരിക്കാന് അവയുടെ നടുവിൽ ചേർക്കുന്ന ചിഹ്നമാണ് അപൂർണവിരാമം. ഒരു പ്രസ്താവനയെ ഉദാഹരണങ്ങളായോ വിശദീകരണങ്ങളായോ ബന്ധിപ്പിക്കാന് ഈ ചിഹ്നം ഉപയോഗിക്കുന്നു.

മാതൃക:- തിരുനെൽവേലിക്കാരന് തുടർന്നു: ആയിരം രൂപ ഉള്ളതുകൊണ്ട് എന്റെ അമ്മയെ അവസാനകാലത്ത് ശുശ്രൂഷിക്കാൻ കാണും.

സംഭാഷണങ്ങൾ എഴുതുമ്പോൾ കഥാപാത്രങ്ങളുടെ പേരിനുശേഷം അപൂർണവിരാമം ഉപയോഗിക്കുന്നു.

മാതൃക: രാമൻ : അതാ ആ കാണുന്നതാണ് ഉമ്മാക്കി കാട്

അഭ്യാസം 2

അപൂർണവിരാമം വരേണ്ടിടത്ത് ചേർത്തെഴുതുക.

അയാൾ തല വെളിയിലേക്കിട്ടു നോക്കി, എന്നോടു ചോദിച്ചു "എന്താണു ഭായ്, എന്തു വേണം നിങ്ങൾക്ക് ?"

ഉത്തരം:-

## അല്പവിരാമം ' , ' (coma)

ചെറിയ നിർത്തലുകളെ സൂചിപ്പിക്കുവാൻ അല്പവിരാമം ഉപയോഗിക്കുന്നു. എവിടെയൊക്കെയാണ് അല്പവിരാമം ഉപയോഗിക്കുന്നതെന്നു നോക്കാം.

1. സംബോധനയ്ക്കു ശേഷം

മാതൃക : മാന്യമഹാജനങ്ങളെ ,

തോഴീ, ശുഭാവസരത്തിൽ കരയുന്നത് ശരിയല്ല.

അഭ്യാസം

ഭഗവാനേ ഇതൊരാശിസല്ല വരം തന്നെയാണ്

ഉത്തരം :

2. കാര്യകാരണാദി ഭാവങ്ങളെ സൂചിപ്പിക്കുന്ന

ഘടകപദങ്ങൾക്കു ശേഷം അല്പവിരാമം ഉപയോഗിക്കുന്നു.

മാതൃക: പക്ഷേ, അടുത്ത പീടികയിൽ ചെന്ന് വാങ്ങിക്കൊണ്ടു-

വരുവാൻ കിട്ടുന്നസാധനങ്ങളല്ല അവ.

അഭ്യാസം - എന്നാൽ കാര്യം അവിടം കൊണ്ട് അവസാനിച്ചില്ല.

ഉത്തരം -

3.സങ്കീർണ വാക്യത്തിൽ അംഗവാക്യങ്ങളെ (അപ്രധാന വാക്യം വേർതിരിക്കല്

മാതൃക : യന്ത്രം പാപമാണെന്നും തീരെ നശിക്കേണ്ട താണെന്നുമുള്ള അതിലെ ആശയങ്ങൾ, മുറിച്ച തുണിയായിട്ടല്ലാതെ, തുന്നിത്തീർന്ന ഉടുപ്പായി നാമെടുക്കരുത്.

അഭ്യാസം - അമ്മയുടെ സാരിയിൽ തൂങ്ങി അവൻ ചിണുങ്ങിയത് ആ സ്കൂളിൽ തന്നെ ചേർക്കേണ്ട എന്നു പറയാനാണ്.

ഉത്തരം -

4.ഒരു വിഭാഗത്തിൽപ്പെട്ട ഒന്നിലധികം പദങ്ങൾ എഴുതേണ്ടി വരുമ്പോൾ

മാതൃക : വാദ്യങ്ങൾ നാലു വിധം എന്നാണ് തരം തിരിവ്. തതം, അവനധം, ഘനം, സുഷിരം എന്നിങ്ങനെ.

അഭ്യാസം - നന്മയും തിന്മയും ജീവനും മരണവും ദാരിദ്ര്യവും സമ്പത്തും ഈ ലോകത്ത് ചേർന്നു കിടക്കുന്നു.

ഉത്തരം -

## അർദ്ധവിരാമം ' ; ' (semi colon)

മഹാവാക്യങ്ങളിലെ ഉപവാക്യങ്ങളെ വേർതിരിക്കാന് അർദ്ധവിരാമം ഉപയോഗിക്കുന്നു.

മാതൃക : ഉണ്ണി എന്തിനാണ് വന്നത് ; വാദത്തിൽ ചേരാനാണോ?

അഭ്യാസം - അവസാനത്തെ അരങ്ങേറ്റമാണ് കളി യോഗത്തോട് വിടവാങ്ങുന്നതിന് തൊട്ട് മുമ്പുള്ള കളി.

ഉത്തരം -

## ആശ്ചര്യ ചിഹ്നം ' ! ' (Exclamation mark)

അത്ഭുതം, ആഹ്ലാദം എന്നീ വികാരങ്ങളെ സൂചിപ്പിക്കുന്നതിനാണ് ആശ്ചര്യചിഹ്നം ഉപയോഗിക്കുന്നത്.

മാതൃക : അവിടുത്തെ മഴയ്ക്ക് എന്തു ഭംഗിയായിരുന്നു !

അഭ്യാസം - പരിശീലന കാലം കുറെ ക്ലേശകരമായിരുന്നു. എങ്കിലും മൂന്നു നേരവും ആഹാരമുണ്ടെന്ന ബോധ്യം എന്തൊരാശ്വാസമാണ്.

ഉത്തരം -

## ചോദ്യചിഹ്നം ' ? ' (Question mark)

ചോദ്യരൂപത്തിലുള്ള പൂർണവാക്യങ്ങള് അവസാനിക്കുമ്പോൾ ഈ ചിഹ്നം ഉപയോഗിക്കുന്നു.

മാതൃക : അപ്പോ ഷുഗർ കംപ്ലയിന്റ് ഉള്ളവര് ആരുല്ല്യേ ?

അഭ്യാസം - അച്യുതന്മാഷെ, ഒന്നോർക്കണം, യുവത്വം മാത്രമാണോ ജീവിതം

ഉത്തരം -

## നെടുവര രേഖ ' -- ' (dash)

ഒരു വാചകത്തിൽ വരുന്ന വാക്കുകളെ ആ വാചകത്തോട് ബന്ധമില്ലാതെ വേർതിരിച്ചു കാണിക്കുന്നതിന് നെടുവര ഉപയോഗിക്കുന്നു.

മാതൃക : ഉറങ്ങാൻ വയ്യാതെ അവൻ ഞരങ്ങി. പല്ലുകൾ കിരു കിരുത്തു. നീലപ്പന്തു വേണം __ അവൻ പറഞ്ഞു.

അഭ്യാസം –'മോഡേൺ ടൈംസ' ആധുനിക കാലത്തിന്റെ ഉത്കണ്ഠകൾ

ഉത്തരം -

## കുറുവര ' - ' ( Hyphen)

ഒരു പദത്തെ മുറിച്ച് രണ്ടായി എഴുതേണ്ടി വരുമ്പോള്

മാതൃക : സന്ധ്യയ്ക്കു മാനത്തു വിടർന്നതാര -

താരത്രയം കണ്ട് ചൊടിച്ച കണ്ണേ

അഭ്യാസം - പൂമുഖം വിദ്യുദ്ദീപ

ശോഭയാലോളം വെട്ടു

മാമണി ഹർമ്യത്തിന്റെ

മുറ്റത്തു നിന്നൂ വൃദ്ധൻ

ഉത്തരം -

## ഉദ്ധരണികൾ (Quotation mark)

### ഒറ്റ ഉദ്ധരണി ' ' ' '

ഉദ്ധരണികൾ രണ്ട് തരമുണ്ട്. ഒരു ചിഹ്നം ഉപയോഗിക്കുന്നതും ഇരട്ട ചിഹ്നം ഉപയോഗിക്കുന്നതും. ഗ്രന്ഥനാമങ്ങൾ, പ്രശസ്തരുടെ പേരുകൾ, പ്രത്യേകം എടുത്തു കാണിക്കേണ്ട പദങ്ങൾ എന്നിവയ്ക്ക് ഒറ്റ ഉദ്ധരണി ചിഹ്നം ഉപയോഗിക്കുന്നു.

മാതൃക : 'കുമാരനാശാന്റെ' കഥാപാത്രങ്ങളില് സ്ത്രീകൾക്ക് നല്ലൊരു സ്ഥാനമുണ്ട്. 'വീണപൂവി'ലും 'നളിനി ' യിലും അദ്ദേഹത്തിന്റെ നായികമാർ സ്നേഹമയികളാണെങ്കിലും ഏറെക്കുറെ പഴയ നീതിയുടെ സന്താനങ്ങൾ തന്നെയാണ്.

അഭ്യാസം -

മനുഷ്യരെ സ്വന്തം അധ്വാനഫലത്തിൽ നിന്ന് അന്യരാക്കുന്ന യന്ത്രവത്കൃത സമൂഹത്തിനെതിരെയാണ് ചാപ്ലിന്റെ ആധുനിക കാലം എന്ന സിനിമ സംസാരിക്കുന്നത്.

ഉത്തരം -

### ഇരട്ട ഉദ്ധരണി ' " " '

സംഭാഷണമെഴുതുമ്പോഴും മഹാൻമാരുടെ വാക്യങ്ങൾ മാറ്റമില്ലാതെ പകർത്തുമ്പോഴും ആദ്യവും അവസാനവും ഇരട്ട ഉദ്ധരണി കൊടുക്കുന്നു.

മാതൃക : ആ നിമിഷത്തിൽ തമാശ വെടിഞ്ഞ് ബഷീര് പറയുന്നു, "നിന്റെ അഭിപ്രായത്തോട് യോജിക്കുന്നവരുടെ പ്രവർത്തനങ്ങള് ഞാൻ കാണുന്നുണ്ട്. ഒരഞ്ഞൂറു കൊല്ലത്തിനകത്ത് ഈ ഭൂമിയിലുള്ള പക്ഷികളെയും

മൃഗങ്ങളെയും മനുഷ്യൻ കൊന്നൊടുക്കും."

അഭ്യാസം - ഗാന്ധിജി പറഞ്ഞു: അത് വിചാരശൂന്യമായി പെരുപ്പിക്കുന്നതിന് ഞാനെതിരാണ്.

ഉത്തരം -

## ആവരണം, വലയം - ( ) (bracket)

ഒരു വാക്യത്തിനുള്ളിലോ വാക്യത്തിനു ശേഷമോ മറ്റൊരു വിഷയമോ വാക്യത്തിനു വിശദീകരണമോ പറയേണ്ടി വരുമ്പോൾ ഈ വലയ ചിഹ്നം ഉപയോഗിക്കുന്നു.

മാതൃക : അത് കോട്ടയം താലൂക്കിൽ അകലക്കുന്നം പകുതിയിൽ എലിക്കുളം പഞ്ചായത്തിൽ ഉരുളിക്കുന്നം കരയാണ് (ഇന്ന് ഈ റവന്യൂ വിവരണമെല്ലാം മാറിപ്പോയിരിക്കണം)

അഭ്യാസം –

കൂടാതെ ദേശീയ പ്രസ്ഥാനത്തിൽ അക്കാലത്ത് പ്രസിദ്ധനായിത്തീർന്നിട്ടില്ലാത്ത മോഹൻദാസ് കരംചന്ദ് പിൽക്കാലത്ത് മഹാത്മാ ഗാന്ധിയുടെ ജീവചരിത്രം.

ഉത്തരം -

വാക്യത്തിൽ സൂചിപ്പിക്കുന്ന ഒരു പദത്തിനു പകരം മറ്റൊരു പദമോ അന്യഭാഷാ പദമോ ഉപയോഗിക്കുമ്പോൾ ഈ ചിഹ്നം ഉപയോഗിക്കുന്നു.

മാതൃക : ആഖ്യാനചിത്രങ്ങളെ [**narrative paintings**] മാത്രമാണ് ഇവിടെ പരാമർശിക്കുന്നത്.

അഭ്യാസം - മഹാൻമാരുടെ വാക്കുകളെ (ചിന്തകളെ) നാം വിലമതിക്കണം.

ഉത്തരം -

## കുത്തുകള് ' ... ' (dots)

ചില അക്കങ്ങളോ സമാനപദങ്ങളോ തുടങ്ങിവച്ചതിനു ശേഷം

തുടരുന്നു എന്നു കാണിക്കുവാൻ വേണ്ടി ഈ ചിഹ്നം ഉപയോഗിക്കുന്നു. ഒരാശയം കഴിഞ്ഞാലും അതിന്റെ ഭാവം തുടർന്നു നിൽക്കുന്നു എന്നു കാണിക്കുന്നു ഈ ചിഹ്നം.

മാതൃക : വാച്ച്മേൻ വിളംബരം നൽകി. ഓഫീസർ സ്ഥലത്തെത്തിയിട്ടുണ്ട്. സത്രത്തിലുണ്ട്.........

അഭ്യാസം -വനഗായകൻ : എന്താ അത്ഭുതം ? ഉമ്മാക്കിയെ തോൽപ്പിച്ച സന്തോഷമോ അതോ

ഉത്തരം -

ഓരോ ചിഹ്നവും അവയുടെ ഉപയോഗം മനസിലാക്കി യഥാസ്ഥാനങ്ങളിൽ പ്രയോഗിക്കുവാനുള്ള കഴിവ് സെക്കണ്ടറിതലത്തിലെ കുട്ടി നേടിയിരിക്കേണ്ടതാണ്. അതിനുള്ള ഒരു പരിശീലനമാക്കി മുകളിൽ കൊടുത്ത നിർവ്വചനങ്ങളും അഭ്യാസങ്ങളും മനസിലാക്കുകയും തെറ്റു കൂടാതെ അഭ്യാസങ്ങൾ പൂരിപ്പിക്കുകയും ചെയ്യേണ്ടതാണ്. ആവശ്യമെങ്കിൽ അധ്യാപകന്റെയോ പാഠപുസ്തകത്തിന്റെയോ സഹായം തേടാം. കൂടുതൽ വ്യക്തതയ്ക്കുവേണ്ടി ചില അഭ്യാസങ്ങൾ കൂടി താഴെ കൊടുക്കുന്നു.

അഭ്യാസം **1**

ചോദ്യം - ആവശ്യമായ ചിഹ്നങ്ങൾ ചേർത്തെഴുതുക

യങ് ഇന്ത്യയിൽ **5-11-1925** ഇങ്ങനെ കാണുന്നു യന്ത്രത്തിന് സ്ഥാനമുണ്ട് അത് നിലനിൽക്കുന്നതത്രേ പക്ഷെ ആവശ്യമായ മനുഷ്യപ്രയത്നത്തിന് സ്ഥാനഭ്രംശം വരുത്തുവാൻ അതിനെ അനുവദിച്ചുകൂടാ എല്ലാ യന്ത്രങ്ങൾക്കും ഗാന്ധിജി എതിരാണോയെന്ന ചോദ്യത്തിന് അദ്ദേഹം കൊടുത്ത മറുപടി അല്ല എന്നായിരുന്നു

ഈ ഖണ്ഡിക വായിച്ച് എതെല്ലാം സ്ഥാനങ്ങളിൽ എതൊക്കെ ചിഹ്നങ്ങൾ ചേർക്കേണ്ടതുണ്ടെന്ന് മനസിലാക്കുക. താഴെ കൊടുത്തിരിക്കുന്ന ഉത്തരം നോക്കാതെ അവ ചിഹ്നങ്ങള് ചേർത്തെഴുതുക. അതിനുശേഷം ഉത്തരവുമായി ചേർത്തുവച്ച് പരിശോധിക്കുക.

ഉത്തരം - 'യങ് ഇന്ത്യ' യിൽ (5-11-1925) ഇങ്ങനെ കാണുന്നു:

"യന്ത്രത്തിന് സ്ഥാനമുണ്ട്. അത് നിലനിൽക്കുന്നതത്രേ. പക്ഷെ, ആവശ്യമായ മനുഷ്യപ്രയത്നത്തിന് സ്ഥാനഭ്രംശം വരുത്തുവാൻ അതിനെ അനുവദിച്ചുകൂടാ." എല്ലാ യന്ത്രങ്ങൾക്കും ഗാന്ധിജി എതിരാണോയെന്ന ചോദ്യത്തിന് അദ്ദേഹം കൊടുത്ത മറുപടി 'അല്ല' എന്നായിരുന്നു.

തുടർന്നുള്ള അഭ്യാസങ്ങൾക്ക് കൃത്യമായ ചിഹ്നങ്ങൾ ചേർത്ത് ഉത്തരമെഴുതുക.

അഭ്യാസം 2

അപ്പോൾ ലജ്ജിച്ചു തലതാഴ്ത്തി നിന്നിരുന്ന അവളെ താതകശ്യപന് സ്വയം ആലിംഗനം ചെയ്ത് ഇങ്ങനെ അഭിനന്ദിച്ചു പുകകൊണ്ട് കണ്ണുമറഞ്ഞിരുന്നുവെങ്കിലും ഹോതാവ് ഹോമിച്ചത് അഗ്നിയിൽ തന്നെ പതിച്ചു കുഞ്ഞേ നല്ല ശിഷ്യനുകൊടുത്ത വിദ്യയെപ്പറ്റി എന്നപോലെ നിന്നെപ്പറ്റി എനിക്ക് വിചാരപ്പെ ടാനില്ല ഇന്നുതന്നെ നിന്നെ ഋഷികളെക്കൂട്ടി ഭർതൃഗൃഹത്തിലേക്കയച്ചേക്കാം

അഭ്യാസം 3

ചെമ്പനീർ പുഷ്പങ്ങളിൽ സുന്ദരം സമ്മോഹനം
എന്നാലുമമ്മേ നിന്നെ കണ്ടീല നിയെങ്ങാവോ
നിന്നുണ്ണിയായൊരെന്നെ കൈവിട്ടുമറകയോ

ഉത്തരം -

അഭ്യാസം 4

പ്രസിഡണ്ടെന്നു വെച്ചാത്രേള്ളൂ നമ്മളിപ്പോ മലമറിക്കാനൊന്നും പോണില്ലല്ലോ

ഉത്തരം -

അഭ്യാസം 5

എന്താ അച്ഛാ വല്ല പിക്കറ്റിങ്ങോ ധർണ്ണയോ മറ്റോ

നിശ്ചയിച്ചിട്ടുണ്ടോ

ഉത്തരം -

അഭ്യാസം 6

ഞാനറിയാതെ മൃഗയാവിവശനാ

യാന തണ്ണീർ കുടിക്കും നാദമെന്നോർത്തു

ഉത്തരം -

അഭ്യാസം 7

ഉണ്ണീ മകനേ ദുര്യോധനാ തവ

പൊന്നിൻ കിരീടവും ഭൂഷണജാലവും

ഉത്തരം -

അഭ്യാസം 8

ഭാരതകഥയുടെ അവസാനം അഗാധമായ വിഷാദത്തിലാണ് യുദ്ധത്തിനുശേഷമുള്ള എല്ലാ സംഭവങ്ങളും അതിനെ വളർത്തിക്കൊണ്ടു വരികയേ ചെയ്തിട്ടുള്ളൂ.

ഉത്തരം -

അഭ്യാസം **9**

അങ്ങനെ വിജയിച്ചരുളുന്ന അർജ്ജുനന്റെ അടുക്കലേയ്ക്കതാ പെരുമുറെ കരഞ്ഞുകൊണ്ട് ഒരു സ്ത്രീ വരുന്നു ദുശ്ശള നൂറ്റവരുടെ ഏകസഹോദരി

ഉത്തരം -

അഭ്യാസം **10**

ഭരണങ്ങാനത്തിനടുത്ത് ഇടമുറ്റത്ത് കുരുവിനാക്കുന്നേൽ കോൾഭാഗത്ത് എന്ന ധനിക കർഷക പ്രമാണി കുടുംബമാണ് തോട്ടത്തിന്റെ ഉടമസ്ഥൻ അവിടുത്തെ മൂന്നാമത്തെ തലമുറ കൃഷി നിലനിർത്തിക്കൊണ്ടു തന്നെ ആധുനീക വ്യവസായങ്ങളിലേക്കു കടന്നുപോയി

ഉത്തരം -

വായനയിലൂടെ പരിചയപ്പെടുകയും എഴുത്തിലൂടെ

പരിശീലിക്കുകയും ചെയ്താൽ മാത്രമേ ചിഹ്നസ്ഥാനങ്ങള് ഉറയ്ക്കുകയുള്ളു. അപ്പോൾ അവ എഴുത്തിൽ തനിയെ വന്നുകൊള്ളും. എഴുത്തിന്റെ ഉയർന്ന നിലവാരത്തിന് ചിഹ്നങ്ങൾ ഒരു പ്രധാനഘടകമാണ്.

☆ ☆ ☆ ☆

# അദ്ധ്യായം - 3

## ഖണ്ഡിക നിർമ്മാണം (Paragraph Formation)

ഉയർന്നതല രചനകളിൽ ഖണ്ഡികകൾ ഒഴിച്ചു കൂടാനാവാത്ത ഒരു ഘടകമാണ്. ഒരു ഖണ്ഡികയിൽ ധാരാളം വാക്യങ്ങൾ ഒന്നിച്ച് ചേർക്കപ്പെട്ടിരിക്കും. അവ ഒരു പ്രധാന ആശയത്തിലൂന്നിയതായിരിക്കും. പൊതുവെ ഒരു ഖണ്ഡികയിൽ ഒരാമുഖവാക്യം, പിൻതുണാ വാക്യങ്ങള് (Body) ഉപസംഹാരവാക്യം എന്നിവയുണ്ടാകും. സാധാരണ പ്രബന്ധങ്ങൾ ഉപന്യാസങ്ങൾ, ലേഖനങ്ങൾ തുടങ്ങിയവയിലാണ് ഇത്തരം ഖണ്ഡികകൾ ഉപയോഗിച്ച് കാണുന്നത്.

### ആമുഖവാക്യം

ഒരാമുഖവാക്യം സാധാരണ വരുന്നത് ഒരു ഖണ്ഡികയുടെ തുടക്കത്തിലായിരിക്കും. അതായത് ഒരു ഖണ്ഡികയിലെ ആദ്യവാചകം. മാത്രമല്ല അതായിരിക്കും ആ ഖണ്ഡികയിലെ ഏറ്റവും പ്രധാന വാചകം. എന്നുവെച്ചാൽ ആ വാചകത്തിൽ ഒരുപാട് കാര്യങ്ങൾ ഉണ്ടെന്നല്ല. ആ ഖണ്ഡികയിലുടെ പിന്നീട് അവതരിപ്പിക്കുന്ന ആശയങ്ങളുടെ ഒരു പൊതു ധാരണ കൊടുക്കാൻ സാധിക്കണം.

ഉദാഹരണത്തിന്, നിങ്ങൾക്ക് നിങ്ങളുടെ മാതൃരാജ്യത്തിന്റെ സംസ്കാരത്തെക്കുറിച്ച് ഒരു ഖണ്ഡിക എഴുതണമെന്നിരിക്കട്ടെ. ആ ഖണ്ഡികയുടെ ആദ്യവാചകം ഇങ്ങനെയാവാം:

'എന്റെ മാതൃരാജ്യമായ ഭാരതം വ്യത്യസ്തങ്ങളായ സംസ്കാരങ്ങളുടെ സംഗമ ഭൂമിയാണ്'

ഇതിലെ ആദ്യപദമായ 'എന്റെ മാതൃരാജ്യം' എന്ന് തുടങ്ങിയതാണ് ആ വാചകത്തിന്റെ ആകർഷകത്വം. ഇത് സൂചനാപദമാണ് **(Indication).** എന്റെ മാതൃരാജ്യം, വ്യത്യസ്ത സംസ്കാരങ്ങൾ, സംഗമ ഭൂമി തുടങ്ങിയ പ്രത്യേകതകൾ ആ ഖണ്ഡികയിലെ ആശയത്തെക്കുറിച്ച് ഒരു പൊതു ധാരണ നല്കുന്നുണ്ട്.

മറ്റൊരു ഉദാഹരണം നോക്കൂ.

'കേരം തിങ്ങും കേരള നാടേ..... സത്യത്തിൽ കേരളത്തെപ്പറ്റി ഇപ്രകാരം പറയുന്നത് തികച്ചും അനുയോജ്യമാണ്.'

തുടക്കവും ആദ്യവാചകവും ഒരാശത്തെക്കുറിച്ചും വ്യക്തമായ സൂചന നല്കുന്നില്ല. തെങ്ങിനെക്കുറിച്ചായിരിക്കും പറയാൻ പോകുന്നത് എന്ന് വായനക്കാർ ധരിച്ചുപോയാൽ കുറ്റം പറയാനാവില്ലല്ലോ. മറ്റൊരു വാചകം ഉദാഹരണമായെടുക്കാം.

'എന്റെ മാതൃരാജ്യം ആദിദ്രാവിഡസംസ്കാരത്തിന്റെയും ആര്യസംസ്കാരത്തിന്റെയും സങ്കര ഭൂമികയാണെന്നതിൽ സംശയമില്ല.'

ഇവിടെ നിരവധി കാര്യങ്ങൾ ഉൾക്കൊള്ളിച്ചിരിക്കുന്നു. ആമുഖവാക്യം പൊതുകാര്യം ഉൾക്കൊള്ളുന്നതും വിശദീകരണങ്ങൾ പിന്നീട് വരേണ്ടതുമാണ്.

മറ്റൊരു വാചകം നോക്കാം.

മേഘങ്ങൾക്ക് വെളുപ്പുനിറമാണ്.

ഈ വാചകം വളരെ പൊതുവായിപ്പോയി. ഒരു ആശയധാരണയും നല്കുന്നില്ല. എന്ന് മാത്രമല്ല വിരസവുമാണ്. ഇത്തരം തുടക്കങ്ങൾ ഒരു ഖണ്ഡികയ്ക്ക് ചേരാത്തതും വായനക്കാർ ഇഷ്ടപ്പെടാത്തതുമാണ്. അതുകൊണ്ടുതന്നെ ആമുഖവാക്യം ഋജുവും വ്യക്തമായ ഒരു ആശയ സൂചന നല്കുന്നതുമായിരിക്കണം.

## <u>പിൻതുണാ വാചകങ്ങൾ (Supporting Sentences)</u>

മുമ്പ് പറഞ്ഞ ഖണ്ഡിക പൂർത്തിയാക്കാം.

'എന്റെ മാതൃരാജ്യമായ ഭാരതം വ്യത്യസ്തങ്ങളായ സംസ്കാരങ്ങളുടെ സംഗമ ഭൂമിയാണ് ' അതി പുരാതനമായ ആദിദ്രാവിഡസംസ്കാരത്തിന്റെ അലയൊളികൾ അങ്ങിങ്ങ് മയങ്ങിക്കിടക്കുന്നു. ആര്യസംസ്കാരം മുഖ്യധാരയിൽ ചുവടുറപ്പിച്ചിരിക്കുന്നു. 'മുസ്ലീം, ക്രിസ്ത്യൻ, പാർസി, സിക്ക് സംസ്കാരങ്ങൾ ഇവയോട് ഇണങ്ങിച്ചേർന്ന് ഉജ്ജ്വലമായ ഒരു സംസ്കാരികവൈചിത്ര്യം ഇവിടെ വിളയാടുന്നത് നമുക്ക് കാണം.'

ആദ്യവാചകം കൃത്യമായ സൂചന തരുന്നു. ആദ്യവാചകം

വായിക്കുന്ന ഒരാളുടെ മനസ്സിൽ ഒരു ചോദ്യമുയരുന്നു. ഭാരതത്തിന്റെ സാംസ്കാരിക വൈവിധ്യം എന്തൊക്കെയാണ് ? വായനക്കാരൻ ഈ ചോദ്യത്തിന്റെ ഉത്തരം തുടർന്ന് വരുന്ന വാചകങ്ങളിൽ പ്രതീക്ഷിക്കുന്നു.

ആദ്യവാചകത്തിന് ശേഷമുള്ള വാചകം ശ്രദ്ധിക്കൂ. 'അതിപുരാതനമായ ആദിദ്രാവിഡസംസ്കാരം അങ്ങിങ്ങ് മയങ്ങിക്കിടക്കുന്നു' എന്നതിൽ നമ്മുടെ സാംസ്കാരത്തിന്റെ കേന്ദ്രത്തെക്കു റിച്ചുള്ള ചില ധാരണ ലഭിക്കുന്നു. മൂന്നാമത്തെ വാചകം ആ ധാരണ വളർത്തുന്നു. ഒടുവിൽ മറ്റ് മതങ്ങൾ കൊണ്ടുവന്ന സംസ്കാരിക വൈവിധ്യത്തെക്കുറിച്ചുകൂടി പറയുന്നതോടെ ഭാരതത്തെക്കുറിച്ച് വായനക്കാരന്റെ ഉള്ളിൽ അഭിമാനവും അതിന്റെ സാംസ്കാര ത്തെക്കുറിച്ച് അറിവും ലഭിക്കുന്നു.

രണ്ടും മൂന്നും നാലും വാചകങ്ങൾ പിൻതുണാ വാചകങ്ങളാണ്. ആമുഖവാചകത്തിലെ സൂചനയെ അവ പിൻതുണയ്ക്കുന്നു, അല്ലെങ്കിൽ വിശദീകരിക്കുന്നു. ഇത്തരം വാക്യങ്ങൾ ഉൾച്ചേർന്നതാണ് ഒരു ഖണ്ഡിക. അവ ആ ആശയത്തിന്റെ അധിക വിവരങ്ങൾ നൽകുന്നവയായിരിക്കും.

## ഉപസംഹാരവാചകം (Concluding Sentence)

ഒരു സാധാരണ ഖണ്ഡികയിൽ അതുവരെ കൊടുത്ത വിവരങ്ങളുടെ ചുരുക്കം ഉൾക്കൊള്ളിച്ച ഒരു വാചകം ഖണ്ഡികയുടെ അവസാനത്തിൽ കൊടുക്കാം. അതാണ് ഉപസംഹാരവാചകം. അത് ആമുഖവാക്യം പോലെ ചെറുതും ആ ആശയത്തിന്റെ കാതൽ ഉൾക്കൊള്ളുന്നതുമായിരിക്കും.

മുകളിൽ കൊടുത്ത ഖണ്ഡികയ്ക്ക് ഇങ്ങനെ ഒരു ഉപസംഹാരം കൊടുക്കാം.

'ഇത്തരം നിരവധി സാംസ്കാരിക സൂചകങ്ങൾ ഉൾക്കൊള്ളുന്നതാണ് ഭാരതസംസ്കാരം.' പിൻതുണാവാചകങ്ങളില് കൊടുത്ത വിവരങ്ങളുടെ ഒരു ചുരുക്കം ഇവിടെയുണ്ടെങ്കിലും അത് ആമുഖവാക്യം തന്നെയല്ല എന്നത് ശ്രദ്ധേയമാണ്. വളരെ ചെറിയ ഖണ്ഡികകളിൽ ഉപസംഹാരവാചകം ഇല്ലെങ്കിലും വലിയ ഖണ്ഡികകളിൽ ഉപസംഹാര

വാചകം ഉള്ളത് നല്ലതാണ്.

ചുരുക്കത്തിൽ ഒരു ഖണ്ഡിക കേന്ദ്രീകരിക്കുന്നത് ഒരാശത്തിലാണ്. ആ ആശയത്തെക്കുറിച്ച് വായനക്കാരന് വ്യക്തമായ ധാരണ ലഭിക്കുന്നതിനാവശ്യമായ സൂചനയും വിവരങ്ങളും അടങ്ങിയതാണ് ഒരു ഖണ്ഡിക. ഇത്തരം ഖണ്ഡികരൂപീകരണത്തിന്റെ രീതികൾ സെക്കണ്ടറിതലത്തിലെ കുട്ടി തിരിച്ചറിയേണ്ടത് അത്യാവശ്യമാണ്.

ഒരു ഉപന്യാസരചനയിലും ഇത്തരം ഘടന പാലിക്കപ്പെടേണ്ടതുണ്ട്. ആദ്യം ആമുഖഖണ്ഡിക. അതിൽ താൻ പറയാൻ പോകുന്ന കാര്യങ്ങളുടെ ചുരുക്കം, ഉപശീർഷകങ്ങളുടെ പേരുകൾ അല്ലെങ്കിൽ ആശയം എന്നിവ ഉൾപ്പെടുത്തിയിരിക്കും. പിന്നീട് വരുന്ന 3/4/5 ഖണ്ഡികകളിൽ വിഷയത്തിന്റെ നാനാവശങ്ങളെ സവിസ്തരം പ്രതിപാദിച്ചിരിക്കും. ഒടുവിൽ ഒരു ഉപസംഹാരഖണ്ഡികകൂടി ആകുമ്പോൾ ഉപന്യാസം പൂർത്തിയാവും.

ഖണ്ഡികരൂപീകരണത്തെക്കുറിച്ച് ലഭിച്ച വിവരങ്ങളുടെ അടിസ്ഥാനത്തിൽ താഴെ തന്നിരിക്കുന്ന വിഷയങ്ങളുമായി ബന്ധപ്പെട്ട ഖണ്ഡികയോ, ഉപന്യാസമോ രചിക്കുക.

അഭ്യാസം 1.

മലയാളികളുടെ തൊഴിൽ സംസ്കാരം

അഭ്യാസം 2.

വൃദ്ധമന്ദിരങ്ങള് പെരുകുന്നു.

അഭ്യാസം 3.

തിരിച്ചുവരുന്ന ജാതികോമരങ്ങൾ.

☆ ☆ ☆ ☆

## അധ്യായം - 4

## പദവാക്യബന്ധം. Cohesion and Coherence.

വാക്യത്തിലെ പദങ്ങളുടെയും ഖണ്ഡികയിലെ വാക്യങ്ങളുടെയും

പരസ്പരബന്ധം വളരെ പ്രധാനപ്പെട്ടതാണ്. എഴുത്തിലേർപ്പെടുന്ന കുട്ടി സെക്കണ്ടറിതലത്തിൽ തന്നെ ഈ ബന്ധം തിരിച്ചറിയുകയും അതിനനുസരിച്ച് എഴുത്തിലേർപ്പെടുകയും വേണം. ഒന്നാമതായി, വാക്യത്തിൽ ഉൾച്ചേർന്ന പദങ്ങളെ പരസ്പരബന്ധിതമായി ചേർത്തുവെക്കുക എന്നുള്ളതാണ് **(Cohesion)**. രണ്ടാമതായി, ഒരു ഖണ്ഡികയിൽ ഉൾചേർത്തിരിക്കുന്ന ആശയത്തെ ഒരു വാക്യത്തിൽ നിന്ന് അടുത്ത വാക്യത്തിലേയ്ക്ക് തട്ടും തടവുമില്ലാതെ ഒഴുകുന്ന രീതിയിൽ അടുക്കിവെക്കുക എന്നതാണ് **(Coherence)**. അതുവഴി എഴുതുന്നയാൾ ആവിഷ്കരിക്കാൻ ആഗ്രഹിച്ച ആശയം വളരെ എളുപ്പത്തിൽ വായനക്കാരനിൽ എത്തിച്ചേരാൻ സഹായിക്കും.

നമുക്കൊരു ഖണ്ഡിക പരിശോധിക്കാം:

'കുമാരനാശാന്റെ കഥാപാത്രങ്ങളിൽ സ്ത്രീകൾക്ക് നല്ലൊരു സ്ഥാനമുണ്ട്. 'വീണപൂവി'ലും 'നളിനി'യിലും അദ്ദേഹത്തിന്റെ നായികമാർ സ്നേഹമയികളാണെങ്കിലും ഏറെക്കുറെ പഴയ നീതിയുടെ സന്താനങ്ങൾ തന്നെയാണ്. പക്ഷേ, കായിക്കര കായൽത്തീരത്തുള്ള കുന്നിന്റെ ശിഖരത്തിൽ നിന്ന് പതുക്കെ താഴെയിറങ്ങി സമനിരപ്പായ ഭൂമിയിൽ സാധാരണക്കാരുമായിടപ്പെട്ടതിനു ശേഷം ആശാന്റെ മൂശയിൽ വാർന്നുവീണ നായികമാർ കുറെക്കൂടി തന്റേടം കാട്ടുന്നവരായിട്ടുണ്ട്. ആ ലീലയെ നോക്കുക; അവൾ പഴഞ്ചൻ സമ്പ്രദായത്തിന്റെ ബലിസത്വമായിപ്പോയി. എന്നാലും, അവൾ ആ പാരമ്പര്യത്തിന്റെ നേരെ പല്ലിറുമ്മിക്കൊണ്ടിരിക്കുന്നു.'

പ്രത്യയ ങ്ങൾ, വിശേഷണങ്ങൾ, സന്ധി, സമാസം, ആദിയായവ പദബന്ധസ്ഥാനങ്ങളില് കൃത്യമായി ഉപയോഗിച്ചിരിക്കുന്നത് ശ്രദ്ധിച്ചുവല്ലോ. കുമാരനാശാന്റെ (ന്റെ), കഥാപാത്രങ്ങളിൽ (ൽ), സ്ത്രീകൾക്ക് (ക്ക്), കഥ+പാത്രം = കഥാപാത്രം, നല്ല+ഒരു= നല്ലൊരു, സ്ഥാനം+ഉണ്ട്= സ്ഥാനമുണ്ട്. ഇങ്ങനെ നിരവധി സവിശേഷതകൾ പദങ്ങൾ തമ്മിലുള്ള ചേർച്ചക്ക് ഉപയോഗിച്ചതായി കാണാം. കൂടാതെ, 'നല്ല സ്ഥാനമുണ്ട്' എന്ന് പറയാതെ ' നല്ലൊരു സ്ഥാനമുണ്ട് ' എന്ന് പറഞ്ഞത് കൂടുതൽ ശക്തി ലഭിക്കാൻ ഇടവന്നു. മാത്രമല്ല, 'നല്ല' എന്ന് മാത്രം ഉപയോഗിച്ചാൽ 'സ്ഥാനമാണ് ' എന്ന് ചേർക്കാം.

പക്ഷേ, അതിന് ശക്തി കുറവാണ്. 'നല്ലൊരു സ്ഥാനമുണ്ട്' എന്ന് പറയുമ്പോൾ ഉറപ്പിച്ച് പറയുകയാണ്. അവിടെ വായനക്കാരന് സംശയിക്കാൻ ഇടയില്ല.

എങ്കിലും, പക്ഷേ, ശേഷം, എന്നാലും തുടങ്ങിയ പദങ്ങൾ വാക്യങ്ങൾ തമ്മിലുള്ള ബന്ധത്തെ സൂചിപ്പിക്കുകയും ഒരാശയത്തിന്റെ തുടർച്ച ഉറപ്പു വരുത്തുകയും ചെയ്യുന്നു. അവയെ ഒരു ഖണ്ഡികയിലെ പ്രധാന ബന്ധകങ്ങളായി (**Major Connectors**) കാണാം. അവ ഖണ്ഡികയിലെ പ്രധാന ഭാഗങ്ങളെ രൂപകല്പനചെയ്യാൻ സഹായിക്കുന്നു. വാക്യങ്ങളുടെ കൂട്ടിച്ചേർക്കലുകൾക്ക് അവ വലിയ സഹായമാണ്.

ആ ലീല, ആ പാരമ്പര്യം തുടങ്ങിയ പ്രയോഗങ്ങളിലെ 'ആ' പോലുള്ളവയും ബന്ധകസൂചക ശബ്ദങ്ങളാണ്. ആ, അവ, ഈ, ഇവ തുടങ്ങിയവ. ഇവയെ അപ്രധാന ബന്ധകങ്ങൾ (**Minor Connectors**) എന്ന് വിളിക്കാം. പ്രധാന വിവരങ്ങളെയും വിശദീകരണത്തെയും കൂടിച്ചേർക്കാന് അവ ഉപയോഗിക്കാം. 'ആ പാരമ്പ്യത്തിന്റ' എന്ന് പറയുമ്പോൾ മുമ്പ് സൂചിപ്പിച്ച പാരമ്പര്യത്തോട് ഇപ്പോൾ പറയുന്ന കാര്യത്തെ ബന്ധിപ്പിച്ച് അതിന്റെ നേർക്ക്, ലീല പല്ലിറുമ്മുന്നു എന്ന് പറയാൻ 'ആ' എന്ന ശബ്ദത്തിന് സാധിക്കുന്നുണ്ട്. വാക്യങ്ങളെ പരസ്പരം ബന്ധിപ്പിക്കുന്ന ധാരാളം പദങ്ങള് പൊതുവെ എല്ലാ ഭാഷയിലുമുണ്ട്. മലയാളത്തിലും ഇത്തരം പദങ്ങൾ കാണാം. അവ ചുവടെ കൊടുക്കുന്നു.

ഒന്നാമതായി, രണ്ടാമതായി........ അവസാനമായി, എന്നിട്ട്, അതോടൊപ്പം, കൂടാതെ, ഇതിനൊക്കെപുറമേ, ഇതുപോലെ, പക്ഷേ, യഥാർത്ഥത്തില്, ഉദാഹരണത്തിന്, ഇക്കാര്യത്തിൽ, അതിന്റെഫലമായി, അല്ലെങ്കിൽ, എന്നുപറഞ്ഞാൽ, അതുകൊണ്ട്, മാത്രമല്ല, കാരണം, അങ്ങനെ, പൊതുവേ, മിക്കവാറും, പ്രത്യേകിച്ച്, എന്നാൽ, എന്താണെന്നുവെച്ചാൽ, എങ്കിലും, പ്രധാനമായും, മറ്റ് രീതിയിൽപറഞ്ഞാല്, ചുരുക്കി പറഞ്ഞാൽ, ചുരുക്കത്തിൽ, ഇക്കാര്യത്തിൽ, ഈ സാഹചര്യത്തില്, അതിനു പകരം, ഇപ്പോൾ, അല്ലെങ്കിൽ, അതുപോലെതന്നെ... തുടങ്ങിയവ.

ഒരു വാക്യത്തിലെ വിവരങ്ങളുടെ തുടർച്ചയും ബന്ധവും വായനക്കാരനിൽ എത്തിക്കുക എന്നതാണ് ഇവയുടെ ധർമ്മം.

പാഠപുസ്തകത്തിലെ ലേഖനങ്ങളും ഖണ്ഡികകളും പരിശോധിച്ചാൽ ഇവയുടെ പ്രയോഗരീതികൾക്ക് ഉദാഹരണങ്ങള് കണ്ടെത്താനാകും.

1. ചെറുകഥയുടെ അംഗീകൃത ലക്ഷണങ്ങൾക്ക് പുറത്തു നില്കുന്ന, അല്ലെങ്കിൽ, അവയെ വെല്ലുവിളിക്കുന്ന 'ഭൂമിയുടെ അവകാശികൾ' ബഷീറിന്റെ ആത്മകഥാരൂപത്തിലുള്ള പ്രകാശനമാണ്.

2. സഹവർത്തിത്വമാണ് ആവശ്യം. പക്ഷേ, കൂട്ടായി ജീവിക്കാനൊക്കുമോ?

3. യഥാർത്ഥത്തില്, പ്രകൃതിയുമായി ആചാരാനുസരണമുള്ള ജീവിതമാണ് മതങ്ങൾ വിവക്ഷിക്കുന്നത്.

4. പ്രകൃതിയെക്കുറിച്ച് മാത്രമല്ല, പ്രകൃതിക്കുവേണ്ടിയും അദ്ദേഹം സംസാരിക്കുന്നു.

5. പത്തമ്പതുകൊല്ലങ്ങൾക്ക് മുമ്പ് എഴുപതിനപ്പുറമുള്ള ജീവിതം വലിയ പ്രശ്നമായിരുന്നില്ല. കാരണം, അങ്ങനെയൊരു വിധിക്ക് വിട്ടുകൊടുക്കാതെ ഈശ്വരൻ അവരെ വിളിക്കുമായിരുന്നു.

ഇത്തരം ഉദാഹരണങ്ങൾ കണ്ടെത്തി പരിശോധിക്കുക.

അഭ്യാസം I

താഴെ കൊടുത്തിരിക്കുന്നവയില് വാക്യബന്ധകപദങ്ങള് കണ്ടെത്തി എഴുതുക.

1. അങ്ങനെയാ ആഗ്രഹംന്ന് വെച്ചാൽ ആയ്ക്കോട്ടെ, എന്നാൽ പ്രസംഗിക്കാനൊന്നും എനിക്ക് വയ്യ.

2. വരാനാവില്ലെങ്കിൽ വിവരം മുൻകൂട്ടി അറിയിക്കണം. എന്താണെച്ചാൽ, നമ്മുടെ പ്രായക്കാരാവുമ്പോ അറിയിപ്പില്ല്യാണ്ട് മുടങ്ങിയാൽ പല ശങ്കകൾക്കും ഇടയുണ്ടാവും.

3. സാഹചര്യങ്ങളുടെ വ്യത്യാസത്തിനൊത്ത് താൻ അഭിപ്രായങ്ങൾ പരിഷ്കരിക്കാറുണ്ടെന്നും അതിനാൽ പണ്ട് ഞാൻ പറഞ്ഞ കാര്യങ്ങൾ പിന്നീട് വേറെ മട്ടിൽ പറയേണ്ടി വന്നിരിക്കാമെന്നും എങ്കിലും, മൗലികമായ തന്റെ അഭിപ്രായങ്ങൾ പൂർവ്വാപരബന്ധമുള്ളവയാണെന്നും ഗാന്ധിജി തുറന്നെഴുതിയിട്ടുണ്ട്.

4. യന്ത്രത്തെപ്പറ്റി ഗാന്ധിജിക്കുള്ള പരിപക്വമായ അഭിപ്രായം, എപ്പോൾ, അത് മനുഷ്യദ്രോഹകരമാകുന്നുവോ ആ അതിരിൽ വച്ച് അത് നിയന്ത്രിക്കപ്പെടണമെന്നാണ്.

5. ആത്മസാക്ഷാത്കാരത്തിന് സഹായിക്കാത്ത ഈ ശരീരം ഉപേക്ഷിക്കുവാനും ആത്മാവിന്റെ കേവലമായ മോക്ഷത്തിന് യത്നിക്കുവാനും ഞാൻ എങ്ങനെ ഒരുക്കമാണോ, അതുപോലെയാണിത്. ആ നോട്ടത്തിൽ, ഞാൻ എല്ലാ യന്ത്രങ്ങളെയും ബഹിഷ്കരിക്കും. എന്നാലും യന്ത്രങ്ങൾക്ക് സ്ഥാനമുണ്ട്. കാരണം, ശരീരത്തെപോലെ അവ ഒഴിച്ചു കൂടാനാവാത്തതാണ്.

6. കുറച്ചാളുകൾക്ക് മാത്രമല്ല, അനേകലക്ഷം ആളുകളുടെ ചുമലിൽ കയറുവാൻ കുറച്ചുപേരെ സഹായിക്കുകയാണ് ഇന്ന് യന്ത്രം ചെയ്യുന്നത്.

7. സ്ക്രീനിൽ താഴെപ്പറയുന്ന വാചകം തെളിയുന്നു. അതിനുശേഷം, പ്രത്യക്ഷപ്പെടുന്ന രണ്ടു ഷോട്ടുകൾ സിനിമയുടെ പ്രമേയത്തേയും അതിന്റ സഞ്ചാരവഴിയെയും സൂചിപ്പിക്കുന്നതാണ്.

8. ഓഫീസർ സ്ഥലത്തെത്തിയിട്ടുണ്ട്. സത്രത്തിലുണ്ട്.........ഇപ്പോൾ, അമ്പലത്തിൽ തൊഴാൻ പോയിരിക്കുന്നു.

അഭ്യാസം II

വിട്ടുപോയ സ്ഥലത്ത് ഉചിതമായ പദവാക്യബന്ധക സൂചകങ്ങൾ ചേർക്കുക.

1. ഈ മുസ്സാവരി ബംഗ്ലാവിന്റെ വാതിൽക്കല് കാത്തിരിപ്പ് തുടങ്ങിയിട്ട് അധികനാളുകളായിട്ടില്ല. ............................ ക്ഷമയുടെ യുഗങ്ങളായിരുന്നു.
2. കേശവപ്പിള്ള അതേ ശകാരം വീട്ടിലെത്തി അനന്തരവനും കൊടുത്തു. .................... ക്ലാസ്സ് കഴിഞ്ഞ് കൃത്യമായി വീട്ടിലെത്തിയില്ലെങ്കിൽ ഫലം അപ്പോൾ കാണാമെന്ന താക്കീതും നല്കി.
3. ..............കേരള വർമ്മ വലിയ കോയിതമ്പുരാൻ, പൊതു ജനനേതാവും ആഖ്യായികാകാരനുമായ സി.വി.രാമൻ പിള്ള ......................... ആ മഹൽ സംഗമത്തിലേയ്ക്കാണ് ഉൾനാട്ടുകാരന് പയ്യൻ എത്തിപ്പെട്ടത്.

4. സാമ്പത്തികമായും മറ്റും അതൊരു പ്രഹരമായിരുന്നു. .................... രാമകൃഷ്ണപിള്ള അതും, രാജധാനിയിലെത്തിയതിനു ശേഷം അനുഭവപ്പെടാൻ തുടങ്ങിയിരുന്ന സ്വാതന്ത്ര്യത്തിന്റെ മറ്റൊരു പടവായി പരിഗണിച്ചു.
5. രാമകൃഷ്ണപിള്ള അദ്ദേഹം പ്രവർത്തിച്ച ഒമ്പതു പത്രമാസികകളിൽ എഴുതിയിട്ടുണ്ട്. ...................... ദേശീയപ്രസ്ഥാനത്തിൽ അക്കാലത്ത് പ്രസിദ്ധനായി തീർന്നിട്ടില്ലാത്ത ഗാന്ധിജിയുടെ ജീവചരിത്രം രചിക്കുകയുണ്ടായി.
6. .................................. രാമകൃഷ്ണപിള്ളയുടെ രാഷ്ട്രീയ നിലപാടുകളിൽ ഉടമസ്ഥർക്കുണ്ടായ ഭിന്നാഭിപ്രായം തന്നെ.
7. ............................ പാണ്ഡിത്യവും പരിഷ്കരണാഭിമുഖ്യവും ധൈര്യവും ഒത്തുചേർന്ന ഒരു മഹാപുരുഷനെ രാമകൃഷ്ണപിള്ളയ്ക്ക് സഹായിയായി ലഭിച്ചു.
8. പാപം ചെയ്ത മനസ്സിനേ ചുറ്റുമുള്ള ചുവരുകളുടെ മധ്യേ കാരാഗൃഹത്തെ ശങ്കിക്കുവാൻ സംഗതിയുള്ളു. ............................ ഈ ഭൂലോകത്തെ ഏത് ഗവൺമെന്റിനും ഒരുവന്റെ ശരീരത്തെയല്ലാതെ മനസ്സിനെ തടവിലിടാൻ അധികാരമില്ല, ശക്തിയുമില്ല.

അഭ്യാസം III.

താഴെ കൊടുത്തിരിക്കുന്ന വാക്യബന്ധക പദങ്ങളുപയോഗിച്ച് വാക്യരചനയിലേർപ്പെടുക

1. അതോടൊപ്പം
2. ഇതിനൊക്കെപ്പുറമേ
3. ഉദാഹരണത്തിന്
4. പ്രത്യേകിച്ച്
5. ചുരുക്കത്തിൽ
6. പ്രധാനമായും

7. അതുപോലെതന്നെ

8. അതുകൊണ്ട്.

☆ ☆ ☆ ☆

## B. വ്യത്യസ്ത രചനാവിഭാഗങ്ങൾ

### (Different types of Writing)

എഴുതാനുള്ള കഴിവ് ഒരോരുത്തരിലും വ്യത്യസ്തമാണ്. എഴുതുന്ന രീതിയ്ക്കനുസരിച്ച് ഓരോ എഴുത്തും വ്യത്യസ്തപ്പെട്ടിരിക്കുന്നു. രചനകളെ പൊതുവെ അവയുടെ സ്വഭാവം, എഴുതുന്ന രീതി എന്നിവയ്ക്ക് അനുസരിച്ച് മൂന്നായി തിരിക്കാം. വിവരണാത്മക രചന (Descriptive Writing) വർണനാത്മക രചന (Narrative Writing) പ്രതിപാദനാത്മക രചന(Expository Writing). ഇവയുടെ അതിർവരമ്പുകളെ കൃത്യമായി തിട്ടപ്പെടുത്തുക അത്ര എളുപ്പമല്ലെങ്കിലും അവയെഴുതുന്ന രീതി, ആശയങ്ങളുടെ വിന്യാസം, അവ വിനിമയം ചെയ്യുന്ന വ്യവഹാരമാതൃകകൾ എന്നിവയെല്ലാം ഓരോ രചനകളേയും വ്യത്യസ്തമാക്കുന്നു. രചനകളെ പൊതുവായി തരംതിരിക്കുകയും അവയുടെ പ്രത്യേകതകൾ, ഉദാഹരണങ്ങൾ എന്നിവയിലൂടെ കടന്നുപോകുകയുമാണ് ഇവിടെ ചെയ്യുന്നത്.

### 1. വിവരണാത്മക രചന (Descriptive Writing)

ഒരു വിഷയത്തിലൂന്നി അതിന്റെ നാനാവശങ്ങളെ ഉൾപ്പെടുത്തി വിവരിച്ചെഴുതുന്നതാണ് വിവരണാത്മക രചന. എഴുതപ്പെടുന്ന ആശയത്തിനാണ് ഇവിടെ പ്രാധാന്യം. അതായത് എഴുത്തുകാരൻ താൻ എഴുതാനുദ്ദേശിക്കുന്ന വ്യക്തിയുടെയോ, വസ്തുവിന്റെയോ, സ്ഥലത്തിന്റെയോ, സംഭവത്തിന്റെയോ നാനാവശങ്ങളെ സൂക്ഷ്മമായി വിവരിക്കുകയാണ് ചെയ്യുന്നത്. എന്ത്, എപ്പോൾ, എവിടെ, എങ്ങനെ തുടങ്ങിയ സാധാരണ സംശയങ്ങൾക്കുള്ള വ്യക്തമായ ഉത്തരം നൽകാന് വിവരണാത്മക രചനകൾക്ക് സാധിക്കും. എന്നാൽ ശക്തമായ വാദങ്ങളോ, താത്ത്വികമായ അടിത്തറയോ ഇത്തരം രചനകൾക്കുണ്ടാകണമെന്നില്ല. പത്രവാർത്തകള്, കത്തുകൾ, പരസ്യങ്ങൾ, റിപ്പോർട്ടുകള്, വിശദീകരണ കുറിപ്പുകൾ തുടങ്ങിയ വ്യവഹാരമാതൃകകളെല്ലാം വിവരണാത്മക രചനകളാണെന്ന് പറയാം. കേവലമായ വിവരണം എന്നതിനപ്പുറം ഭാവാത്മകമോ യുക്തിചിന്താപരമോ ആയ ഒന്നും ഇത്തരം രചനകളിൽ

ഉണ്ടായിരിക്കില്ല.

ഒരു ആശയത്തിന്റെ നാനാവശങ്ങളെ നിരത്തിവെക്കുകയാണ് ഇത്തരം വിവരണങ്ങൾ ചെയ്യുന്നത്. പറയുന്ന കാര്യത്തെ ഒറ്റവായനയിൽ എതിർക്കാനോ അനുകൂലിക്കാനോ വായനക്കാരന് ഇടം ലഭിക്കുന്നില്ല. എന്നാൽ ചില ചിന്തകള് ഉണർത്താന് ഇത്തരം രചനകൾക്ക് സാധിക്കുകയും ചെയ്യും.

## 2.വർണനാത്മക രചന (Narrative Writing)

ഒരാശയത്തെ ഭാവാത്മകമായി അവതരിപ്പിക്കുന്നതാണ് വർണനാത്മകരചന. ആസ്വാദനമാണ് ഇത്തരം രചനകളുടെ പരമമായ ലക്ഷ്യം. അതുകൊണ്ടുതന്നെ ഭാഷയുടെ സൗന്ദര്യതലം വളരെ പ്രധാനപ്പെട്ടതാണ്. ഇത്തരം രചനകൾ സർഗാത്മകമാണെന്ന് വിലയിരുത്തപ്പെടുന്നു. വർണനകളില് ഭാവനയ്ക്ക് വലിയ പ്രാധാന്യമുണ്ട്. ഇത്തരം രചനകളിലൂടെ വായനക്കാരന്റെ മനസ്സിൽ സങ്കല്പങ്ങളുടെയോ അത്ഭുതത്തിന്റെയോ ഒരു പുതുലോകം സൃഷ്ടിക്കാൻ സാധിക്കും. അതായത്, വായനക്കാരൻ എഴുത്തുകാരനായി മാറുന്ന അനുഭവം ഉണ്ടാകുന്നു. വർണനാത്മക രചനകൾക്ക് കൃത്യമായ ഒരു ഘടന/രീതി ഉണ്ടായിരിക്കും. വർണ്ണിക്കുന്ന ആശയത്തിനനുസരിച്ച് എഴുത്തിന്റെ രീതി (Writing Style) മാറിക്കൊണ്ടിരിക്കും. കഥ, കവിത, നോവൽ, ആത്മകഥ തുടങ്ങിയ സർഗാത്മക രചനകളെല്ലാം വർണനാത്മക രചനകളാണ്.

ഒരു പ്രമേയത്തിലൂന്നിയാണ് സർഗാത്മക രചന വളരുന്നത്. ഭാഷാസൗന്ദര്യത്തെ പോഷിപ്പിക്കുന്ന അലങ്കാരകല്പനകൾ, പ്രയോഗ സവിശേഷതകൾ, ചൊല്ലുകൾ, ബിംബകല്പനകൾ എല്ലാം ഇത്തരം രചനകളിൽ ഉണ്ടാകും. അവയിൽ ആഴത്തിലുള്ള ധാരണയും അവ പ്രയോഗിക്കാനുള്ള ശേഷിയും ഒരു കുട്ടി സെക്കണ്ടറിതലം മുതൽ നേടേണ്ടതുണ്ട്. സൂക്ഷ്മ നിരീക്ഷണ പാടവമാണ് മറ്റൊരു ശേഷി. പ്രമേയത്തെ ഒരു സന്ദർഭത്തിലേയ്ക്ക് കൂട്ടികൊണ്ട് വരണം. തുടർന്ന് ആ സന്ദർഭത്തിന്റെ നാനാവശങ്ങളെ സസൂക്ഷ്മം നിരീക്ഷിച്ച് വായനക്കാരന് ഒരു ദൃശ്യാനുഭൂതി

ലഭിക്കത്തക്കവിധത്തിൽ വേണം രചനയിലേർപ്പെടാന്. വർണനാത്മകത ഒരു മനോവ്യാപാരമാണ്. അവിടെയാണ് ഭാവനയുടെ ചിറകുകൾ വിടരുന്നത്. ഭാവനയെ രചനാപ്രാവീണ്യവും, ഭാഷാനൈപുണിയും ചേർത്ത് ഒരു എഴുത്തു രൂപത്തിലേയ്ക്ക് പകർത്തുക എന്ന പ്രവർത്തിയാണ് വർണന എന്നതിലൂടെ ഊന്നൽ കൊടുക്കുന്നത്.

"രഘു മുകളിലേക്ക് പോയി. കോണിപ്പടിയിൽ അങ്ങിങ്ങ് കുട്ടികളുടെ പുസ്തകങ്ങൾ ചിതറിക്കിടക്കുന്നു. രഘു നെറ്റിചുളിച്ചു. ഇതൊക്കെ ആർക്കെങ്കിലും ഷെൽഫില് അടുക്കിവെച്ചുകൂടെ.? ഓ! അതൊന്നുമുണ്ടാവില്ല. ചിതറിക്കിടക്കുന്ന പുസ്തകങ്ങൾ ഒരു പ്രതീകമാണെന്ന് തോന്നി... തന്റെ കുട്ടികളുടെ ജീവിതത്തിന്റെ പ്രതീകം. രാവിലെ എട്ട് മണിവരെ ഉറങ്ങണമെന്ന് നിർബന്ധമുണ്ട്. രാത്രി വൈകിയിരുന്ന് ജോലിചെയ്യുകയാണ് പതിവ്. രാവിലെ എട്ട് മണിക്ക് കുട്ടികൾ സ്കൂളിലേയ്ക്ക് പോകും. എട്ടിന് മുമ്പ് ബസ്സ്റ്റോപ്പിൽ ചെന്നുനിന്നില്ലെങ്കിൽ അവർക്ക് സ്കൂൾ ബസ്സ് കിട്ടുകയില്ല."

- (വേരുകൾ- മലയാറ്റൂർ രാമകൃഷ്ണൻ)

ഇങ്ങനെ ചിട്ടയോടെ സന്ദർഭത്തിന്റെ ഒരു ദൃശ്യാനുഭവം പകർന്നു നല്കാൻ പാകത്തിന്. എന്നാൽ, മാധുര്യമുള്ള ഭാഷയിൽ എഴുതുക എന്നതാണ് വർണനാത്മകരചനകളുടെ പ്രത്യേകത.

"ജനശൂന്യമായ വനഹൃദന്തങ്ങളിലെത്തിയപ്പോൾ ദാരുകന് ഗതി മന്ദീഭവിച്ച രഥം, പിന്നെയും സാവകാശമാക്കാൻ 'പതുക്കെ, പതുക്കെ' എന്ന് കൃഷ്ണൻ അനുജ്ഞ നല്കി. രഥത്തെ നയിക്കുന്ന വെള്ളക്കുതിരകളുടെ ഒറ്റയൊറ്റയായുള്ള കുളമ്പടിശബ്ദം ആ വിജനതയിൽ മുഴങ്ങി. ഇഴഞ്ഞു നീങ്ങുന്ന രഥചക്രങ്ങളുടെ ക്രന്ദനം പ്രപഞ്ചവിധാനത്തിന്റെ അമർത്തിപ്പിടിച്ച കരച്ചിൽപോലെ ആ വനസ്ഥലികയെ ശോകഭരിതമാക്കി. പറക്കാനുള്ള ത്വരയ്ക്ക് നിയന്ത്രണത്തിന്റെ ആഘാതമേറ്റ വാജികൾ ആഞ്ഞു ശ്വസിക്കുകയും സമീപസ്ഥമായ പച്ചിളതഴപ്പുകൾ ആർദ്രതയാല് അപ്പോൾ വിറയ്ക്കുകയും ചെയ്തു. വലതു പാർശ്വത്തില് നിശ്ചലനായിരിക്കുന്ന കർണന്റെ കരങ്ങൾ വീണ്ടും പരിഗ്രഹിച്ചുകൊണ്ട് പതിഞ്ഞ, ബലവത്തായ

ശബ്ദത്തിൽ കൃഷ്ണൻ പറഞ്ഞു: 'കർണാ, എന്റെ ഈ വാക്കുകൾ നീ ശ്രദ്ധിച്ചാലും......'"

- (ഇനി ഞാൻ ഉറങ്ങട്ടെ - പി.കെ. ബാലകൃഷ്ണൻ)

ഭാഷയുടെ സൗന്ദര്യം, ഭാവനാവിലാസം, ആലങ്കാരികത തുടങ്ങിയവയെല്ലാം ഒത്തുചേരുമ്പോഴാണ് വർണനാത്മക രചന ഭംഗിയുള്ളതാക്കുന്നത്. സന്ദർഭത്തിന് ഏറ്റവും ഉചിതമായ പദങ്ങൾ നിരത്തിവെക്കുന്നതിനാവശ്യമായ പദസമ്പത്തും ശൈലീബോധവും ഒരെഴുത്തുകാരന് പ്രത്യേകിച്ച് സർഗാത്മക രചനയിലേർപ്പെടുന്ന യാൾക്ക് അത്യാവശ്യമാണ്.

## 3. പ്രതിപാദനാത്മക രചന (Expository Writing).

പ്രതിപാദനാത്മക രചനയിൽ എഴുത്തുകാരൻ ഒരാശയത്തെ യുക്തിഭദ്രമായി അവതരിപ്പിക്കുന്നു. ഇവിടെ അയാൾ തന്റെ കാഴ്ചപ്പാടുകളെ ന്യായീകരിക്കുന്നതിനാവശ്യമായ വസ്തുതകൾ നൽകിയിരിക്കും. ഇത്തരം രചനകളും ഏതെങ്കിലുമൊരു വിഷയത്തിലൂന്നിയായിരിക്കും വികസിക്കുന്നത്. അതുകൊണ്ടുതന്നെ ആ വിഷയവുമായി ബന്ധപ്പെട്ട ആശയങ്ങൾക്കാണ്, എഴുത്തുകാരന്റെ അഭിപ്രായങ്ങൾക്കല്ല പ്രസക്തി. ഉദാഹരണങ്ങളും പിന്തുണാ സൂചകങ്ങളും നല്കണം. ഇവിടെയും വിഷയത്തിന്റെ നാനാവശങ്ങൾ പരിഗണിച്ചുവേണം രചനയിലേർപ്പെടാന്. എന്നാൽ എഴുതുന്ന വിഷയവുമായി ബന്ധപ്പെട്ട് എഴുത്തുകാരന്റെ നിരീക്ഷണങ്ങളുടെ വസ്തുനിഷ്ഠത വളരെ പ്രധാനപ്പെട്ടതാണ്. കാര്യങ്ങളെ യുക്തിപൂർവ്വം അവതരിപ്പിക്കാൻ കഴിയണം. ലേഖനങ്ങൾ, പ്രബന്ധങ്ങൾ, പഠനങ്ങൾ, ഫീച്ചറുകൾ തുടങ്ങിയവ പ്രതിപാദനാത്മക രചനകളുടെ ഗണത്തിൽ ഉൾപ്പെടുത്താവുന്നതാണ്. ഇത്തരം രചനകളുടെ ഭാഷ ഉയർന്ന നിലവാരം പുലർത്തുന്നവയായിരിക്കണം.

ജോസഫ് മുണ്ടശ്ശേരി, 'സാഹിത്യത്തിലെ സ്ത്രീ' എന്ന ലേഖനത്തിൽ പറയുന്നത് ശ്രദ്ധിക്കൂ:

"സ്ത്രീയ്ക്ക് പുരുഷനുമായി ഒത്തുനിന്ന് അവന്റെ വരുതിയ്ക്ക് കീഴിൽ പ്രസവിച്ചും കുട്ടികളെ വളർത്തിയും വേറെ ചില ജോലികൾ ചെയ്തും ജീവിതത്തെ ഉന്തിത്തള്ളി നീക്കി അന്തരിച്ചുപോകുവാനേ ജാതകമുള്ളു. പുരുഷൻ ഭർത്താവാകുമ്പോള് ഭാര്യയാണ് സ്ത്രീ. ആ ശബ്ദങ്ങൾ തന്നെ ജീവിതത്തിൽ അവരുടെ സ്ഥാനങ്ങളെ നിർണയിച്ചിട്ടുണ്ട്. ഭർത്രിയെന്നും ഭാര്യനെന്നും പദങ്ങൾ മറിച്ചിടുവാൻ പുരുഷൻ ഇന്നുവരെ സമ്മ തിച്ചിട്ടില്ല. സ്ത്രീ പതിവ്യതയായിരിക്കണമെന്നും സിദ്ധാന്തമുണ്ട്. എന്നല്ല, പുരുഷൻ മരിച്ചാൽ സഹധർമ്മിണിയായ സ്ത്രീ ചിതയിൽ ചാടി കൂടെ മരിക്കണമെന്നായിരുന്നു നിയമം. ഈ ഉത്തരവാദിത്വങ്ങൾ പുരുഷ പക്ഷത്തേയ്ക്കും വിധിക്കുവാൻ സ്മൃതികാരൻമ്മാര് തയ്യാറായിട്ടില്ല."

ഇത്തരം രചനകളിൽ താൻ അവതരിപ്പിക്കുന്ന ആശയത്തെ കൃത്യമായി സമർത്ഥിക്കുവാന് എഴുത്തുകാരന് സാധിക്കുന്നു. 'ഭർത്താവ് ' ഭരിക്കുന്നവനും 'ഭാര്യ' ഭരിക്കപ്പെടുന്നവളുമാണെന്ന പദാർത്ഥങ്ങള് ഒരു സംസ്കാരത്തിന്റെ തന്നെ പ്രതിഫലനമായി എഴുത്തിൽ നിറഞ്ഞുനിൽക്കുന്നു. കാര്യങ്ങളെ യുക്തിസഹമായി എഴുതുന്നതുകൊണ്ടു തന്നെ വായനക്കാരന് തെല്ലും ശങ്കയോ എതിരഭിപ്രായമോ ഉണ്ടാകുന്നില്ല എന്നതും ഇത്തരം രചനകളെ ശ്രദ്ധേയമാക്കുന്നു.

"1950- ൽ വിശിഷ്ട ആപേക്ഷികതാ സിദ്ധാന്തം അവതരിപ്പിച്ച ശേഷമുള്ള 10 വർഷത്തിനിടെ ഒരു ക്ലർക്ക് എന്ന നിലയിൽനിന്ന് ബർലിന് സർവ്വകലാശാലയിലെ അധ്യാപക പദവിയിലേയ്ക്ക് അദ്ദേഹം ഉയർന്നു. ഗുരുത്വാകർഷണം കൂടി ഉൾക്കൊള്ളതക്കവിധം തന്റെ സിദ്ധാന്തം സാമാന്യവത്കരിക്കുന്നതിനെക്കുറിച്ച് ഈ കാലയളവിലാണ് ചിന്തിച്ചത്. പൊതു ആപേക്ഷികതാ സിദ്ധാന്തത്തിനുവേണ്ടിയുള്ള അധ്വാനം ഐൻസ്റ്റീന്റെ ആരോഗ്യത്തെ ബാധിച്ചു. ഭാര്യയും മക്കളും അകലെയാണെങ്കിലും ബർലിനു സമീപം അദ്ദേഹത്തിന്റെ അകന്ന ബന്ധുവായ എൽസ താമസിക്കുന്നുണ്ടായിരുന്നു. വിവാഹബന്ധം വേർപ്പെടുത്തിയ എൽസയും അവരുടെ രണ്ട് പെൺകുട്ടികളും ഐൻസ്റ്റീന്റെ ജീവിതത്തിൽ തണലായി.അതോടെ മിലേവയുമായി അകന്നു. ഒടുവിൽ വൈമനസ്യത്തോടെ

മിലേവ വിവാഹമോചനത്തിന് സമ്മതിച്ചു."

(കാലം കൂട്ടിരുന്നയാൾ - ജസ്റ്റിൻ ജോസഫ്)

2015 നവംബർ 22 ന് മലയാള മനോരമയിലെ ഞായറാഴ്ച്ചയിൽ വന്ന ഒരു ഫീച്ചറിലെ ഭാഗമാണ് ഇത്. ഐൻസ്റ്റീന്റെ ജീവിതത്തിലെ വസ്തുതകളെ നിരത്തുകയാണ് ഇവിടെ രചയിതാവ് ചെയ്യുന്നത്. അതിനു തെളിവായി വർഷവും പേരുകളുമൊക്കെ കൃത്യമായി പറയുകയും ചെയ്യുന്നു.

വിവരണാത്മകമെന്നും വർണനാത്മകമെന്നും പ്രതിപാദനാത്മകമെന്നും സാഹിത്യരചനകളെ വ്യത്യസ്ത വിഭാഗങ്ങളായി തിരിക്കാമെങ്കിലും രചനകളെ അതിർത്തി നിശ്ചയിച്ച് തരം തിരിക്കുക എളുപ്പമല്ല. എന്നാൽ രചനകളെ വിശകലനം ചെയ്യുമ്പോഴും പഠനം നടത്തുമ്പോഴും ഗവേഷണവിധേയമാക്കുമ്പോഴും ഇത്തരം വിഭജ നങ്ങൾ ആവശ്യമായി വന്നേക്കാം. ഏതൊരു രചനയ്ക്കും സർഗാത്മകത എന്നത് പ്രധാനമാണ്. എഴുത്തുകാരൻ രചനയ്ക്ക് വ്യത്യസ്തമായിട്ടുള്ള രൂപകല്പന സ്വീകരിക്കുന്നുണ്ടെങ്കിലും രചനയുടെ ഭാവതലമാണ് പ്രധാനം. ഭാഷാപഠനത്തിൽ ഈ രണ്ട് തലങ്ങളും വിശകലന വിധേയമാക്കേണ്ടതുണ്ട്. ഇതു കൂടാതെ രചയിതാവിന്റെ സർഗശേഷിയും വിചാരശീലവും ആവിഷ്ക്കാരപാടവവും ഭാഷാപ്രയോഗനൈപുണിയും വിഷയസമീപനവുമെല്ലാം പാഠവിശകലനത്തിൽ പരിഗണിക്കേണ്ടതുണ്ട്. അതുകൊണ്ടാണ് സാഹിത്യരചനകളെ മേൽപ്പറഞ്ഞ പൊതുശീർഷകങ്ങളില് തളച്ചിടാൻ കഴിയാത്തത്.

തുടർന്നു വരുന്ന അധ്യായങ്ങളിൽ ചില രചനാ മേഖലകളെ പരിചയപ്പെടുത്തുകയാണ്. രചനകൾ വിശകലനം ചെയ്യുന്നതിനപ്പുറം സെക്കണ്ടറി തലത്തിലെ കുട്ടികൾക്ക് രചനയിലേർപ്പെടാനുള്ള പരിശീലനമാണ് ഒരുക്കിയിരിക്കുന്നത്. ഒരാശയത്തിലൂന്നി എങ്ങനെ രചന നടത്താം (**Theme based focused writing**), ആശയങ്ങളെ വിമർശനാത്മകമായി എങ്ങനെ അവതരിപ്പിക്കാം (**Critical writing**) ഒരാശയം കാര്യകാരണസഹിതം യുക്തിഭദ്രമായി എങ്ങനെ എഴുതാം (**Argumentative writing**), ആശയത്തെ ഭാവാത്മകമായി എങ്ങനെ വികസിപ്പിക്കാം (**Creative writing**)

എന്നൊക്കെയാണ് ഇവിടെ ചർച്ച ചെയ്യുന്നത്. എഴുത്തിന്റെ ഈ നാല് മേഖലകളിലും സെക്കണ്ടറിതലത്തിലെ കുട്ടികൾ അറിവും പരിശീലനവും നേടേണ്ടതുണ്ട്.

☆ ☆ ☆ ☆

# അധ്യായം 5

# ആശയാധിഷ്ഠിതമായ എഴുത്ത്

## (Theme based focussed writing)

ഒരു ആശയത്തിലൂന്നിയാണ് ഒരാള് എഴുത്തിലേർപ്പെടേണ്ടത്. ഉപന്യാസമായാലും കുറിപ്പുകളായാലും എഴുത്ത് ആരംഭിക്കുന്നതിന് മുമ്പ് തന്നെ എഴുതാൻ പോകുന്ന ആശയ(Theme)ത്തിന്റെ നാനാ വശങ്ങളെക്കുറിച്ച് വ്യക്തമായ ധാരണ നേടേണ്ടതുണ്ട്. അതിനുവേണ്ടി പ്രസ്തുത ആശയത്തിന്റെ വിവിധ മേഖലകളിലൂടെ മനസ് വ്യാപരിക്കുകയും ഏത് മേഖലയിലൂന്നിയാണോ എഴുത്ത് വളരേണ്ടതെന്നും ഉറപ്പിക്കുകയും വേണം. (ഒരു യൂണിറ്റ് അല്ലെങ്കിൽ ഒരു പാഠം അതുമല്ലെങ്കിൽ ഒരു ഖണ്ഡിക ഒരു ആശയത്തിലൂന്നിയായിരിക്കും ചിട്ടപ്പെടുത്തുന്നത്.)

9ാം ക്ലാസ്സിലെ കേരളപാഠാവലിയിലെ ആദ്യ യൂണിറ്റ് നോക്കൂ. 'മനുഷ്യനും പ്രകൃതിയും' എന്ന ആശയത്തിലൂന്നിയാണ് 'വസുധൈവ കുടുംബകം' വികസിക്കുന്നത്. കാളിദാസന്റെ അഭിജ്ഞാന ശാകുന്തളത്തിൽ ശകുന്തളയെയും മുല്ലവല്ലിയെയും താതകണ്വൻ മക്കളായിട്ടാണ് കാണുന്നത്. ശകുന്തളയ്ക്ക് അണിയാനുള്ള ആഭരണങ്ങൾ വനവൃക്ഷങ്ങളാണ് കൊടുക്കുന്നത്. 'സൂര്യകാന്തി' യിലാകട്ടെ മനുഷ്യനുമാത്രമല്ല, പ്രകൃതിയിലെ ഓരോ ജീവജാലങ്ങൾക്കും മനുഷ്യനെപ്പോലെ തന്നെ വികാര ‐ വിചാരങ്ങളുണ്ടെന്ന് കവി പറഞ്ഞുവെക്കുന്നു. ബഷീറിന്റെ 'ഭൂമിയുടെ അവകാശികൾ' എന്ന കഥയിൽ മനുഷ്യനെപ്പോലെ തന്നെ എല്ലാ ജീവജാലങ്ങൾക്കും അവകാശപ്പെട്ടതാണ് ഭൂമി എന്ന മഹത്തായ ചിന്ത മുന്നോട്ടുവെക്കുന്നു. ഇങ്ങനെ ഏതൊരു ആശയമാണോ വിനിമയം ചെയ്യപ്പെടേണ്ടത് അത് ആദ്യം കണ്ടെത്തുകയും ആ ആശയത്തിന്റെ നാനാവശങ്ങൾ വായനക്കാരനിൽ അല്ലെങ്കിൽ പഠിതാവിൽ എത്തിച്ചേരുന്നതിന് ആവശ്യമായ രചനകൾ കൂട്ടിച്ചേർക്കുകയാണ് ചെയ്യുന്നത്.

'കാണക്കാണെ' എന്ന രണ്ടാമത്തെ യൂണിറ്റിൽ വൃദ്ധജനങ്ങൾ

അനുഭവിക്കുന്ന പ്രശ്നങ്ങളാണ് മുഖ്യ ആശയമായി വരുന്നത്. ഈ ഒരാശയത്തിന്റെ വ്യത്യസ്ത തലങ്ങളാണ് ഓരോ പാഠത്തിലൂടെയും മുന്നോട്ടു വയ്ക്കുന്നത്.

ഒന്നാമത്തെ പാഠം ' അങ്ങേ വീട്ടിലേയ്ക്ക് ' എന്ന കവിതയാണല്ലോ. മക്കളുടെ നിലവാരത്തിനും പ്രൗഢിക്കും പ്രായമായവർ ചേരാതെ വരുമ്പോൾ അവരുടെ സംസ്കാരം പഴയ തലമുറയോട് എങ്ങനെ പെരുമാറുന്നു എന്ന് ഈ കവിത വിശദമാക്കുന്നു.

'പാടുപെട്ടുണ്ടാക്കിയ പുഞ്ചിരിയോടാ വൃദ്ധൻ
ചോടുമാറ്റിക്കൊണ്ടേറെ ഭംഗിയിലേവം ചൊല്ലി;
"വഴിതെറ്റുന്നു വയസ്സാവുമ്പോൾ അങ്ങേവീട്ടിൽ -
ക്കയറേണ്ടതാ" ണയാളിറങ്ങി കൂനിക്കൂടി'

തന്റെ നല്ല പ്രായം മുഴുവൻ കൊഞ്ചിച്ചും ചിരിപ്പിച്ചും പഠിപ്പിച്ചും പാകപ്പെടുത്തിയും വളർത്തിയ തന്റെ മകളുടെ മുമ്പിൽ/മരുമകന്റെയും പുഞ്ചിരിക്കാൻ പാടുപെടേണ്ടി വരുന്ന ഒരച്ഛനെയാണ് നമ്മൾ ഇവിടെ കാണുന്നത്. തന്റെ വഴികൾ തെറ്റിപ്പോയി എന്ന കുറ്റബോധവും ആ വൃദ്ധന്റെ വാക്കുകളിൽ നിഴലിക്കുന്നുണ്ട്.

'എഴുപതുകാരുടെ യോഗം' ഇതേ ആശയത്തിന്റെ മറ്റൊരു തലമാണ് ചർച്ച ചെയ്യുന്നത്. വൃദ്ധർ ഇവിടെ തങ്ങളുടെ അവകാശങ്ങളെക്കുറിച്ച് ഉറക്കെ ചിന്തിക്കുന്നു. അവ നേടിയെടുക്കാൻ ഒരു സംഘടന ഉണ്ടാക്കുന്നു. പക്ഷെ, വാർദ്ധക്യത്തിന്റെ ജരാനരകൾ അതിനവരെ പ്രാപ്തരാക്കുന്നില്ല. അതുകൊണ്ട് തന്നെ മക്കളുടെ ജീവിതത്തിനും അവരുടെ ചിന്തകൾക്കും നമ്മൾ താങ്ങായി നിൽക്കണം എന്ന ബോധത്തിലേയ്ക്ക് ആ 'യോഗം' എത്തിച്ചേരുകയാണ് ചെയ്യുന്നത്.

എഴുത്തച്ഛന്റെ 'ദശരഥവിലാപത്തിൽ' പണ്ട് നമ്മൾ - രാജാക്കന്മാർ പോലും വൃദ്ധരോട് എങ്ങനെ പെരുമാറിയിരുന്നു എന്ന് കാണിച്ചു തരികയാണ്. ആ കാട്ടിൽ ആ വൃദ്ധനെ പരിപാലിച്ച് കഴിഞ്ഞിരുന്ന കുമാരനാണ് നമുക്ക് മാതൃക. ഒപ്പം തനിക്ക് പറ്റിയ അബദ്ധം ആരേയുമറിയിക്കാതെ രക്ഷപെടാമായിരുന്ന രാജാവ് അത് ചെയ്യാതെ,

വെള്ളവുമെടുത്ത് കുടിലിലെത്തി അവരുടെ കാല്ക്കൽ വീണ് തെറ്റുകൾ ഏറ്റുപറയുകയാണ്. ഈ മാതൃകയും ഭാരതത്തിന്റെ സംസ്കാരവുമൊക്കെ പുത്തൻ കാലത്ത് ചരിത്രത്തിന്റെ ഭാഗമായിപ്പോയോ എന്ന ചിന്ത വായനക്കാരന്റെ ഹൃദയത്തിലേക്ക് എയ്തിറക്കുകയാണ് എഴുത്തച്ഛൻ ചെയ്യുന്നത്.

'ഒരു ചെറുപുഞ്ചിരി' എം. ടി വാസുദേവൻ നായർ നിർമ്മിച്ച ഒരു സിനിമയുടെ തിരക്കഥയാണ്. നവമാധ്യമമായ സിനിമ പലപ്പോഴും പുത്തൻ തലമുറയുടെ ആഗ്രഹങ്ങൾക്ക് പിറകെ പോകുമ്പോൾ എം.ടി ഇവിടെ 'വൃദ്ധരുടെ പ്രശ്നങ്ങൾ' ചർച്ച ചെയ്യുന്നു. ഈ സിനിമയിൽ വാർദ്ധക്യം ഒരു ഭാരമല്ലെന്നും പരസ്പരം കൈകോർത്ത് നീങ്ങാൻ ഭാഗ്യം ലഭിച്ചാൽ ഏറ്റവും ആഹ്ലാദകരമായ ജീവിതാവസ്ഥയാണ് അതെന്നും പറഞ്ഞ് വെക്കുന്നു. വാർദ്ധക്യം ആസ്വദിക്കാൻ കഴിയണം. അതിന് തുണ വേണം. തങ്ങളെ ആർക്കൊക്കെയോ വേണമെന്ന തോന്നലുണ്ടാകണം. അവരുടെ ഇഷ്ടങ്ങൾക്കും അനിഷ്ടങ്ങൾക്കും വില കല്പിക്കണം. കല്പനകളുടെ വേലിക്കെട്ടുകൾക്കകത്ത് അവരെ ബന്ധിക്കരുത്. ഇത്തരം നല്ല ചിന്തകൾ പങ്കുവെക്കുകയാണ് ഈ സിനിമയും അതിന്റെ തിരക്കഥയും.

നാല് പാഠങ്ങളും ഒരേ ആശയത്തിന്റെ വിവിധ വശങ്ങളെയാണ് ചർച്ചചെയ്യുന്നത് എന്ന് നമ്മൾ കണ്ടുകഴിഞ്ഞു. ഇങ്ങനെ ഒരാശയം ഒരുപാട് മേഖലകളിലൂടെ വികസിപ്പിക്കാന് സാധിക്കും.ഒരു വിഷയത്തെക്കുറിച്ച് എഴുത്തിലേർപ്പെടുന്ന സെക്കണ്ടറി തലത്തിലെ കുട്ടി, എങ്ങനെ ഒരാശയത്തിന്റെ വിവിധ മേഖലകൾ ആ ആശയത്തെ സമ്പന്നമാക്കും എന്ന് തിരിച്ചറിയണം.

നാലാമത്തെ യൂണിറ്റിലെ ആദ്യപാഠം ഗാന്ധിജിയുടെ യന്ത്രത്തെക്കുറിച്ചുള്ള കാഴ്ചപ്പാട് വിശകലനം ചെയ്യുന്ന ലേഖനമാണ്. ഈലേഖനം ആദ്യാവസാനം ഗാന്ധിയൻ ചിന്തകളാണ് അവതരിപ്പിക്കുന്നത്. അതുംയന്ത്രവത്കരണത്തെക്കുറിച്ച്. എന്നാൽ അവയിലെ ഓരോ ഖണ്ഡികയുമെടുത്ത് പരിശോധിച്ചാൽ അവയിലെല്ലാം വ്യത്യസ്ത

ആശയങ്ങളാണെന്ന് കാണാൻ സാധിക്കും. രണ്ടാമത്തെ ഖണ്ഡിക യന്ത്രം

സൃഷ്ടിക്കുന്ന ആത്മീയ അടിമത്തത്തെക്കുറിച്ച് പറയുമ്പോൾ മൂന്നാമത്തെ ഖണ്ഡിക യന്ത്രത്തെപ്പറ്റി ഹിന്ദ് സ്വരാജിൽ പറഞ്ഞവ വിശദമാക്കുന്നു. തുടർന്നു വരുന്ന ഖണ്ഡികകളിൽ യന്ത്രത്തെക്കുറിച്ചുള്ള തന്റെ അഭിപ്രായങ്ങൾ ഗാന്ധിജി ന്യായീകരിക്കുന്നതായി കാണാം. അവയുടെ ദോഷങ്ങള് വിശദമാക്കുന്നത് കാണാം, അതിന്റെ ആത്മീയമായ കാഴ്ചപ്പാട് കാണാം. ഇങ്ങനെ ഒരു പാഠം അല്ലെങ്കിൽ ലേഖനം തന്നെ ഒരാശയത്തിന്റെ വിവിധ തലങ്ങളിലൂടെയാണ് കടന്നു പോകുന്നത്. കരുത്താർന്ന എഴുത്തിന് ആശയത്തിന്റെ നാനാ മുഖങ്ങളെ തിരിച്ചറിയുകയും കൃത്യമായ വിന്യാസം പരിശീലിക്കുകയും വേണം.

ഇതേ ലേഖനത്തിലെ ഒരു ഖണ്ഡിക എടുത്ത് പരിശോധിച്ചു നോക്കാം:

'കൂറ്റൻ യന്ത്രങ്ങളും മില്ലുകളും സ്ഥാപിച്ച് വസ്തുക്കൾ നിർമ്മിച്ചുതുടങ്ങിയാല് ചുരുക്കം ചിലർ ധനികരും അധികാരികളും ആകുന്നുവെന്ന ദോഷത്തിനു പുറമേ രണ്ട് ദോഷങ്ങൾ കൂടിയുണ്ട്. ഗാന്ധിജി അവ രണ്ടും കണ്ടിരിക്കുന്നു. ഒന്ന്, ഉല്പന്നങ്ങൾ ധാരാളമായി രാജ്യങ്ങൾ തമ്മിൽ വിപണികൾക്ക് വേണ്ടിയുള്ള മത്സരം തുടങ്ങും എന്നതാണ്.

യുദ്ധത്തിന്റെ അടുത്ത ചാർച്ചക്കാരനാണ് വിപണി മത്സരം. തന്റെ നിരുപമമായ ശൈലിയിൽ ഗാന്ധിജി ഈ ആപത്തിനെക്കുറിച്ച് പറഞ്ഞത്, അമേരിക്കയുടെ മട്ടിൽ വൻനാടായ ഇന്ത്യ വ്യവസായവത്കൃതമായാൽ ആ നാദിർഷായോ ജെങ്കിസ് ഖാനോ വേണ്ടി വരും വിപണികൾ നേടുന്നതിന് പടയൊരുക്കം ചെയ്യാൻ എന്നാണ്. നാദിർഷകള് ഉണ്ടാക്കുന്ന പരിതസ്ഥിതി അല്ല, കുടിൽ വ്യവസായങ്ങൾ എല്ലാ ഗ്രാമങ്ങളിലും സംഘടിപ്പിക്കുകയും പ്രവർത്തിക്കാന് കഴിവുള്ളവർ പ്രവർത്തിക്കുകയും നാട് സ്വയം സമ്പൂർണ്ണമാകുകയും ചെയ്യുന്ന പരിതസ്ഥിതിയാണ് ഗാന്ധിജി വിഭാവനം ചെയ്യുന്നത്. ..........'

ഇവിടെ 'യന്ത്രത്തിന്റെ ദോഷം' എന്ന ആശയമാണ് അവതരിപ്പിക്കുന്നത്. എന്നാൽ തുടർന്നുള്ള വാചകങ്ങളിൽ വ്യവസായവത്കരണവും അത് സൃഷ്ടിച്ച വിപണി മത്സരവും രാജ്യങ്ങൾ തമ്മിലുള്ള കിടമത്സരവും പറഞ്ഞുവെക്കുന്നു. കൂടാതെ അത്

വരുത്തിവെക്കുന്ന സാമ്പത്തിക അസമത്വത്തെക്കുറിച്ച് വായനക്കാരനെ ചിന്തിപ്പിക്കുന്നു. അമേരിക്കയും ഇന്ത്യയും ഒന്നുപോലെയല്ലെന്ന് സൂചിപ്പിക്കുന്ന ഗാന്ധിജി കമ്പനിവ്യവസായമല്ല, കുടിൽ വ്യവസായമാണ് ഇന്ത്യയ്ക്ക് വേണ്ടതെന്ന് പറയുന്നു. ഇങ്ങനെ ഒരാശയത്തോട് ഒരുപാട് ആശയങ്ങൾ ചേർത്താണ് ഒരു ഖണ്ഡിക എഴുതുന്നത്. അത്തരത്തിൽ ആശയാധിഷ്ഠിതമായ എഴുത്തിലേർപ്പെടുന്നതിനാവശ്യമായ പരിശീലനം സെക്കണ്ടറിതലത്തിലെ കുട്ടിയ്ക്ക് ലഭിക്കേണ്ടതുണ്ട്. ചുരുക്കത്തില് ആശയവും എഴുത്തും തമ്മിൽ അഭേദ്യമായ ബന്ധമുണ്ട്. ജോദി ലിബ്രെട്ടി ( **Jodi Libretti**) പറഞ്ഞതുപോലെ 'ഒരു ലക്ഷ്യത്തോടെ ഒരാശയം ഉൾക്കൊള്ളുമ്പോള് അത് ജീവിതവഴികളെക്കുറിച്ച് ചിന്തിക്കാൻ കുട്ടികളെ പ്രാപ്തരാക്കും എന്ന് മാത്രമല്ല അവർ എന്തായി തീരണം എന്നതിലേക്കുള്ള പ്രോത്സാഹനവുമാകും.'

ഒരാശയം എടുക്കുമ്പോൾ അതിന് ഒരു ലക്ഷ്യം വേണം. അപ്പോൾ അത് ജീവിതത്തെക്കുറിച്ച് ചിന്തിക്കാൻ സഹായിക്കും. ഇത്തരം ചിന്തകൾ ജീവിതത്തിനുതന്നെ ഒരു ലക്ഷ്യബോധമുണ്ടാക്കാൻ സഹായിക്കും.

അഭ്യാസം I

താഴെ തന്നിരിക്കുന്ന ഖണ്ഡിക വായിച്ച് അത് മുന്നോട്ടുവയ്ക്കുന്ന ആശയവും അതിന്റെ ഭിന്ന തലങ്ങളും കണ്ടെത്തി എഴുതുക

**1936** ൽ നിർമ്മിച്ച ഈ സിനിമയുടെ പ്രമേയപരിസരം **1930** കളിൽ അമേരിക്കയെ ഗ്രസിച്ച ഭീകരമായ സാമ്പത്തികമാന്ദ്യവും തകർച്ചയുമാണ്. അതോടെ ലക്ഷക്കണക്കിന് മനുഷ്യരാണ് പെട്ടെന്ന് നിസ്വരായി തെരുവിലാക്കപ്പെട്ടത്. നൂറുകണക്കിന് ഫാക്ടറികൾ പൂട്ടി. തെരുവിൽ തെണ്ടികളും ദരിദ്രരും നിറഞ്ഞു. ഈ അനുഭവങ്ങളാണ് ആധുനിക കാലത്തിന്റെ സാക്ഷ്യമായി സിനിമയിൽ പ്രത്യക്ഷപ്പെട്ടത്. ലാഭത്തെ മാത്രം മുൻനിർത്തി പ്രവർത്തിക്കുന്ന യന്ത്രവത്കൃതമായ ഒരു സാമൂഹിക സാമ്പത്തിക വ്യവസ്ഥയും സമൂഹവും എങ്ങനെയാണ് മനുഷ്യത്വരഹിതമായി തീരുന്നതെന്നും അത് തകർന്നടിയുന്ന തെന്നും ഈ സിനിമ കാട്ടിത്തരുന്നു.

ആശയം - മോഡേൺ ടൈംസ് മുന്നോട്ടു വെക്കുന്ന പ്രമേയം.

ആശയതലങ്ങൾ - അമേരിക്കയിലുണ്ടായ സാമ്പത്തിക മാന്ദ്യം

- ദാരിദ്ര്യം
- തൊഴിലില്ലായ്മ
- യന്ത്രവത്കരണത്തിന്റെ ദോഷം

ഇങ്ങനെ ഒരു ഖണ്ഡികയിലെ ഓരോ വാചകവും ഒരാശയത്തിന്റെ വാഹകരാണെന്നതാണ് ആശയാധിഷ്ഠിതമായ രചനയുടെ പ്രത്യേകതകൾ. ഇത് ആഴത്തിൽ മനസ്സിലാക്കി എഴുത്തിലേർപ്പെടുന്നതിന് നല്ല വായനയും പരിശീലനവും ആവശ്യമാണ്.

അഭ്യാസം II

താഴെ കൊടുത്തിരിക്കുന്ന ഖണ്ഡികയിൽ ഉൾച്ചേർന്നിരിക്കുന്ന ആശയങ്ങൾ കണ്ടെത്തി എഴുതുക

പാണ്ഡവന്മാർക്ക് നിഷ്കണ്ടകമായ രാജ്യാധിപത്യം കൈവന്നു. അഭിമന്യു പുത്രനായി ഒരു വംശാങ്കുരവും, ഒരു വിധം ചത്തുജീവിച്ചുംകൊണ്ട് ജനിച്ചു. ജ്ഞാതിവധ വിഷണ്ണനായ യുധിഷ്ഠിരൻ വ്യാസോപദേശമനുസരിച്ച് പാപപരിഹാരാർത്ഥം അശ്വമേധം യജിപ്പാൻ നിശ്ചയിച്ചു. ഇനിയും രാജാക്കന്മാരെ കടന്നാക്രമിച്ചു ധനം സമ്പാദിച്ചുകൂടാ എന്നു വച്ച് പണ്ട് മരുത്തൻ നിക്ഷേപിച്ചു വെച്ചിരുന്ന ധനമെടുത്താണ് ഒരുക്കം കൂട്ടിയത്. വിധി പ്രകാരം മേധാശ്വത്തെ ഭൂപ്രദക്ഷിണത്തിന് വിട്ടു. വ്യാസനിർദ്ദേശമനുസരിച്ച് അർജ്ജുനനാണ് അശ്വരക്ഷിതാവായി പുറപ്പെട്ടത്. വമ്പിച്ചൊരു ക്ഷത്രഹിംസ കഴിഞ്ഞിരിക്കയാൽ, ഇനി ഈ അശ്വത്തെ തടഞ്ഞേക്കാവുന്ന ക്ഷത്രിയന്മാരെ ഹിംസിക്കാതെതന്നെ വഴിപ്പെടുത്താൻ നോക്കണമെന്നു യുധിഷ്ഠിരൻ അർജ്ജുനനെ ഏല്പിച്ചിരുന്നു.

ആശയങ്ങൾ .........

.........

.........

.........

.........

(ഒരു യാഗത്തിനുള്ള ഒരുക്കം ‌ മഹാഭാരതയുദ്ധം ‌ പാണ്ഡവരുടെ വിജയം ‌ യുദ്ധത്തിൽ ധാരാളം പണം സമ്പാദിച്ചു ‌ നിരവധി ആളുകളെ കൊന്നു ‌ ക്ഷത്രിയ ധർമ്മം )

കൂടുതൽ അഭ്യാസങ്ങൾ പാഠഭാഗത്തു നിന്ന് കണ്ടെത്തി എഴുതാവുന്നതാണ്. അത് ഉയർന്ന നിലവാരത്തില് എഴുത്തിലേർപ്പെടാന് കുട്ടികളെ സഹായിക്കും.)

നിരവധി ആശയതലങ്ങളിലൂടെ സഞ്ചരിച്ച് ഒരാശയത്തെ വികസിപ്പിക്കുന്ന തെങ്ങനെയെന്ന് നോക്കാം.

എന്താണ് ഒരു ആശയം?

വികസിപ്പിക്കാൻ കഴിയുന്ന ഏതൊരു ചിന്തയും ആശയമാണ്. ആഘോഷം, ഒരു വീട്. ഒരു കട, ഒരു വിദ്യാലയം, .. ഒക്കെ ഒരാശയമാണെന്ന് പറയാം. ഒരു ആശയത്തെ വികസിപ്പിക്കുന്നതിന് കൃത്യമായ പരിശീലനം ആവശ്യമാണ്. സെക്കണ്ടറി തലത്തിലെ കുട്ടിയ്ക്ക് ഈ പരിശീലനം കിട്ടുകയും ആശയവികസനം നിഷ് പ്രയാസം സാധിക്കുകയും വേണം.

എങ്ങനെയാണ് ഒരു ആശയത്തെ വികസിപ്പിക്കുന്നത് ?

കുട്ടിയുടെ മനസ്സിലേയ്ക്ക് ഒരാശയം കിട്ടുന്നു. അത് ദാരിദ്ര്യമാണെന്നിരിക്കട്ടെ, ലോകത്തെവിടെയും ദാരിദ്ര്യമുണ്ട്. ഇന്ത്യയിൽ ദാരിദ്ര്യമുണ്ട്. ഒരു പക്ഷെ സ്വന്തം ജീവിതത്തിലും ദാരിദ്ര്യമുണ്ടാവാം. എഴുതാൻ പോകുന്ന ഖണ്ഡികയിൽ എവിടുത്തെ ദാരിദ്ര്യത്തെക്കുറിച്ചാണ്, അതിന്റെ ഏത് അംശത്തെക്കുറിച്ചാണ് ഉൾപ്പെടുത്തേണ്ടതെന്ന് ഉറപ്പിക്കണം.

ഇന്ത്യയിലെ ദാരിദ്ര്യത്തെക്കുറിച്ച്..........

കുട്ടികൾക്കിടയിലെ ദാരിദ്ര്യത്തെക്കുറിച്ച്.........

ഈ ആശയം വികസിപ്പിക്കാൻ അതിനെ മറ്റു വിഷയങ്ങളുമായി ബന്ധിപ്പിക്കാം.

ഉദാ : മലയാള പാഠപുസ്തകത്തിലെ ദാരിദ്ര്യത്തെക്കുറിച്ച് പറയുമ്പോൾ സാമൂഹ്യശാസ്ത്ര പാഠപുസ്തകത്തിൽ ഈ ആശയവുമായി ബന്ധപ്പെട്ട ആശയം വന്നിട്ടുണ്ടെങ്കിൽ അതുമായി ബന്ധിപ്പിക്കാം.

എഴുത്തിലേർപ്പെടുമ്പോള് ഒരു ആശയത്തെ പലരീതിയിൽ

ആവിഷ്കരിക്കാൻ സാധിക്കും. ഉദാഹരണത്തിന് 'എന്റെ വിദ്യാലയ'മാണ് വിഷയമെങ്കില്

- എന്റെ വിദ്യാലയത്തിലെ ആദ്യ ദിനം
- സ്കൂൾ വാർഷികാഘോഷം
- സ്കൂൾ അസംബ്ലിയിലെ പ്രസംഗം
- സ്കൂൾ പഠനയാത്ര

ആശയത്തിന്റെ എത് മേഖല തിരഞ്ഞെടുത്താലും അത് വികസിപ്പിക്കാൻ സ്വീകരിക്കാവുന്ന ചില തന്ത്രങ്ങൾ / വഴികൾ കുട്ടികൾ അറിഞ്ഞിരിക്കണം.

- ആശയവുമായി ബന്ധപ്പെട്ട പ്രചോദനാത്മകമായ മഹദ് വചനങ്ങൾ ഓർക്കാം. ഉദാ: വിദ്യാഭ്യാസത്തെക്കുറിച്ച് ഗാന്ധിജി പറഞ്ഞത്.
- ഇഷ്ടമുള്ള കലാരൂപവുമായി ബന്ധിപ്പിക്കാം

സിനിമ, നാടകം, കഥകളി, ചിത്രം... എതുമാവാം

- ഇഷ്ടപ്പെട്ടതും ആശയബന്ധമുള്ളതുമായ ഒരു ഗാനം കൂടുതൽ ആശയവളർച്ചയ്ക്ക് സഹായിക്കും.
- മുൻ ക്ലാസ്സുകളിലോ മറ്റോ പഠിച്ചതോ, കേട്ടതോ ആയ കഥകളോർക്കാം. അവയിലെ ശ്രദ്ധിക്കപ്പെട്ട ആശയങ്ങളുമായി ബന്ധിപ്പിക്കാം.
- നിങ്ങൾക്കു കിട്ടിയ സമ്മാനങ്ങളോ അവയുടെ പൊതികളോ നല്കിയ ആശയവുമായി ബന്ധിപ്പിക്കാം.
- എഴുതാനുദ്ദേശിക്കുന്ന ആശയത്തോട് ചോദ്യങ്ങൾ ചോദിക്കാം.

ഉദാ : എന്റെ ആദ്യവിദ്യാലയ ദിനം

- എത് സ്കൂളിലാണ് പഠിച്ചത്?
- എത് വർഷമാണ് സ്കൂളിൽ ചേർന്നത്?
- ആരായിരുന്നു ആദ്യത്തെ ടീച്ചർ?
- ആരാണ് സ്കൂളിൽ കൊണ്ടുപോയി വിട്ടത്?
- ആദ്യ ദിവസം ആരുടെ അടുക്കലാണ് ഇരുന്നത്?

ഇങ്ങനെ നിരവധി ചോദ്യങ്ങളിലൂടെയും ആശയത്തെ വികസിപ്പിക്കാം. എതു വിധത്തിലായാലും ഒരു ആശയത്തെ വികസിപ്പിക്കുന്നതിന് നല്ല വായന, അനുഭവ സമ്പത്ത്, നിരീക്ഷണ പാടവം,

അഭിപ്രായപ്രകടന ശേഷി എന്നിവയുണ്ടാകണം. എങ്കിലേ ആശയത്തെ വിവിധ കോണുകളിലൂടെ വീക്ഷിക്കുന്നതിന് സാധിക്കുകയുള്ളു. ഇതിനുള്ള ശേഷി കുട്ടിയ്ക്ക് പ്രൈമറി ക്ലാസ്സുകളിൽ നിന്ന് ലഭിച്ചുതുടങ്ങണം. എങ്കിലേ സെക്കണ്ടറിതലത്തി ലെത്തുമ്പോൾ ഉയർന്ന നിലവാരത്തിലുള്ള എഴുത്തിൽ ഏർപ്പെടാനാകൂ.

അഭ്യാസം 3

'ആഘോഷം' എന്ന ആശയത്തെ വികസിപ്പിച്ചെടുക്കാം. ലോകത്തിൽ എല്ലാ ജനസമൂഹങ്ങളിലും ആഘോഷങ്ങളുണ്ട്. മലയാളികൾക്കും ധാരാളം ആഘോഷങ്ങൾ ഉണ്ടല്ലോ? അവയിലേതെങ്കിലും ഒരാഘോഷത്തെക്കുറിച്ച് ഒരു കുറിപ്പ് തയ്യാറാക്കുക.

'ഓണാഘോഷം' ഒരാശയമായെടുത്ത് കുറിപ്പ് തയ്യാറാക്കുന്നു. ഓണാഘോഷത്തെക്കുറിച്ചാകുമ്പോൾ ഒരുപാട് ചിന്തകൾ നമ്മുടെ മനസ്സിലേക്ക് വരും.

- മാവേലി നാടുവാണീടും കാലം
- അത്തം പത്ത് തിരുവോണം
- പൂക്കളം, പൂ പറിക്കല്, പൂപ്പൊലിപ്പാട്ട്..
- ഓണച്ചമയം
- തൃക്കാക്കരയപ്പൻ
- മഹാബലിയുടെ കഥ
- തിരുവോണ ഘോഷയാത്ര തുടങ്ങി ധാരാളം ആശയങ്ങൾ ലഭിച്ചു.

എഴുതാനുദ്ദേശിക്കുന്ന കുറിപ്പിന്റെ വലിപ്പത്തിനനുസരിച്ച് ആശയങ്ങളുടെ ആഴം അല്ലെങ്കിൽ എണ്ണം നിയന്ത്രിക്കണം. തുടർന്ന് മുമ്പ് സൂചിപ്പിച്ച ഖണ്ഡികനിർമ്മാണത്തിന്റെ രീതികൾ പരിഗണിച്ച് എഴുതിത്തുടങ്ങണം. ആമുഖവാക്യവും, പിൻതുണ വാക്യങ്ങളും, ഉപസംഹാര വാക്യവും ഉൾപ്പെടുത്തിയുള്ള ഒരു ഖണ്ഡിക നിർമ്മിക്കണം.

മുകളിൽ കൊടുത്ത ആശയങ്ങൾ ഉൾപ്പെടുത്തി ഓണാഘോഷത്തെക്കുറിച്ച് ഒരു കുറിപ്പ് തയ്യാറാക്കുക.

" നിങ്ങൾക്ക് മനസ്സിലാകുന്നതു വരെ ആശയങ്ങളെക്കുറിച്ച് നിങ്ങൾക്ക്

ചിന്തിക്കാം" എന്നതാണ് വിൽബാം (Wilbelm) പറഞ്ഞിട്ടുള്ളത്. അതുകൊണ്ട് ഒരാശയത്തെക്കുറിച്ച് ഒരുപാട് ചിന്തിക്കണം. അതിന്റെ നാനാ വശങ്ങളെക്കുറിച്ച് ചിന്തിച്ച്, അതുമായി പൊരുത്തപ്പെടുന്ന ഏതൊരു മുന്നറിവും പ്രയോജനപ്പെടുത്തിയാവണം ഒരാൾ എഴുത്തിലേർപ്പെടേണ്ടത്. ആ മുന്നറിവുകൾ ലഭിക്കുന്നതിനാവശ്യമായ പ്രവർത്തനങ്ങള് സെക്കണ്ടറി തലത്തിലെ കുട്ടികൾക്ക് ലഭിക്കേണ്ടതുണ്ട്.

താഴെ കൊടുത്തിരിക്കുന്ന പ്രവർത്തനങ്ങള് ചെയ്ത് പരിശീലിക്കുക.

അഭ്യാസം 4 കുറിപ്പ് തയ്യാറാക്കുക

-നിങ്ങളുടെ ജന്മദിനാഘോഷം

അഭ്യാസം 5 കുറിപ്പ് തയ്യാറാക്കുക

-സ്ത്രീ പീഡനങ്ങൾ

അഭ്യാസം 6 കുറിപ്പ് തയ്യാറാക്കുക

-ഉയരുന്ന ജലനിരപ്പ്

അഭ്യാസം 7 ലഘു ഉപന്യാസം എഴുതുക

വിഷയം - ചന്ദ്ര പര്യവേഷണം സത്യമോ, മിഥ്യയോ ?

☆ ☆ ☆ ☆

## അഭ്യാസം - 6

## വിമർശനാത്മക രചന (Critical Writing Skill)

ഒരു വിഷയത്തെ വിമർശന ബുദ്ധിയോടെ സമീപിക്കുകയും അതിന്റെ ശരിതെറ്റുകളെ കാര്യകാരണസഹിതം വിലയിരുത്തി അവതരിപ്പിക്കുകയും ചെയ്യുന്നതാണ് വിമർശനാത്മക രചന. ഒരു സാഹിത്യ സൃഷ്ടിയെയോ അല്ലെങ്കിൽ അത് മുന്നോട്ട് വെക്കുന്ന ആശയത്തെയോ അവതരിപ്പിച്ചിരിക്കുന്ന രീതിയെയോ വിമർശനവിധേയമാക്കാം. പൊതു വിഷയങ്ങളെയും വിമർശിക്കാം. വിമർശനാത്മക രചനയിലേർപ്പെന്ന ഒരാൾ ആ വിഷയത്തോട് തനിക്കുള്ള നിലപ്പാട് വ്യക്തമാക്കണം. തന്റെ വാദങ്ങളെ വിശദമാക്കുന്നതിനും വായനക്കാരന് ബോധ്യമാകുന്ന വിധത്തിൽ ഉദാഹരണങ്ങളിലൂടെയും സത്യസന്ധമായ വിവരങ്ങളിലൂടെയും വ്യക്തമാക്കുന്നതിനും സാധിക്കണം. അവയുടെ പിൻബലത്തോടെ തന്റെ നിലപാട് ഉറപ്പിക്കാൻ കഴിയണം. എഴുതുന്ന വ്യക്തിയുടെ അഭിപ്രായങ്ങൾക്കാണ് ഇവിടെ പ്രസക്തി. മറ്റൊരാളുടെ അഭിപ്രായത്തെ ഖണ്ഡിക്കുകയാണ് ഇവിടെ ചെയ്യുന്നത്.ഏതൊരു വിഷയത്തെയും വിശകലനവിധേയമാക്കാം. സാഹിത്യസൃഷ്ടികളുടെ ശരിതെറ്റുകളെ വിശകലനം ചെയ്ത് അവതരിപ്പിക്കുന്ന രീതിയാണ് നിരൂപണം. ഇത് ഒരു വിലയിരുത്തലാണെന്ന് പറയാം. എന്നാൽ വിമർശനാത്മക രചനയിൽ പലപ്പോഴും ആശയങ്ങളോടുള്ള വിയോജിപ്പ് തുറന്ന വതരിപ്പിക്കുകയും അതിനെ ന്യായീകരിക്കുന്നതിനാവശ്യമായ വിവര ങ്ങൾ നിരത്തുകയും ചെയ്യുന്നു. ഇത്തരത്തിൽ അഭിപ്രായങ്ങളെ കാര്യകാരണസഹിതം അവതരിപ്പിക്കുന്നതിനും വിഷയങ്ങളുമായി ബന്ധപ്പെട്ട് സ്വന്തമായ നിലപാടുകൾ രൂപപ്പെടുത്തി രചനയിലേർ പ്പെടുന്നതിനുമുള്ള ശേഷി സെക്കണ്ടറി തലത്തില് തന്നെ കുട്ടികൾ നേടേണ്ടതുണ്ട്.

വിമർശനാത്മക രചന പരിശീലിക്കുന്നതിനുള്ള ചില വഴികൾ നോക്കാം.

താഴെ കൊടുത്തിരിക്കുന്നത് ഒരു വിവരണാത്മക രചനയാണ്

(Descriptive writing)

" അമ്മയ്ക്ക് പരിഭ്രമത്തിന് ഇന്നലെ പ്രത്യേകിച്ച് ഒരു കാര്യം കൂടിയുണ്ടായി. ഒരു കൂട്ടുകാരിക്കുവേണ്ടി മനോരോഗാശുപത്രിയിലെ ഡോക്ടറോട് ചില കാര്യങ്ങൾ ചോദിക്കാൻ ഞങ്ങൾ ഇന്നലെ അവിടെ പോയി. ഡോക്ടർ വാർഡിലായിരുന്നു. അദ്ദേഹത്തെ കണ്ടിട്ട് ഞങ്ങൾ മടങ്ങുമ്പോൾ, നിരനിരയായുള്ള മുറികളിൽ നിന്നുയരുന്ന ബഹളവും പുലമ്പലും ചിരിയും കരച്ചിലുമെല്ലാം കേട്ടുകൊണ്ട് തിടുക്കത്തിൽ പോരുമ്പോൾ, പെട്ടെന്ന് അമ്മേ, അമ്മേ എന്ന് ഉറയ്ക്കെയുള്ള ഒരു വിളി. ഞാൻ ഞെട്ടിത്തെറിച്ചു പോയി.മോനേ നിന്റെ ശബ്ദമായിരുന്നു അത്.! ആ വിളി കേട്ടിടത്തേയ്ക്ക് ഞാൻ ഓടിച്ചെന്നു. അഴികളിൽ പിടിച്ചുകൊണ്ട് ആ കുട്ടി നില്ക്കുന്നു. വെളുത്തു നിവർന്ന ഒരു പതിനെട്ടുകാരൻ.." (സുഗതകുമാരി)

ഇവിടെ എഴുത്തുകാരി താൻ കാണുന്ന സംഗതികളെ അതേപടി എഴുതുകയാണ്. അതു കൊണ്ടുതന്നെ ഇത് ലളിതമാണ്. ഒരു സന്ദർഭത്തെ വികസിപ്പിക്കുന്നു എന്നല്ലാതെ വാദപ്രതിവാദങ്ങളോ ന്യായീകരണമോ ഉന്നയിക്കുന്നില്ല.

താഴെ കൊടുത്തിരിക്കുന്ന ഖണ്ഡിത ശ്രദ്ധിക്കൂ. ഇത് ഒരു വിമർശനാത്മക രചനയാണ് (Critical writing).

"രണ്ടായിരം കൊല്ലത്തെ പഴക്കമുള്ള കൗടല്യന്റെ അർത്ഥശാസ്ത്രത്തില് അന്നോൽപാദനത്തിനു വേണ്ട കൃഷിയെപ്പറ്റി സവിസ്തരം പ്രതിപാദിക്കുന്നുണ്ട്. കൃഷിവൃത്തിയുടെ സാമൂഹികമായ അടിസ്ഥാനവും സ്വഭാവവുമാണ് അതിൽ ആചാര്യൻ സ്വീകരിച്ചി രിക്കുന്നത്. ഇന്ന് വ്യക്തിസ്വാതന്ത്ര്യത്തിന്റെ പേരിൽ നവീന ഭൂനിയമങ്ങളെ എതിർക്കുന്ന സമൂഹവിരുദ്ധന്മാർ അക്കാലത്തെ കാർഷികവ്യവസ്ഥകള് അറിഞ്ഞിരിക്കേണ്ടതാണ്. രാജാവിന്റെ ആധിപത്യത്തിലാണെങ്കിലും അന്ന് ഗ്രാമങ്ങളിൽ ജനസംഘങ്ങളുടെ നേതൃത്വത്തിലുള്ള സ്വതന്ത്രഭരണം നിലവിലുണ്ടായിരുന്നു. കൃതക്ഷേത്രങ്ങൾ - തെളിച്ചെടുത്ത വിളനിലം - എന്നും അകൃത ക്ഷേത്രങ്ങൾ എന്നും കൃഷിസ്ഥലങ്ങളെ രണ്ടായി വിഭജിച്ചിരുന്നു. അകൃതക്ഷേത്രങ്ങളെ, കൃതക്ഷേത്രങ്ങളാക്കുന്നവർക്ക് അവയുടെ അവകാശം

നിയമപ്രകാരം സിദ്ധിക്കും. കൃഷിചെയ്യാത്തവരുടെ ഭൂമി ഒഴിച്ചെടുത്ത് കൃഷിക്കാർക്ക് കൊടുക്കണമെന്നാണ് മറ്റൊരു വ്യവസ്ഥ. കൃഷിക്കായി ഭൂമി ഏറ്റുവാങ്ങിയിട്ട് അതു ചെയ്യാതിരുന്നാൽ നഷ്ടം കൊടുക്കണം." (കുറ്റിപ്പുഴ കൃഷ്ണപിള്ള)

ഇതൊരു ലേഖനത്തിലെ ഖണ്ഡികയാണ്. ഇവിടെ ലേഖകൻ പണ്ട് ഇങ്ങനെയൊക്കെയായിരുന്നു കൃഷിരീതി, കർഷകരോടുള്ള മനോഭാവം എന്നൊക്കെ വിസ്തരിച്ച് പറയാതെ, പ്രാചീനഗ്രന്ഥമായ അർത്ഥശാസ്ത്രത്തില് കൗടല്യൻ ഇങ്ങനെ പറഞ്ഞിരിക്കുന്നു എന്ന് എഴുതുകയാണ്. താൻ പറയാൻ പോകുന്നത് വായനക്കാരന്റെ ചിന്തയിലേക്ക് എത്തിക്കുന്നു. ഒപ്പം ഇന്നുള്ളവരുടെ കൃഷിയോടും കർഷകരോടുമുള്ള കാഴ്ചപ്പാടിനെ വിമർശിക്കുകയും ചെയ്യുന്നു. തുടർന്ന് അന്ന് പാലിച്ചിരുന്ന വ്യവസ്ഥകൾ അക്കമിട്ട് പറയുന്നു. കൂടാതെ രാജഭരണകാലത്തുപോലും ഗ്രാമങ്ങൾക്കുണ്ടായിരുന്ന സ്വയം ഭരണം സൂചിപ്പിക്കുക കൂടി ചെയ്യുന്നതോടെ ഖണ്ഡിക പൂർണമാവുന്നു.

ഇതിൽ നിന്ന് നമുക്ക് എന്തൊക്കെയാണ് മനസ്സിലാകുന്നത്?

- ഒരാശയം ആവിഷകരിക്കുമ്പോൾ അതിന്റെ നാനാവശങ്ങൾ പരിശോധിക്കണം
- ആശയത്തെ അല്ലെങ്കിൽ വിഷയത്തെ വിശകലനം ചെയ്യണം.
- സമാന ആശയങ്ങളുമായി താരതമ്യം ചെയ്യണം.
- ആവശ്യമായ തെളിവുകൾ കണ്ടെത്തണം.
- താൻ എന്ത് പറയുന്നു എന്ന് വായനക്കാരന് മനസ്സിലാകുന്ന രീതിയിൽ അവതരിപ്പിക്കണം.
- ആവശ്യമായ വ്യാഖ്യാനങ്ങൾ നല്കണം.

ചുരുക്കത്തിൽ വിമർശനാത്മകമായ എഴുത്തിലൂടെ വിഷയത്തെ വിശകലനം ചെയ്ത്, ആവശ്യമായ തെളിവുകളോടെ തുറന്ന മനസ്സുമായി നിങ്ങളുടെ സ്വന്തം നിഗമനം അവതരിപ്പിക്കാൻ സാധിക്കണം.അതാണ് വിമർശനം(Criticism). അഥവാ, വിമർശനാത്മകമായ എഴുത്ത് എന്നത്.

പരിശീലനത്തിലേയ്ക്ക് കടക്കാം.ക്ലാസ്സിൽ നമ്മൾ ഒരു വിഷയം അവതരിപ്പിക്കുന്നു.- ചിലചിന്തകൾ നിരത്താം. തുടർന്ന് കുറിപ്പ് തയ്യാറാക്കട്ടെ.

അഭ്യാസം 1

"സ്ഥാനമാനങ്ങൾ ചൊല്ലി കലഹിച്ച്
നാണം കെട്ടു നടക്കുന്നിതു ചിലർ"

- പൂന്താനം (ജ്ഞാനപ്പാന )

– ഇത് പുതിയ കാലത്തിന്റെ ഒരു സാമൂഹ്യ പ്രശ്നമാണോ? നിരൂപണം ചെയ്ത് കുറിപ്പ് തയ്യാറാക്കുക.

ഈ ചോദ്യത്തിന് ക്ലാസ്സിലെ എല്ലാ കുട്ടികളും ഉത്തരം എഴുതി. അതിലൊന്ന് മാതൃകയായെടുക്കാം. ഒമ്പതാം ക്ലാസ്സിലെ എലിസബത്ത് എന്ന കുട്ടി എഴുതിയ കുറിപ്പാണ് താഴെ കൊടുത്തിരിക്കുന്നത്.

'പൂന്താനത്തിന്റെ ഈ വാക്കുകൾക്ക് ഇന്നത്തെ കാലത്ത് വളരെയധികം പ്രസക്തിയുണ്ട്. ഇന്ന് മനുഷ്യർക്ക് സ്ഥാനമാനങ്ങളാണ് വലുത്. സ്ഥാനമാനങ്ങൾക്ക് വേണ്ടി അവർ ആരുടെ ജീവൻ വേണമെങ്കിലും ഹനിക്കാൻ തയ്യാറാണ്. രാഷ്ട്രീയക്കാരുടെ പ്രവർത്തനങ്ങളാണ് ഇതിൽ മുന്നിട്ട് നില്ക്കുന്നത്. ഇന്നത്തെ സമൂഹത്തിൽ അവർ നടത്തുന്ന പ്രവർത്തനങ്ങള് കൂടഴിച്ചുവിട്ടതുപോലെ ആയിരിക്കുകയാണ്. സ്ഥാനമാണ് അവർക്ക് പ്രധാനം. ചുറ്റുമുള്ള സഹജീവികളോട് അവർക്ക് ഒരു കരുണയും ഇല്ലാതായിരിക്കുന്നു. സ്ഥാനമാനങ്ങൾക്ക് വേണ്ടി അവർ കൊള്ളയും കൊലയും നടത്തുകയും അതിനെ പ്രോത്സാഹിപ്പിക്കുകയും ചെയ്യുന്നു. അവർ അവരുടെ പാരമ്പര്യങ്ങളെയും ജീവിതരീതികളെയും അപ്പാടെ മറന്നിരിക്കുന്നു. ഇത്തരം കാര്യങ്ങൾ പല സാമൂഹ്യപ്രശ്നങ്ങൾക്കും കാരണമാകുന്നുണ്ട്. ഇന്ന് മനുഷ്യൻ ജീവിക്കുന്നതുതന്നെ പണമുണ്ടാക്കാനാണ് എന്നൊരവസ്ഥയിലേക്ക് നമ്മുടെ സമൂഹം ചെന്നെത്തിയിരിക്കുന്നു. അതുകൊണ്ടുതന്നെ പൂന്താനത്തിന്റെ ഈ വാക്കുകൾക്ക് ഇന്നത്തെക്കാലത്ത് വളരെയധികം പ്രസക്തിയുണ്ട്.'

ഇവിടെ ഒരാശയത്തെ കേന്ദ്രീകരിച്ചാണ് എഴുത്ത് നടത്തിയിട്ടുള്ളത് എന്നു കാണാം. അത്യാവശ്യം വ്യാഖ്യാനങ്ങളുമുണ്ട്. എന്നാൽ വിഷയത്തെ

വിശകലനം ചെയ്യാനോ വേണ്ട തെളിവുകൾ നിരത്താനോ സാധിക്കുന്നില്ല. സമാന ആശയങ്ങളുമായി താരതമ്യം ചെയ്യാനും കഴിയുന്നില്ല. അതുകൊണ്ട് തന്നെ ഒരു വിവരണത്തി നപ്പുറത്തേയ്ക്ക് ഈ എഴുത്ത് എത്തുന്നില്ല. 'സ്ഥാനമാണ് അവർക്ക് പ്രധാനം' എന്ന് പറയുമ്പോൾ ഒരു ഉദാഹരണമെങ്കിലും കൊടുക്കണം. മറ്റുള്ളവരോട് എങ്ങനെ കരുണ കാണിക്കണമെന്ന് കൂടി എഴുതിയിരുന്നെങ്കിൽ നന്നാകുമായിരുന്നു. പാരമ്പര്യം എന്താണെന്നും അവ കൈവിടുമ്പോൾ എങ്ങനെയാണ് അതൊരു സാമൂഹ്യപ്രശ്നമായി മാറുന്നതെന്നും പറയേണ്ടതായിരുന്നു.

ഇങ്ങനെ വിശകലനം ചെയ്ത് ഒരെഴുത്തിനെ പരിശോധിക്കുമ്പോൾ വിമർശനാത്മകത അതിൽ എത്രമാത്രം ഉണ്ട്/ഇല്ല എന്ന് നമുക്ക് മനസ്സിലാക്കുന്നു.

മറ്റൊരു ഉദാഹരണം പരിശോധിക്കാം

അഭ്യാസം 2

"മാറി നിന്ന് കുറ്റം പറയാതെ അകത്തുകയറി പ്രയോജനപ്പെടുത്തുക എന്ന പ്രായോഗിക സമീപനമായിരിക്കണം ടെലിവിഷനെ സംബന്ധിച്ചും നമുക്കുണ്ടാകേണ്ടത്."

-സെബാസ്റ്റ്യൻ പോളിന്റെ ഈ അഭിപ്രായത്തോട് നിങ്ങൾ യോജിക്കുന്നുണ്ടോ? വിശകലനം ചെയ്ത് പ്രതികരണക്കുറിപ്പ് തയ്യാറാക്കുക.

ഈ ചോദ്യത്തിന് അമൽ എഴുതിയ ഉത്തരം ശ്രദ്ധിക്കൂ.

'പൂർവ്വകാലത്തെ മനുഷ്യർ സ്വന്തം വൈഭവത്തിന്റെ പരിധിയിൽ നിന്നുകൊണ്ടുള്ള വളർച്ചയേ ആർജിച്ചിരുന്നുള്ളു!. എന്നാൽ യന്ത്രങ്ങളുടെയും വിവരസാങ്കേതിക വളർച്ചയുടെയും പാതയിലൂടെ നടന്നപ്പോൾ ഉണ്ടായ നേട്ടങ്ങൾ അവർണ്ണനീയമാണ്. പത്രമാസികകളിൽ നിന്ന് റേഡിയോവിലേയ്ക്കും അവിടെ നിന്ന് ടെലിവിഷനിലേയ്ക്കും പിന്നീട് ഇന്റർനെറ്റിലേയ്ക്കും അറിവ് വ്യാപനം വളർന്നു. എന്നാൽ സാധാരണക്കാരന്റെ ഏറ്റവും വലിയ വിവര സ്വീകരണോപാദിയായി ടെലിവിഷൻ മാറി എന്ന് അതിന്റെ വളർച്ചയും ഇന്നും അവയ്ക്കുള്ള സ്വീകര്യതയും നമുക്ക് വ്യക്തമാക്കി തരുന്നു. ഏതൊരു മാധ്യമത്തിനും

ഗുണവും ദോഷവുമുണ്ട്. നന്മതിന്മകൾ വിവേചിച്ചറിയാൻ കഴിവുള്ളവർ ദോഷങ്ങളുടെ ആഴം തിരയാതെ ഗുണങ്ങളുടെ വ്യാപ്തി കണ്ടറിയണം. കലയും സാഹിത്യവുമെന്നല്ല, ജീവിതത്തിന്റെ എല്ലാ മേഖലകളിലുമുള്ള സംഗതികൾ ഇന്ന് ടെലിവിഷനിലൂടെ നമ്മുടെ മുന്നിലെത്തുന്നു. പ്രേക്ഷകരായ നാം ആവശ്യമായ പരിപാടികൾ തിരഞ്ഞെടുക്കുകയും സാരാംശത്തിലെ നന്മകൾ ഉൾക്കൊള്ളുകയും വേണം. ടെലിവിഷനെ കുറ്റം പറയുന്നവർ ഇന്റർനെറ്റ് ഉപയോഗിച്ച് വഴിതെറ്റുന്ന പുതിയ തലമുറയെക്കുറിച്ച് കൂടി ചിന്തിക്കുന്നത് നന്നായിരിക്കും.'

ഈ ഖണ്ഡികയെ ഒന്ന് വിലയിരുത്തിയാൽ

- ആശയ കേന്ദ്രീകൃതമാണ് - ടെലിവിഷന്റെ നേട്ടങ്ങൾ
- വ്യാഖ്യാനങ്ങളുണ്ട് - പ്രേക്ഷകരെങ്ങനെ ടെലിവിഷനെ പ്രയോജനപ്പെടുത്തണം, ടെലിവിഷന്റെ വിവരവിനിമയ സാധ്യത.
- സമാനാശയങ്ങളുമായി താരതമ്യം - റേഡിയോ, ഇന്റർനെറ്റ് ആദിയായവയുമായുള്ള ബന്ധം.
- വ്യക്തവും ലളിതവുമായ ഭാഷയിൽ ആവിഷ്കരിച്ചിരിക്കുന്നു.
- വിഷയത്തെ വിലയിരുത്തി കാര്യങ്ങൾ അവതരിപ്പിക്കാൻ സാധിച്ചിട്ടുണ്ട്.

- എന്നാൽ, അതുകൊണ്ട് തുടങ്ങിയ പദങ്ങളിലൂടെ അത് വ്യക്തമാണ്.

ഇത്തരത്തിൽ ഏതൊരു വിഷയത്തെക്കുറിച്ചും വിമർശനാ ത്മകമോ വിശകലനാത്മകമോ ആയ രചനയിലേർപ്പെടുമ്പോള് മുമ്പ് സൂചിപ്പിച്ച ഇത്തരം രചനകളുടെ പ്രത്യേകതകളെക്കുറിച്ച് കുട്ടിക്ക് ബോധ്യമുണ്ടാവുകയും അവ പാലിക്കുയും വേണം. പരിശീലനത്തി നുവേണ്ടി ചില പ്രവർത്തനങ്ങള് താഴെ കൊടുക്കുന്നു.

അഭ്യാസം 3

'നമ്മുടെ തിരഞ്ഞെടുപ്പ് പ്രക്രിയ നീതിപൂർവ്വകമാണോ'? വിശകലനം ചെയ്ത് കുറിപ്പ് തയ്യാറാക്കുക.

ഉത്തരമെഴുതുമ്പോൾ ഉൾപ്പെടുത്താവുന്ന കാര്യങ്ങളുടെ ചില സൂചനകൾ നല്കുന്നു.

- ഇന്ത്യ ലോകത്തിലെ ഏറ്റവും വലിയ ജനാധിപത്യ രാഷ്ട്രം - തിരഞ്ഞെടുപ്പിന് രഹസ്യ വോട്ടിംഗ് രീതി - 5 വർഷത്തിലൊരിക്കല് ... തുടങ്ങിയ പൊതുകാര്യങ്ങൾ ഉൾപ്പെടുത്താം.
- തിരഞ്ഞെടുപ്പിൽ സ്ഥാനാർത്ഥികളുടെ ബാഹുല്യം - പണവും പ്രതാപവും പലപ്പോഴും ക്രിമിനൽ പശ്ചാത്തലമുള്ളവരെയും സ്ഥാനാർത്ഥികളാക്കുന്നു.
- മത്സരിച്ചവർതന്നെ വീണ്ടും മത്സരിക്കുന്നു. രാഷ്ട്രീയ പാർട്ടികളുടെ ധൂർത്തും ധിക്കാരവും ബൂത്ത് പിടുത്തവും.
- വിജയിക്കുന്നവർ പലപ്പോഴും ന്യൂനപക്ഷത്തിന്റെ വോട്ടുകൊണ്ട് മാത്രം വിജയിച്ചവർ. വോട്ടു ചെയ്യാത്തവരോ, തോറ്റുപോയവരുടെ അനുയായികളോ ഭൂരിപക്ഷമാകുന്നു.
- രാജ്യത്തിന്റെ സ്വത്ത് ധൂർത്തടിക്കുന്നു.

ഇങ്ങനെ നിങ്ങൾക്ക് ഈ ആശയവുമായി ബന്ധപ്പെട്ട നിരവധി കാര്യങ്ങൾ ഉൾക്കൊള്ളിക്കാം. പക്ഷെ, അവ വ്യാഖ്യാനം ചെയ്ത്, ഉദാഹരണങ്ങളിലൂടെ തെളിവുകളുടെ സഹായത്തോടെ ആർക്കും മനസ്സിലാകുന്ന ഭാഷയിൽ അവതരിപ്പിക്കണം. മറ്റ് ചില ചോദ്യങ്ങൾ കൂടി.

അഭ്യാസം 4

ലോട്ടറിക്കച്ചവടം ഒരു നല്ല രീതിയാണോ? ആശയം വിശകലനം ചെയ്ത് കുറിപ്പ് തയ്യാറാക്കുക.

അഭ്യാസം 5

'സെൽഫോണുകള് അപകടകാരികളാണ്" ഈ പ്രസ്താവനയോട് നിങ്ങൾ യോജിക്കുന്നുണ്ടോ? സ്വന്തം അഭിപ്രായം സ്ഥാപിച്ച് കുറിപ്പ് തയ്യാറാക്കുക.

## അധ്യായം- 7

## യുക്തിചിന്താപരമായ രചന (Argumentative Writing)

തിരഞ്ഞെടുക്കുന്ന ഒരു വിഷയത്തെക്കുറിച്ച് എഴുതുന്ന യാൾ തന്റെ അഭിപ്രായം ശക്തമായി ആവിഷ്കരിക്കുന്നതാണ്

യുക്തിചിന്താപരമായ എഴുത്ത്. ഇവിടെ ആ വിഷയത്തെ ന്യായീകരിക്കുന്ന നിരവധി വാദങ്ങൾ നിരത്തും. തെളിവുകളുടെ അടിസ്ഥാനത്തിൽ താൻ നിരത്തുന്ന കാര്യങ്ങള് പ്രസക്തമാണെന്ന് ബോധ്യപ്പെടുത്താൻ ശ്രമിക്കും. കാര്യകാരണ ബന്ധങ്ങളോടെയുള്ള എഴുത്ത് പ്രഥമദൃഷ്ട്യ വായനക്കാരന് സ്വീകാര്യവും വിശ്വസനീയവുമാകും. കാരണം അത്രമേൽ യുക്തിഭദ്രമായിരിക്കും വിഷയാവതരണം. എത്രമാത്രം ശക്തമായ വാദങ്ങൾ ഉന്നയിക്കുന്നുവോ അത്രമാത്രം എഴുത്തിലെ വിവരങ്ങൾ സ്വീകാര്യമായിരിക്കും. എഴുത്തിന്റെ ഉയർന്ന ശേഷിവികാസം ഇവിടെ ആവശ്യമാണ്. നല്ല പരിശീലനത്തിലൂടെ കടന്നുപോകുന്ന കുട്ടി സെക്കണ്ടറി തലത്തിലെത്തുമ്പോൾ തന്റെ എഴുത്ത് യുക്തിഭദ്രമാക്കി തീർക്കും.

ലേഖന രചനയിലേർപ്പെടുന്ന കുട്ടി തന്റെ ആശയങ്ങൾ യുക്തിചിന്താപരമയി അവതരിപ്പിക്കുന്നതിനുള്ള ചില വഴികളിലൂടെ കടന്നുപോകാം. ആദ്യമായി ഒരു വിഷയം തിരഞ്ഞെടുത്ത്, ആ വിഷയത്തിൽ തന്റെ നിലപാട് ഉറപ്പിക്കണം. ഒരു വിഷയത്തിന് രണ്ട് വശങ്ങളുണ്ടാകും. ഉദാഹരണത്തിന് 'ക്യാമ്പസ് രാഷ്ട്രീയം നിരോധി ക്കേണ്ടതാണോ?' എന്ന വിഷയത്തിൽ നിരോധിക്കണമെന്നും, നിരോധിക്കേണ്ട എന്നും രണ്ട് വശങ്ങളുണ്ട്. ഇതിൽ ഏത് നിലപാടാണ് നിങ്ങൾ സ്വീകരിക്കുന്നതെന്ന് ആദ്യമേ ഉറപ്പിക്കണം. തുടർന്ന് ആ നിലപാട് വ്യക്തമാക്കുന്ന ഒരു വാചകം എഴുതുന്നു: 'ക്യമ്പസ് രാഷ്ട്രീയം നിരോധിക്കേണ്ടതില്ല.' ഇതാണ് നമ്മുടെ വിഷയം. ആ വിഷയത്തെ ന്യായീകരിക്കുന്നതിനാവശ്യമായ വാദങ്ങൾ സ്വരൂപിക്കണം. ഉദ്ധരണികൾ, പഠനവിവരങ്ങൾ, താരതമ്യം, സൂചനകൾ, അന്വേഷണാത്മകപഠനങ്ങൾ തുടങ്ങി നിങ്ങളുടെ വാദങ്ങളെ ശക്തിപ്പെടുത്തുന്ന എന്തും സഹായക വിവരങ്ങളായി സ്വീകരിക്കാം. പക്ഷേ, അവയൊക്കെ പ്രധാന ആശയത്തെ സഹായിക്കുന്നവ മാത്രമായിരിക്കണം.

ഉദാ:-

- ഗാന്ധിജി ഇപ്രകാരം പറഞ്ഞിരിക്കുന്നു:
- എൻസൈക്ലോപീഡികയില് ഇങ്ങനെ കാണുന്നു:
- യുനെസ്കോയുടെ പഠനം കണ്ടെത്തിയത്:

സ്വന്തം ചിന്തയുടെയും കണ്ടെത്തിയ വിവരങ്ങളുടെയും സഹായത്തോടെ ഏറ്റവും സ്വീകാര്യമായ രണ്ടോ, മൂന്നോ കാരണങ്ങൾ നിരത്തിക്കൊണ്ട് ആമുഖരചന നിർവ്വഹിക്കാം. പിന്നീട് അവയായിരിക്കും നിങ്ങളുടെ വാദത്തിന്റെ കേന്ദ്രബിന്ദു. അവയെ വികസിപ്പി ച്ചെടുക്കുന്നതായിരിക്കും നിങ്ങളുടെ ലേഖനം. ഓരോ വാദവും ഊന്നിപ്പറഞ്ഞുകൊണ്ടുവേണം ഓരോ ഖണ്ഡികയും അവസാ നിപ്പിക്കാൻ. ലേഖനത്തിന്റ അവസാനത്തിൽ പറഞ്ഞ കാര്യങ്ങളെ ചുരുക്കി ഊന്നൽ മേഖലയുടെ പ്രധാന്യം ഉറപ്പിച്ച് താൻ പറഞ്ഞ കാര്യങ്ങൾ തികച്ചും ശരിയും യുക്തവും ആർക്കും സ്വീകാര്യവുമാണെന്ന് ആവർത്തിച്ച് വേണം ലേഖനം അവസാനിപ്പിക്കാൻ.

അഭ്യാസം -1

നമുക്കൊരു ഉദാഹരണം നോക്കാം.

വിഷയം : ക്യാമ്പസ് രാഷ്ട്രീയം നിരോധിക്കേണ്ടതില്ല. ആദ്യമായി വിഷയത്തിന്റെ പ്രാധാന്യം ശക്തവും വ്യക്തവുമായി വിളിച്ചോതുന്ന നാലോ അഞ്ചോ വാക്യങ്ങളിൽ ആമുഖമെഴുതാം. അതുവഴി വായനക്കാരന് നിങ്ങൾ ഉന്നയിക്കാൻ പോകുന്ന വിഷയം ആഴത്തിൽ മനസ്സിലാക്കാൻ സാധിക്കും.

എങ്ങനെയായിരിക്കണം ആമുഖം.

'കൗമാര-യൗവ്വനങ്ങളുടെ സംഗമഭൂമിയാണ് കലാലയങ്ങൾ. കൂട്ടായ്മയിലൂടെയും സംഘ പ്രവർത്തനങ്ങളിലൂടെയും എന്തും നേടിയെടുക്കാനാകുമെന്ന് നമ്മുടെ കുട്ടികൾ തിരിച്ചറിയുന്നത് കലാലയ ജീവിതത്തിലൂടെയാണ്. അതിന് ജാതിയുടെയും മതത്തിന്റെയും അതിർവരമ്പുകള് തടസ്സമാവില്ല. സാമൂഹിക ദുരാചാരങ്ങളിലേയ്ക്കും തീവ്രവാദസംഘടനകളിലേയ്ക്കും വഴിതെറ്റിപ്പോയേക്കാവുന്ന ഈ ജീവിത ഘട്ടത്തിൽ, ദേശബോധവും സാമൂഹികപ്രതിബദ്ധതയും വ്യക്തി ബോധത്തിൽ ആഴത്തിൽ പതിയാൻ കലാലയ രാഷ്ട്രീയം അത്യാവശ്യമാണ്. അതുകൊണ്ട് കലാലയങ്ങളിൽ രാഷ്ട്രീയം നിരോധിക്കാൻ പാടില്ല.'

ആദ്യവാചകം ആകർഷകമാകാം. വിഷയത്തിലേക്ക് വായനക്കാരന്റെ ശ്രദ്ധ ക്ഷണിക്കുന്നു. തുടർന്ന് കുട്ടികൾ ഈ പ്രായത്തിൽ

ആർജിക്കേണ്ടതും നേടിയെടുക്കേണ്ടതുമായ ജീവിതമൂല്യങ്ങൾ അവർക്ക് ലഭിക്കുന്നതിന് കലാലയ രാഷ്ട്രീയത്തിന്റെ പ്രസക്തി നിരത്തുന്നു:

കൂട്ടായ്മ

സംഘ പ്രവർത്തനം

ജാതി- മത ചിന്തകൾക്കതീതമായ കാഴ്ചപ്പാട്

ദേശബോധവും സാമൂഹികപ്രതിബന്ധതയും ഉറപ്പാക്കുന്നു.

ഒടുവിൽ അതുകൊണ്ട് കലാലയങ്ങളിൽ രാഷ്ട്രീയം നിരോധിക്കാൻ പാടില്ല എന്ന് സ്വന്തം നിലപാട് പ്രഖ്യാപിക്കുന്നു.

ആമുഖത്തിൽ നിരത്തിയ ആശയങ്ങളാണു ഉപശീർഷക ങ്ങളായി വികസിപ്പിക്കേണ്ടത്.

ഉപശീർഷകങ്ങള് ഇങ്ങനെയാകാം.

1. കൂട്ടായ്മയും സംഘപ്രവർത്തനവും കലാലയ രാഷ്ട്രീയ ത്തിലൂടെ
2. ജാതി- മത ചിന്തകളെ തൂത്തെറിയാൻ കലാലയ രാഷ്ട്രീയം
3. രാഷ്ട്രീയമില്ലാതെ രാഷ്ട്രബോധമുറയ്ക്കില്ല.
4. കലാലയ രാഷ്ട്രീയം വളർത്തുന്നത് സാമൂഹികപ്രതിബന്ധ തയുള്ള ഒരു തലമുറയെ.

ഇങ്ങനെ ആവശ്യമായ ശീർഷകങ്ങളിലേക്ക് നമുക്ക് എത്തിച്ചേരാൻ സാധിക്കും.

ഒരു ഉപശീർഷകം ഒരു ഉപവിഷയത്തെയാണ് വിശദമാ ക്കുന്നത്. ആ വിഷയത്തെ പിൻതുണയ്ക്കുന്നതും ന്യായീകരിക്കു ന്നതുമായ ആശയങ്ങൾ മുമ്പ് സൂചിപ്പിച്ച സഹായക വിവരങ്ങളുടെ കൂടി സഹായത്തോടെ ഈ ശീർഷകത്തിനു കീഴിൽ നിരത്തണം. തുടർന്ന് ഒരോ ശീർഷകവും വിശദീകരിക്കുകയും ഏറ്റവും ശക്തമായ ആശയം അവസാനമായി ചേർക്കുകയും വേണം. ഒന്നിൽനിന്ന് മറ്റൊന്നിലേയ്ക്ക് എന്ന ക്രമത്തിലായിരിക്കണം ആശയങ്ങളുടെ ഒഴുക്ക്. അത് നമ്മുടെ അഭിപ്രായവും കാരണവും തുടർച്ചയായി വരാൻ സഹായിക്കും. ഉദാഹരണത്തിന് ഒന്നാമത്തെ ഉപവിഷയമായ 'കൂട്ടായ്മയും സംഘ പ്രവർത്തനവും കലാലയ

രാഷ്ട്രീയത്തിലൂടെ' എന്ന വിഷയത്തിനു കീഴിൽ അഭിപ്രായങ്ങളും ന്യായങ്ങളും നിരത്തുന്നു എന്നിരിക്കട്ടെ.

കലാലയ രാഷ്ട്രീയം നിരോധിക്കാൻ പാടില്ല എന്നു പറയുമ്പോൾ അതിന്റെ ഒന്നാമത്തെ കാരണം തന്നെ അത് യുവാക്കൾക്കിടയില് കൂട്ടായ്മ വളർത്തും എന്നുള്ളതാണ്.

'അതു ശരിയാ'എന്ന് വായിക്കുന്നവർക്ക് തോന്നണം.

സംഘപ്രവർത്തനങ്ങളില് ഏർപ്പെടുമ്പോഴാണ് ഒരാൾക്ക് മറ്റൊരാളുടെ കഴിവുകളെ അംഗീകരിക്കാൻ സാധിക്കുക.

എന്ന് ഉറപ്പിച്ച് കാര്യങ്ങൾ പറയുവാൻ സാധിക്കും

നമ്മുടെ ദേശീയനേതാക്കന്മാരെ നോക്ക്. അവരിലേറെയും ക്യാമ്പസ് രാഷ്ട്രീയത്തിലൂടെ ദേശീയരാഷ്ട്രീയത്തിലേക്ക് കടന്നു വന്നവരാണ്.

ഉദാഹരണത്തിന്.....

ഇങ്ങനെ നമ്മുടെ അഭിപ്രായങ്ങളെ സാധൂകരിച്ചുവേണം യുക്തിചിന്താപരമായ രചനയിൽ ഏർപ്പെടാന്. ഉപവിഷയങ്ങളൊക്കെ കാര്യകാരണ ബന്ധത്തോടെ വ്യക്തമാക്കേണ്ടതാണ്. ഏറ്റവും സ്വീകര്യമായ വിഷയത്തിന്റെ അവതരണം അവസാനത്തിലേയ്ക്ക് മാറ്റിവെക്കുന്നത് നന്നായിരിക്കും. തുടർന്ന് ഒരു ഉപസംഹാരം കൂടി എഴുതി വേണം ലേഖനം അവസാനിപ്പിക്കാൻ.

യുക്തിഭദ്രമായി അവതരിപ്പിച്ച ഒരു ലേഖനത്തിന് ഉപസംഹാരഖണ്ഡിക എഴുതുമ്പോൾ ചിലകാര്യങ്ങൾ ശ്രദ്ധിക്കേണ്ടതുണ്ട്. ചുരുക്കത്തിൽ, ചുരുക്കിപ്പറഞ്ഞാൽ തുടങ്ങിയ പദങ്ങൾ ഉപയോഗിക്കുന്നത് നന്നായിരിക്കും. ആമുഖത്തിൽ സൂചിപ്പിച്ച അതേ കാര്യങ്ങൾ മറ്റു വാക്കുകളിൽ പുനരാവിഷ്ക്കരിക്കാവുന്നതാണ്. കൂടാതെ പറഞ്ഞ കാര്യങ്ങളുടെ ചുരുക്കമായിരിക്കണം ഉപസംഹാരഖണ്ഡിക. ശക്തവും നൂതനവുമായ ഒരഭിപ്രായപ്രകടന ത്തോടെ ഖണ്ഡിക അവസാനിപ്പിക്കാം.

മുകളിൽ പറഞ്ഞ സൂചനകൾ പ്രയോജനപ്പെടുത്തികൊണ്ട് 'കലാലയ രാഷ്ട്രീയം നിരോധിക്കേണ്ടതില്ല' എന്ന ലേഖനത്തിന് ഒരു ഉപസംഹാരഖണ്ഡിക തയ്യാറാക്കാം.

എങ്ങനെ തയ്യാറാക്കും ?

'ചുരുക്കി പറഞ്ഞാൽ' എന്നു തുടങ്ങാം. തുടർന്ന് വിഷയത്തെ ന്യായീകരിക്കുന്ന ഒരു വാചകം എഴുതുക:

"ക്യാമ്പസ് രാഷ്ട്രീയം നിരോധിച്ചാലുണ്ടാകുന്ന ഭവിഷ്യത്തുക്കളെക്കുറിച്ച് നാം കണ്ടു കഴിഞ്ഞു." പിന്നെ, ഉപവിഷയങ്ങളായി നാം ചേർത്ത ഓരോ ആശയവും വീണ്ടും പറയാം. പക്ഷേ അതേ പദങ്ങളോ വാചകമോ ആവാതിരിക്കുന്നതാണ് നല്ലത്.

ഉദാഹരണത്തിന് ഒന്നാമത്തെ ഉപവിഷയം -

'സൗഹൃദങ്ങളെ വളർത്താനും ഒത്തൊരുമയോടെ പ്രവർത്തിക്കാനും കലാലയ രാഷ്ട്രീയത്തിലൂടെ മാത്രമേ സാധിക്കൂ എന്ന് വ്യക്തമായിക്കഴിഞ്ഞു'-

ഇത്തരമൊരു വാചകമായി മാറ്റിയെഴുതാം. ഇങ്ങനെ മറ്റ് ഉപശീർഷങ്ങളും മാറ്റിയെഴുതുക.

അവസാനമായി ഒരു വാചകം ചേർക്കണം. അത് അഭിപ്രായമോ, പ്രസ്താവനയോ ആവാം. അതായത്, 'വെറും പുസ്തകപുഴുക്കളെയല്ല, പ്രതിബദ്ധതയുള്ള ഒരു തലമുറയെയാണ് നമ്മുടെ കലാലയങ്ങൾ സൃഷ്ടിക്കേണ്ടത്.' എന്നെഴുതി ലേഖനം അവസാനിപ്പിക്കുന്നതിൽ തെറ്റില്ല.

താൻ എഴുതിയതിനെക്കുറിച്ച് വ്യക്തമായ ധാരണയും ഉറച്ചബോധ്യവും ഏതൊരാൾക്കും ഉണ്ടാവണം. നാളെയിത് ചോദ്യം ചെയ്യപ്പെട്ടേക്കാം. അപ്പോഴും അതേ നിലപാടിലുറച്ചു നിൽക്കാന് എഴുത്തുകാരന് സാധിക്കണം.

അഭ്യാസം- 2

ഒരു മാതൃക പരിചയപ്പെടുത്തുകയാണ്. അവ വികസിപ്പിച്ച് ലേഖനം തയ്യാറാക്കുക.

വിഷയം : സ്കൂൾ യൂണിഫോം

നിലപാട് : പൊതു വിദ്യാലയങ്ങളിൽ യൂണിഫോം അത്യാവശ്യമാണ്- കാരണങ്ങൾ കാണിച്ച് ആമുഖം തയ്യാറാക്കുക. (മുമ്പ് പരിചയപ്പെട്ട ലേഖനത്തിലെ ആമുഖം ഓർമ്മയുണ്ടല്ലോ. അതിലുൾക്കൊള്ളിക്കുന്ന

ആശയങ്ങളാണ് ഉപവിഷയങ്ങളായി വരുന്നത്.)

ഉപവിഷയങ്ങൾ :

1. സ്കൂള് യൂണിഫോം ലളിതമായ ജീവിതം നയിക്കാൻ കുട്ടികളെ പ്രാപ്തരാക്കും.

2. വ്യക്തിഗത പ്രവർത്തനങ്ങളിലും സംഘപ്രവർത്തനങ്ങളിലും ഉത്തരവാദിത്വത്തോടെ പ്രവർത്തിക്കാന് യൂണിഫോം കുട്ടികളിൽ സ്വാധീനം ചെലുത്തുന്നു.

3. യൂണിഫോം കുട്ടികൾക്കിടയില് തുല്യതാബോധം സൃഷ്ടിക്കുവാൻ സഹായിക്കുന്നു.

(ഉപവിഷയങ്ങളിൽ നിന്നും ഉപശീർഷകങ്ങള് കണ്ടെത്തേണ്ടതാണ്)

ഓരോ ഉപവിഷയത്തിനും ആവശ്യമായ വിവരങ്ങൾ കാര്യകാരണസഹിതം വിശദീകരിച്ച് എഴുതണം. ഒപ്പം മുമ്പ് നിർദ്ദേശിച്ച പ്രകാരം ഒരു ഉപസംഹാരഖണ്ഡികയും ഉൾപ്പെടുത്തേണ്ടതാണ്.

ഉപസംഹാരം :

'സ്ക്കൂൾ കുട്ടികൾക്ക് യൂണിഫോം നടപ്പാക്കുന്നതുകൊണ്ട് ധാരാളം ഗുണഫലങ്ങളുണ്ടെന്ന് നമുക്ക് മനസ്സിലായി.'

ഉപവിഷയങ്ങളായി സ്വീകരിച്ച ആശയങ്ങളും അഭിപ്രായങ്ങളും ആവർത്തിച്ച് ഒരു പ്രസ്താവനയോടു കൂടി ഉപസംഹാരം അവസാനിപ്പിക്കാം.

ഇനി നിങ്ങൾ ലേഖനം തയ്യാറാക്കൂ. തയ്യാറാക്കിയ ലേഖനം മൂല്യനിർണയത്തിനായി ടീച്ചറെ ഏൽപ്പിക്കുക. മറ്റു കുട്ടികൾ എഴുതിയത് നിങ്ങൾക്കും വിലയിരുത്താവുന്നതാണ്.

അഭ്യാസം- 3

കമ്പ്യൂട്ടറിന്റെ ഉപയോഗവുമായി ബന്ധപ്പെട്ട ഒരു സംവാദത്തിനവതരിപ്പിക്കുന്നതിനായി ഒരു പ്രബന്ധം തയ്യാറാക്കുക.

വിഷയം : നമ്മൾ കമ്പ്യൂട്ടറിനെ അമിതമായി ആശ്രയിക്കുന്നുണ്ടോ ?

നിലപാട് : നമ്മൾ കമ്പ്യൂട്ടറിനെ അമിതമായി ആശ്രയിക്കുന്നു.

ആമുഖം : (ഉപശീർഷകങ്ങളില് ഉൾക്കൊള്ളിച്ചിട്ടുള്ള ആശയങ്ങൾ

പ്രയോജനപ്പെടുത്തി ആമുഖം എഴുതുക.)

ഉപശീർഷകങ്ങള് :

1. കമ്പ്യൂട്ടർ - ഒരു യന്ത്രം
2. ബുദ്ധിയും ഓർമ്മശക്തിയും കമ്പ്യൂട്ടറും
3. കുട്ടികളെ അലസരാക്കുന്നതിൽ മുഖ്യ പങ്കുവഹിക്കുന്നു
4. കമ്പ്യൂട്ടറും കുട്ടികളിലെ മാനസിക ശാരീരിക ആരോഗ്യ പ്രവർത്തനങ്ങളും

ഉപസംഹാരം : കമ്പ്യൂട്ടർ ആവശ്യമാണ്. പക്ഷേ അതിന്റെ അമിത ഉപയോഗം മനുഷ്യരാശിയുടെ വളർച്ചയെ തടസപ്പെടുത്തും. (ആമുഖത്തിൽ ഉൾക്കൊള്ളിച്ച ആശയങ്ങളെ മറ്റു വാക്കുകളിൽ ആവർത്തിച്ച് വിഷയത്തിനനുകൂലമായ ഒരു പ്രസ്താവന കൂടി നൽകി ലേഖനം അവസാനിപ്പിക്കാവുന്നതാണ്.)

ഈ മാതൃക സ്വീകരിച്ചുകൊണ്ട് ഒരു ലഘു പ്രബന്ധം തയ്യാറാക്കി ഗ്രൂപ്പിൽ ചർച്ചചെയ്തു മെച്ചപ്പെടുത്തി ക്ലാസ്സിൽ അവതരിപ്പിക്കുക.

അഭ്യാസം - 4

പുതിയ തലമുറയിലെ കുട്ടികളുടെ പെരുമാറ്റം പഴയ തലമുറയിലെ കുട്ടികളുടെ പെരുമാറ്റത്തെക്കാൾ മോശമായിട്ടുണ്ടോ ?

(ഈ വിഷയം വിശകലനം ചെയ്ത്, ആവശ്യമായ ന്യായവാദങ്ങൾ നിരത്തി, നിങ്ങളുടെ നിലപാട് വ്യക്തമാക്കുന്ന ഒരു പ്രബന്ധം തയ്യാറാക്കുക.)

അഭ്യാസം - 5

'അന്വേഷണ ഉദ്യോഗസ്ഥരുടെ ക്യാമറക്കണ്ണുകൾ നമ്മുടെ സ്വകാര്യതയിലേക്ക് ആണോ എത്തിനോക്കുന്നത്?' ഈ വിഷയത്തിന്റ നാനാവശങ്ങൾ പരിഗണിച്ച് നിങ്ങളുടെ നിലപാട് ന്യായീകരിക്കുന്ന ഒരു ലഘുലേഖനം തയ്യാറാക്കുക.

അഭ്യാസം - 6

ഏതെങ്കിലും ഒരു വിഷയം തിരഞ്ഞെടുത്ത് ആ വിഷയത്തിൽ നിങ്ങളുടെ നിലപാട് ഉറപ്പിച്ച് ആ നിലപാടിന് ആവശ്യമായ ആശയങ്ങളും

കാര്യകാരണങ്ങളും കൂടിച്ചേർത്ത് ലഘുപ്രബന്ധം തയ്യാറാക്കുക.

☆ ☆ ☆ ☆

# അധ്യായം 8

## സർഗാത്മകരചന (Creative writing)

സർഗാത്മകരചന നിർവ്വഹിക്കുക അത്ര എളുപ്പമല്ല. ഒരാൾക്ക് ജന്മനാ ലഭിക്കുന്ന ക്രിയാത്മകശേഷിയുടെ എഴുതാനുള്ള കഴിവിന്റെ പ്രകടനമാണ് സർഗാത്മക രചന. അതായത് കഥകൾ, കവിതകൾ, വിവരണങ്ങൾ പോലുള്ള എഴുത്തുകൾ സർഗാത്മകരചനയില് ഉൾപ്പെടുത്താം. സെക്കണ്ടറി തലത്തിലെ കുട്ടിയോട് എന്താണ് സർഗാത്മകരചന എന്നു പറയുകയാണെങ്കിൽ ഒരാളുടെ സ്വതസിദ്ധമായ ഏതൊരെഴുത്തും സർഗാത്മകമാണ്. എന്നുവെച്ചാൽ, ഭാവനാശേഷിയുപയോഗിച്ച് ഒരാൾ ഏതൊരു രചനയിലേർപ്പെട്ടാലും അത് സർഗാത്മകമാവും. ഒരാളുടെ വർണനാശേഷി, ഒരു കഥാപാത്രത്തെ വികസിപ്പിക്കാനുള്ള കഴിവ്, കാവ്യാത്മക രചന നടത്താനുള്ള പ്രാവീണ്യം ഇവയ്ക്കനുസരിച്ച് രചന വ്യത്യാസപ്പെട്ടിരിക്കും. സർഗാത്മക രചനയിലൂടെ ഒരാൾ തന്റെ ഭാവങ്ങളോ ചിന്തകളോ വികാരങ്ങളോ വ്യത്യസ്തവും ആകർഷകവുമായി ആവിഷ്കരിക്കുക എന്നുള്ളതാണ് വിവരങ്ങൾ നിരത്തുകയോ വായനാക്കാരനെ ബോധവത്കരിക്കുകയോ അല്ല ഇതിന്റെ ലക്ഷ്യം. മറിച്ച് ആസ്വാദനമാണ് സർഗാത്മകരചനയുടെ അടിസ്ഥാന ലക്ഷ്യം. അതിനായി ചില ചിന്തകള് നിരത്തുക, ചിലതിനെക്കുറിച്ചു പറയുക എന്നുള്ളതാണ് എഴുത്തുകാരൻ ചെയ്യുന്നത്.

എല്ലാ എഴുത്തുകളെയും നമുക്ക് പ്രധാനമായും രണ്ടായി തരംതിരിക്കാം. വൈജ്ഞാനികമെന്നും ക്രിയാത്മകമെന്നും. അറിവു പകർന്നു തരുന്ന രചനകളെല്ലാം വൈജ്ഞാനികമാണ്. ഉദാഹരണമായി പഠനങ്ങൾ, ലേഖനങ്ങള്, ഉപന്യാസങ്ങൾ, ജീവചരിത്രം, യാത്രാവിവരണം മുതലായവ. ആസ്വാദനത്തിനു വേണ്ടി എഴുതപ്പെടുന്ന സർഗാത്മക കൃതികളെല്ലാം ക്രിയാത്മകമാണ്. ഉദാഹരണത്തിന് കഥ, കവിത, നോവൽ, നാടകം, തിരക്കഥ തുടങ്ങിയവ. സർഗാത്മക രചനയ്ക്ക് കൃത്യമായ ഘടനയോ മാർഗ്ഗനിർദ്ദേശങ്ങളോ കൊടുക്കുക എളുപ്പമല്ല. കാരണം അവ ഒരാളുടെ

മാനസികവൃത്തിയുടെ ഫലമാണ്. എങ്കിലും കാലാകാലങ്ങളായി തുടർന്നു പോരുന്ന ചില രീതികൾ പരിചയപ്പെടുകയും ആ വഴിയിലൂടെയോ സമാനമായ മറ്റു വഴികളിലൂടെയോ സഞ്ചരിക്കുവാൻ കുട്ടികളെ പ്രാപ്തരാക്കുകയും ചെയ്യുകയാണ് ലക്ഷ്യം. എന്തുതന്നെയായാലും വായനക്കാരന് ആസ്വദിക്കുവാൻ സാധിക്കുന്നവയായിരിക്കണം ക്രിയാത്മക രചനകളെല്ലാം.

സർഗാത്മകരചന പരിശീലിക്കുക അത്ര എളുപ്പമല്ലയെന്നു മുമ്പു സൂചിപ്പിച്ചല്ലോ. അഭിരുചിയുള്ളവർ അതിനുവേണ്ടി ചെയ്യാവുന്ന ഏറ്റവും നല്ല മാർഗ്ഗം അത്തരം കൃതികൾ വായിക്കുക എന്നുള്ളതാണ്. എങ്കിലും പരിശീലന പരിപാടിയിൽ പങ്കെടുക്കുക വഴി കുട്ടിക്ക് തന്റെ എഴുത്ത് കൂടുതൽ ശക്തമാക്കാനും മികച്ച ശൈലി വളർത്താനും സാധിക്കും.

എഴുതുമ്പോൾ രണ്ടു കാര്യങ്ങൾ പ്രധാനമായും ശ്രദ്ധിക്കണം.

1. <u>പറയാതെ പറയുക</u>: എഴുത്തുകാരൻ തന്റെയുള്ളിലുള്ളത് പറഞ്ഞു ഫലിപ്പിക്കാതെ തന്നെ അതെന്താണെന്ന് വായനക്കാരന് അനുഭവവേദ്യമാക്കണം.

ഉദാഹരണം - ' അയാൾക്ക് ദേഷ്യം വന്നു '

ഇതു നേരിട്ടു പറയാതെ 'അയാൾ മുഷ്ടി ചുരുട്ടി സീൽക്കാരത്തോടെ ശ്വസിച്ചു' എന്നെഴുതി ആ ഭാവം കാണിച്ചുകൊടുക്കുകയാണ് വേണ്ടത്. അതായത് 'മഴ പെയ്തു' എന്നു പറയാതെ 'ജല കണങ്ങൾ ഭൂമിയെ തലോടി' എന്ന് ഒരു ചിത്ര രൂപേണ വായനക്കാരന് അനുഭവവേദ്യമാക്കാം.

2. <u>ക്രിയാ വിശേഷണങ്ങൾ ഒഴിവാക്കണം</u>

പ്രവർത്തി എങ്ങനെയെന്നു പറയാതെ പ്രവർത്തിയുടെ ശക്തി എത്രമാത്രം പ്രധാനപ്പെട്ടതാണെന്ന് കാണിക്കണം.

ഉദാഹരണം – 'അയാൾ അവിടേയ്ക്ക് വേഗത്തിൽ ഓടി'

ഇങ്ങനെ പറയുന്നത് സാധാരണ പ്രയോഗമാണ്. എന്നാൽ ' അയാൾ അവിടേക്ക പറന്നു' എന്നായാൽ ആ പ്രവർത്തിക്കു ശക്തി കൂടും. ' അയാൾ ഉറക്കെ അട്ടഹസിച്ചു' എന്നത് 'അയാൾ അലറി ' എന്നെഴുതുമ്പോൾ അയാളുടെ പ്രവർത്തി വായനക്കാരന് അനുഭവിക്കാൻ സാധിക്കും.

ഇവിടെ ആദ്യ വാചകത്തിലെ 'വേഗത്തിൽ ' രണ്ടാമത്തെ വാചകത്തിലെ 'ഉറക്കെ' എന്നിവ ക്രിയാവിശേഷണ പദങ്ങളാണ്. അവയെ ഒഴിവാക്കി ഭാഷയെ ശക്തിപ്പെടുത്തുമ്പോൾ എഴുത്ത് സർഗാത്മകമാകും.

മാതൃക : മഴയുടെ വരവറിയിച്ച് ഇടിമുഴങ്ങി

മഴയുടെ വരവറിയിച്ച് മേഘങ്ങൾ ഗർജ്ജിച്ചു

ഇത്തരത്തില് കാവ്യാത്മകമായി ഏതൊരു വിഷയത്തെയും അവതരിപ്പിക്കുന്നതിനുള്ള ശേഷി സർഗാത്മകരചനയിലേർപ്പെടുന്നയാള് നേടിയെടുക്കണം.

അതിന് താഴെ പറയുന്ന കാര്യങ്ങൾ വളരെ അത്യാവശ്യമാണ്.

- നല്ല പദ സമ്പത്ത്

പദങ്ങളും അവയുടെ പര്യായപദങ്ങളും അറിയണം

- മികച്ച രചനാ ശൈലി

പദവാക്യ ബന്ധകസൂചനകള് പ്രയോജനപ്പെടുത്തി പദബന്ധവും വാക്യബന്ധവും ഉറപ്പിച്ചെഴുതണം

- ഖണ്ഡികാകരണം

ഒരാശയത്തെ ഒരു ഖണ്ഡികയിൽ ഒതുക്കി എഴുതണം.

- വിവരണാത്മകത

വായനക്കാരൻ കാണാനിടയില്ലാത്ത കാര്യങ്ങൾ എഴുത്തുകാരൻ കണ്ടെത്തി വിവരിക്കണം

- വൈകാരിക സർഗാത്മകത എപ്പോഴും ഭാവങ്ങളുമായി (മനോവികാരം) ബന്ധപ്പെട്ടതാകയാൽ എഴുത്ത് വൈകാരികമായിരിക്കണം. വായനക്കാരന് ഇതു തന്റെ അനുഭവമാണെന്ന തോന്നലുളവാക്കാൻ കഴിയണം.

- ചിഹ്നനം

ചിഹ്നങ്ങൾ യഥാസ്ഥാനത്ത് പ്രയോഗിക്കുവാനുള്ള ശേഷി നേടണം .

- ഭാവന വിടരണം

വിദ്യാഭ്യാസത്തിന്റെ പ്രാഥമിക ഘട്ടം മുതലുള്ള ഭാഷാ

പരിചയത്തിലൂടെയും ഭാഷാ പ്രയോഗത്തിലൂടെയുമാണ് ഇവ സിദ്ധിക്കുന്നത്. ഇതിന് നിരന്തരമായ വായന കൂടിയേ തീരൂ. സെക്കണ്ടറി തലത്തിലെത്തുമ്പോഴേക്കും ഭാവന വിടരണം. ഏതൊരു വിഷയത്തെക്കുറിച്ചും ഉയർന്ന് ചിന്തിക്കുവാനും വ്യത്യസ്തമായി ചിന്തിക്കുവാനും കഴിയുക എന്നുള്ളതാണ് ഭാവന.

'പർവ്വതമുകളില് ഉയർന്നു നിൽക്കുന്ന ഒരു സ്ഥലമുണ്ട്. അതിന്റെ പേരാണ് കൈലാസം. പർവ്വത പ്രാന്തത്തിൽ ഭൂമി വിസ്തരിച്ചു കിടക്കുന്നു.'

ഈ പ്രകൃതി സവിശേഷത അനാദികാലം മുതൽ ഭാരതത്തിലെയും ഭാരതത്തിനു പുറത്തെയും സഞ്ചാരികളും എഴുത്തുകാരും കാണുകയും വർണിക്കുകയും ചെയ്തിട്ടുണ്ട്. എന്നാൽ കാളിദാസ മഹാകവിയുടെ ഭാവന അതിന്മേൽ വിടർന്നു. അങ്ങനെ കൈലാസത്തിന് ഒരു അധിപനുണ്ടായി - ശിവൻ (ദേവൻ - ഈശ്വരൻ) പർവ്വതശിഖരത്തെ (ഭൂമിയെ )പാർവ്വതിയായും സങ്കല്പിച്ചു. അവർ തമ്മിൽ പ്രണയിച്ചു, വിവാഹിതരായി, അവർക്ക് മക്കളുണ്ടായി. ഈശ്വരനും ഭൂമിയും ചേർന്നപ്പോള് ഭൂമി അമ്മയായി. ഭൂമിയിലുള്ളതെല്ലാം ഈശ്വരന്റെ സൃഷ്ടിയായി.

ഭാവനയടെ ലോകം വിടർന്ന് വായനക്കാരനെ അതിശയിപ്പിക്കാൻ എഴുത്തുകാരന് സാധിക്കുന്നു. സർഗാത്മകത ഭാവനയിൽ അധിഷ്ഠിതമാണ്.

അഭ്യാസം I

താഴെ തന്നിരിക്കുന്ന ഖണ്ഡിക വായിച്ച് വിശകലനം ചെയ്യുക

'സെൻട്രല് ഗവൺമെന്റ് രാഷ്ട്രീയപ്പെൻഷന് അനുവദിച്ചപ്പോൾ ഒരു പെൻഷന് ബുക്കു തന്നു.

അതാണ് എന്റെ ഇടതുകക്ഷത്തിൽ ഇറുക്കിപ്പിടിച്ചിരിക്കുന്നത്. ലൈൻ ബസ് വന്നപ്പോൾ ഞാനതിൽ കയറി നഗരത്തിൽ ഇറങ്ങി. വെയിലത്തു നടന്ന് സബ്ട്രഷറിയിൽ ചെന്നു. ട്രഷറി പെൻഷൻകാരായ വൃദ്ധകളെയും വൃദ്ധന്മാരെയും കൊണ്ട് നിറഞ്ഞിരിക്കുകയാണ്. രാഷ്ട്രീയ പെൻഷൻകാര് കുറച്ചേയുള്ളു. ചെറുപ്പക്കാരായ സ്കൂൾ അധ്യാപകരുണ്ട്. ശമ്പളത്തിനുള്ള തുക സ്കൂളിലേക്കു വാങ്ങാൻ വന്നിരിക്കുന്നു. ആകെ

ബഹളമാണ്. ബയണറ്റ് ഘടിപ്പിച്ച തോക്കുധാരികളായ പോലീസുകാർ. ട്രഷറിയിൽ പണമടയ്ക്കാൻ വന്നവർ. പെൻഷന് ഫോറത്തിൽ റവന്യൂ സ്റ്റാമ്പൊട്ടിച്ച് ഒപ്പിട്ടു മുദ്രയടിക്കുന്ന ആളുകളുടെ മുമ്പിൽ പെൻഷൻകാരും മറ്റും പൊതിഞ്ഞ് തിങ്ങിക്കൂടി നിൽക്കുന്നു. മുദ്രയടിച്ചു കിട്ടിയാൽ ഒരോട്ടമാണ്. പെൻഷന് ബുക്കും സ്റ്റാമ്പൊട്ടിച്ച് മുദ്രയടിച്ച ഫോറവും കൊടുത്ത് ഒരു തുള പോലുള്ള ജനലിലൂടെ ടോക്കൺ വാങ്ങണം. പക്ഷെ ആളുകൾ കുറച്ചെങ്ങാനുമോ? ക്യൂ നിൽക്കുകയാണ്. നീണ്ടുവളഞ്ഞ ക്യൂവിൽ ഞാനും നിന്നു. ക്യൂ പതുക്കെ പതുക്കെ നീങ്ങി. അപ്പോളൊരു വൃദ്ധൻ അവശതയോടെ ക്യൂവിനടുത്ത് വരാന്തയില് ചുവരു ചാരിയിരുന്നു. ക്യൂവിൽ നിന്ന ഒരാൾ ചോദിച്ചു. "എന്തായി?" "ജീവിതം അവസാനിക്കാറായി" കണ്ണീരോടെ വൃദ്ധൻ പറഞ്ഞു.'

(വൈക്കം മുഹമ്മദ് ബഷീറിന്റെ 'ആനപ്പൂട' എന്ന നോവലിൽ നിന്ന്)

ഇതൊരു വിവരണമാണ്. വൈക്കം മുഹമ്മദ് ബഷീറിന്റെ സ്വന്തം ശൈലിയിലുള്ള വിവരണമാണിത്. എത്ര സൂക്ഷ്മമായിട്ടാണ് അദ്ദേഹം കാഴ്ചകളെ അവതരിപ്പിക്കുന്നത്. പറയുന്ന ആളിന്റെ ചിന്താ പ്രക്രിയ മാത്രമല്ല അയാളുടെ ഹൃദയമിടിപ്പ് പോലും വായനക്കാരന് കേൾക്കാന് സാധിക്കുന്നു. ഇവിടെ അയാൾ ഒരു ട്രഷറിയിലേക്കാണ് ചെല്ലുന്നത്. അവിടെ ജനത്തിരക്കാണ്. ബഷീറാവട്ടെ ഓരോരുത്തരുടെയും ചലനം ഒരു സിനിമാസംവിധായകനേക്കാൾ കൃത്യതയോടെ വരച്ചു വച്ചിരിക്കുന്നു. അതിനു കാരണം അദ്ദേഹത്തിന്റെ നിരീക്ഷണം വളരെ അടുത്ത് നിന്നാണ് എന്നാണ്. ദീർഘദൂര നിരീക്ഷണമാണെങ്കിൽ വ്യക്തതക്കുറവുണ്ടാകും. അതായത് ഒരു കഴുകന്റേതു പോലുള്ള സൂക്ഷ്മ നിരീക്ഷണമാണ് എഴുത്തുകാരനു വേണ്ടത്.

<u>അഭ്യാസം 2</u>

ഒരു കവിതാഭാഗം ശ്രദ്ധിക്കാം

'അമ്മ പറഞ്ഞിനപ്പുറം മറ്റൊന്നു-
മില്ലാതിരുന്നൊരാ പോയ കാലം

മാവേലി നാടു വാണീടും കാലം പാടി
പൂനുള്ളി പോയ പൊന്നോണക്കാലം
ദേവിതൻ കോവിലിൽ, കുഞ്ഞുടുപ്പിട്ട
ഞാനോരോ പടിയെണ്ണി കേറുന്നേരം
കൂപ്പൂക കുഞ്ഞിക്കൈയ്യെങ്കില് കരിവള
കാപ്പാകുമെന്നമ്മ ചൊന്നകാലം
പുസ്തകസഞ്ചിയിൽ കൊച്ചു നെല്ലിക്കയും
പച്ച പുളിയുമൊളിച്ച കാലം
ആരോടുമില്ലാ വഴക്കെന്നു പുഞ്ചിരി-
ച്ചാരോടും കൂടി നടന്നകാലം
അക്കാലം പൂക്കളം തീർത്തതോർക്കുന്നു ഞാൻ
നിശ്ചയമമ്മയോടൊത്തു തന്നെ
മുറ്റത്തിനൈശ്വര്യം ചാർത്തുമാപൂക്കളോ-
ടൊപ്പമെന്നമ്മയും തുമ്പപോലെ
ആകുല ചിന്തകളായിരം കുന്തങ്ങളാ-
ഴത്തിൽ കോർക്കും ശിരസ്സുനീർത്തി
തീരാപ്പകയും തിളക്കുമീ സ്നേഹവും
തീയിട്ടെരിച്ച മനസുയർത്തി
ആരോടും ചേരുവാനാകാതെ, വൈദ്യുത
വീചിപോലാപത്തായ് മാറും കാലം.'

വിജയലക്ഷ്മിയുടെ 'പുതുവർഷം' എന്ന കവിതയിൽ നിന്ന് എടുത്തിട്ടുള്ള വരികളാണ് ഇവ. ബാല്യകൗമാരങ്ങളുടെ വൈകാരികത ആവിഷ്കരിക്കുകയാണ് കവയിത്രി. ബാല്യം മാതൃസ്നേഹം കവിഞ്ഞൊഴുകുന്നതാണ്. 'അമ്മ പറഞ്ഞതിനപ്പുറം മറ്റൊന്നു മില്ലാതിരുന്ന കാലം' എന്നാണ് കവയിത്രി പറയുന്നത്. അമ്മയുടെ കൂടെ അമ്പലത്തിൽ പോയതും ആരോടും വഴക്കില്ലാതെ എല്ലാവരോടും കൂട്ടുകൂടി പൂക്കൾ പറിച്ച് പൂക്കളമിട്ടിരുന്ന ആ കാലത്തെ അമ്മയെക്കുറിച്ചുള്ള ഓർമ്മകളാണ് തനിക്കെല്ലാമെന്ന് കവയിത്രി പറയുന്നു.

എന്നാൽ യൗവ്വനം വളരെ വ്യത്യസ്തമാണ്. ആകുലചിന്തകളും തീരാപകയും തിളയ്ക്കുന്ന സ്നേഹവും ചേർന്ന് മനസ് കത്തിജ്ജ്വലിച്ച കാലം. ആരോടും ചേരാത്ത കാലം.

ബാല്യത്തിന്റെ അനുഭവങ്ങളിൽ നിന്ന് അമ്മയെ ഓർത്തെടുക്കുന്നത് തുമ്പയെപ്പോലെയെന്നാണ്. എല്ലാ വിവരണവും സാധാരണ പോലെ തോന്നുമെങ്കിലും മനസിൽ ആഴത്തിൽ പതിഞ്ഞ ഈശ്വരവിശ്വാസത്തെ സൂചിപ്പിക്കാന് 'കൂപ്പുക കുഞ്ഞിക്കൈയ്യെങ്കിൽ കരിവള കാപ്പാകുമെന്നും' ബാല്യത്തിന്റെ നിഷ്കളങ്കതയെ ധ്വനിപ്പിക്കാൻ 'പുഞ്ചിരിച്ചാരോടും കൂടി നടന്ന കാലം' എന്നും പറഞ്ഞ്. ഒടുവിൽ പൂക്കളുടെ നൈർമ്മല്യമാണ് അമ്മയ്ക്ക് എന്നു പറയുന്നിടത്ത് ബാല്യത്തെക്കുറിച്ച് കവയിത്രി പറഞ്ഞവസാനിപ്പിക്കുന്നു. കാവ്യ രചനയിലെ ഇത്തരം സന്ദർഭങ്ങളാണ് സർഗാത്മകതയെന്നു മനസിലാക്കാം.

ഇനി നമ്മുക്ക് സർഗാത്മക രചനയിലേക്കു കടക്കാം

<u>അഭ്യാസം 3</u>

ഒരു വിഷയം തിരഞ്ഞെടുത്ത് അതിന്റെ നാനാവശങ്ങൾ ചിന്തിച്ച് ഒരു അനുഭവക്കുറിപ്പെഴുതുക

വിഷയം - മഴയനുഭവം

നമുക്കുണ്ടായ ഒരു മഴയനുഭവത്തെക്കുറിച്ചാണ് എഴുതു ന്നത്. മഴയെക്കുറിച്ച് ചിന്തിക്കുമ്പോൾ:-

വിവിധ തരം മഴകൾ

- മഴ പെയ്യുന്ന കാലം
- മഴയുടെ സ്വഭാവം
- മഴ നൽകുന്ന അനുഭവം
- മഴയുടെ വിവിധ ഭാവങ്ങൾ
- ഞാനനുഭവിച്ച ഏറ്റവും നല്ല മഴ

ഇത്തരം ചിന്തകളിലൂടെ കടന്നുപോകുന്നു. നമുക്കുണ്ടായ മഴയനുഭവത്തിന്റെ ചിത്രം മനസിൽ തെളിയുന്നുണ്ടല്ലോ. അവയെ

കോർത്തിണക്കി സർഗാത്മകരചനയുടെ സവിശേഷതകളോടുകൂടി ഒരു മഴയനുഭവക്കുറിപ്പ് തയ്യാറാക്കുക.

അഭ്യാസം 4

താഴെ തന്നിരിക്കുന്ന സൂചനകൾ വികസിപ്പിച്ച് കഥ എഴുതുക

ഉദയപുരം ഗ്രാമം → കൊടിയ വരൾച്ച → ദാരിദ്ര്യം → രാജസഭയിൽ ആലോചന → പരിഹാരമില്ല → അന്യദേശവാസിയായ സന്യാസി → രാജാവിന്റെ കാതിൽ മന്ത്രിച്ചു → സഭ പിരിഞ്ഞു → രാജാവിന്റെ വിളംബരം → ഗ്രാമങ്ങളിൽ നൂറ് നിധി കുംഭങ്ങൾ → ജനങ്ങൾക്ക് സന്തോഷം → ഭൂമി കുഴിക്കുന്നു → ജലം കാണുന്നു → കൃഷി തുടരുന്നു → ദാരിദ്ര്യം മാറുന്നു → ഗ്രാമം വളരുന്നു.

[കഥയ്ക്ക് കൃത്യമായ ഒരു ഘടനയുണ്ട്. വൈകാരികത, ഹ്രസ്വത, ലളിത ഭാഷ, തുടക്കം, വളർച്ച, ഒടുക്കം എല്ലാം കഥാഘടനയുടെ ഭാഗമാണ്. കഥാസന്ദർഭത്തിന് പ്രാധാന്യം കൊടുത്തോ, കഥാ പാത്രത്തിന്റെ സ്വഭാവത്തെ വികസിപ്പിച്ചോ കഥയെഴുതാം. പ്രശസ്തരായ എഴുത്തുകാരുടെ മികച്ച രചനകൾ കണ്ടെത്തി വായിച്ച് കഥയുടെ ഘടന മനസ്സിലാക്കുകയും അവർ സ്വീകരിച്ച ശൈലി പരിചയപ്പെടുകയും ചെയ്യുക എന്നതാണ് കഥാരചനയിലേർപ്പെടാന് താല്പര്യമുള്ളവർക്കുള്ള എളുപ്പ വഴി]

അഭ്യാസം 5

മുകളിൽ കൊടുത്ത സൂചകങ്ങൾ പരിചയപ്പെട്ടു. അവ വികസിപ്പിച്ച് കഥാരചന നടത്തി. ഈ കഥയിലെ പ്രധാന സംഭവങ്ങൾ നടക്കുന്നത് എവിടെയാണ്?

ഗ്രാമം

രാജസദസ്സ്

------

------

സന്ദർഭങ്ങളെ രംഗങ്ങളാക്കി ഈ കഥ ഒരു നാടകമാക്കി മാറ്റിയെഴുതുക.

[നാടകം നടിക്കാനുള്ളതാണ്. സംഭാഷണമാണ് നാടകത്തിന്റെ

ജീവൻ. വേദിയുടെ പരിധിക്കുള്ളിൽ നിന്നു കൊണ്ട് കഥാസന്ദർഭങ്ങളെ വികസിപ്പിക്കുകയും ഭാവാഭിനയത്തിന്റെയും സംഭാഷണങ്ങളുടെയും സഹായത്തോടെ കഥാതന്തുവിനെ പ്രേക്ഷ കരിൽ എത്തിക്കുകയും വേണം. കഥസന്ദർഭം, കഥാപാത്രങ്ങൾ, സംഭാഷണം, പശ്ചാത്തലം ഇവയാണ് നാടകത്തെ സംബന്ധിച്ച് ഏറ്റവും പ്രധാനം. അതുകൊണ്ട് കൂടുതൽ നാടകങ്ങൾ വായിച്ച് നാടകരചനയുടെ തന്ത്രങ്ങളെ തിരിച്ചറിയുക|

<u>അഭ്യാസം 6</u>

ഉദയപുരത്തെ ജനങ്ങൾ നിധിയന്വേഷിച്ച് വലിയ കുഴികൾ കുഴിച്ചു. കുഴികളെല്ലാം കിണറുകളായി മാറി. കിണറുകളിൽ നിന്ന് വെള്ളം കോരി അവർ കൃഷി ചെയ്തു. നെൽപ്പാടങ്ങള് കതിരണിഞ്ഞു. പാടവരമ്പിലൂടെ പറന്നുനടക്കുന്ന മണിക്കുട്ടിയും കൂട്ടുകാരും ഈണത്തിൽ പാടി.

" അങ്ങേ മലയുടെ ചെരുവിൽ ഞാനൊരു
വയലിൻ കുളിരായൊഴുകുന്നു.... "

.......................................................

.......................................................

മണിക്കുട്ടിയും കൂട്ടുകാരും പാടിയ പാട്ട് പൂർത്തിയാക്കുക.

(കാവ്യ രചനയിലേർപ്പെടുന്ന കുട്ടിക്ക് നല്ല ഭാവന ഉണ്ടായിരിക്കണം. മുൻ അനുഭവങ്ങളിൽ നിന്ന് പാടവരമ്പും പൂത്തുലഞ്ഞ നെല്പാടവും അതിന്റെ പരിസരവുമൊക്കെ കാണാൻ പറ്റണം. അവയെ ജീവിത ഗന്ധിയായി അവതരിപ്പിക്കണം. ആശയത്തിന്റെ നിരകളെ ആകർഷകമായി അവതരിപ്പിക്കാന് കഴിയണം. ധ്വന്യാത്മകമാകണം. എല്ലാറ്റിലുമുപരി ഏതൊരു സർഗാത്മക രചനയും പോലെ വൈകാരികമാകണം കവിതയും.)

എഴുതിക്കഴിഞ്ഞ ഒരു രചനയെ മറ്റുള്ളവരുടെ മുമ്പിൽ പ്രകാശിപ്പിക്കുന്നതിനുള്ള ചില മുന്നൊരുക്കങ്ങൾ നടത്തേണ്ടതുണ്ട്. അതിനായി ശ്രദ്ധിക്കേണ്ട ചില കാര്യങ്ങള് ഇവിടെ സൂചിപ്പിക്കുന്നു.

•രചനയെ വീണ്ടും വായിക്കുകയും വാക്യങ്ങൾ കൃത്യമായ ആശയത്തിലൂന്നിയതാണെന്ന് ഉറപ്പുവരുത്തുകയും ചെയ്യുക.

•ആവശ്യമായ ചിഹ്നങ്ങളും. പ്രയോഗങ്ങളും, ശൈലികളും കൊണ്ട് രചനയുടെ ഒഴുക്ക് സുഗമമാണെന്ന് ഉറപ്പുവരുത്തുക.

•അനാവശ്യമായ വിശദീകരണങ്ങൾ ഒഴിവാക്കുക.

•അക്ഷരം, വാക്യം, വ്യാകരണം എന്നിവയിൽ തെറ്റുകളില്ലെന്ന് ഉറപ്പുവരുത്തുക.

•രചനയെ പൂർണമായും വിശകലന വിധേയമാക്കുകയും കുറവുകളൊന്നുമില്ലെന്ന് ഉറപ്പുവരുത്തുകയും ചെയ്താൽ അവ പൊതുജനമധ്യത്തിൽ പ്രകാശിപ്പിക്കാവുന്നതാണ്.